അധികാരം ജനങ്ങൾക്ക്

ജനകീയ ആസൂത്രണ പ്രസ്ഥാനം

ഒമ്പതാം പദ്ധതി

വികസന റിപ്പോർട്ട് – '96



ഏഴിക്കര ഗ്രാമ പഞ്ചായത്ത്
ഏഴിക്കര, എൻ. പറവൂർ

ക്ലാസിക് പ്രിന്റേഴ്സ്, ചെറായി

66-3

ഒമ്പതാം പദ്ധതി
വികസന
റിപ്പോർട്ട് – '96



ഏഴിക്കര ഗ്രാമ പഞ്ചായത്ത്
ഏഴിക്കര, എൻ. പറവൂർ

ജനകീയാസൂത്രണം

ഏഴിക്കര ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട് -'96

ആമുഖം

ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണ് വികസനം. സാമൂഹ്യവും സാംസ്ക്കാരികവും സാമ്പത്തികവുമായ തലങ്ങളും ഇതിനുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ ഉപാധികളും ഇതിനാവശ്യമാണ്. കാർഷിക വ്യാവസായിക മേഖലകളിലെ ഉൽപാദനത്തിനേറെയും സേവനങ്ങളുടേയും ദ്രുതഗതിയിലുള്ള വർദ്ധന കൂടിയേ തീരൂ. ഈ പുരോഗതിയെക്കുട്ടെ സ്ഥിരമായി നിലനിൽക്കുകയും വേണം. ഇതാണ് ജനകീയാസൂത്രണത്തിന്റെ വീക്ഷണം.

നമ്മുടെ രാജ്യത്തു നടപ്പിലാക്കിയ പഞ്ചവൽസര പദ്ധതികളുടെ ആസൂത്രണത്തിലോ നടത്തിപ്പിലോ സാമാന്യ ജനങ്ങൾക്ക് ഒരു പങ്കാളിത്തവും ഉണ്ടായിരുന്നില്ല. എന്നാൽ 9-ാം പഞ്ചവൽസര പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാമാന്യ ജനങ്ങൾക്കും പങ്കാളിത്തമുണ്ടാകണമെന്നും ആസൂത്രണം അടിത്തട്ടിൽ നിന്നും രൂപപ്പെടണമെന്നും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 9-ാം പഞ്ചവൽസര പദ്ധതിയുടെ വിഹിതത്തിൽ 35-40% വരുന്ന തുക ഇങ്ങനെ പൊതുജന പങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിനായി നീക്കിവെയ്ക്കപ്പെട്ടിരിക്കുകയാണ്. ഈ ദൗത്യം സ്തുത്യർഹമായി നിർവ്വഹിക്കപ്പെടുന്നതിന് ജനകീയ മുന്നേറ്റം അനിവാര്യമാണ്.

ഓരോ പ്രദേശത്തിനേറെയും ഭൂപ്രകൃതിയുടെ പ്രത്യേകതകളും ജനങ്ങൾക്കു പരമാവധി പ്രയോജനം ലഭ്യമാകത്തക്കവിധമുള്ള സാദ്ധ്യതകളും ആസൂത്രണത്തിനു പരിഗണിക്കേണ്ടതുണ്ട്. മനുഷ്യ വിഭവശേഷി നിർണ്ണായക ഘടകമായിരിക്കണം. ഇങ്ങനെയുള്ള ഒരു വികേന്ദ്രീകൃത ആസൂത്രണം നമ്മുടെ പഞ്ചായത്തിൽ എങ്ങനെ നടപ്പിലാക്കാമെന്നു ആലോചിക്കേണ്ടതുണ്ട്. ഇന്നു കാണുന്ന ധൂർത്തും അഴിമതിയും നമുക്കു തടയുവാൻ കഴിയണം. കൂട്ടായ പ്രവർത്തനവും സന്നദ്ധ സേവനവുമാണ് ഇതിന് ആവശ്യം.

9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിനുവേണ്ടി ബൃഹത്തായ കർമ്മ പരിപാടികളാണ് സംസ്ഥാന ആസൂത്രണ ബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ജില്ലാതലത്തിലും പ്രാദേശികതലത്തിലും ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുള്ള പരിശീലനങ്ങളും നടന്നു കഴിഞ്ഞു.

ജില്ലാതല പരിശീലനം ആലുവ ഫെല്ലോഷിപ്പ് ഹൗസിൽ സെപ്റ്റംബർ 6 മുതൽ 8 വരെ തീയതികളിൽ നടന്നു. ഏഴിക്കര പഞ്ചായത്തിൽ നിന്നും നിയോഗിച്ച പഞ്ചായത്തംഗങ്ങളായ സർവ്വശ്രീ പി. പി. ഏലിയാസ്, പി. ഗോപി, കെ. വി. രാധാകൃഷ്ണൻ, ശ്രീമതി പത്മകുമാരി, ടി. കെ. ശോഭ എന്നിവരും ജനവിഭ്യാകേന്ദ്രം കൺവീനർ ശ്രീ. കെ. എ. ജോസഫ് മാസ്റ്റർ, പഞ്ചായത്ത് പ്രസിഡണ്ട് കുമാരി പി. എ. ചന്ദ്രിക, ബ്ലോക്ക് പഞ്ചായത്ത് വൈസ്

പ്രസിഡണ്ട് ശ്രീ. കെ. വി. സുകുമാരൻ, താലൂക്ക് തല ഉദ്യോഗസ്ഥനായ ശ്രീ. ആർ. രാജ്മോഹനൻ നായർ എന്നിവർ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. പഞ്ചായത്തിന്റെ സമാപന സമ്മേളനത്തിൽ പഞ്ചായത്തിൽ നടത്തേണ്ട ഭാവിപ്രവർത്തനങ്ങളും നിശ്ചയിക്കുകയും പഞ്ചായത്തുതലത്തിൽ പഞ്ചായത്തു തല പ്രവർത്തകർക്കുള്ള പരിശീലനം സെപ്തം. 12-ാംനു- ഏഴിക്കര ഗവ: എൽ.പി. സ്ക്കൂളിൽ നടത്തണമെന്നും നിശ്ചയിക്കപ്പെട്ടു. അതനുസരിച്ച് 12-ാം തീയതിതന്നെ പഞ്ചായത്തുതല പരിശീലനവും നടത്തപ്പെടുകയുണ്ടായി. ജനകീയ ആസൂത്രണ പ്രസ്ഥാനം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രചരണ പരിപാടികളും സംഘടിപ്പിച്ചു. സെപ്തംബർ 21-നും 22-നും 29-നും 9 വാർഡുകളിലെയും ഗ്രാമസഭകളും സമ്മേളിച്ചു.

തീയതി	വാർഡ്	സമയം	സ്ഥലം
21-9-1996	5	1.30 pm	കടക്കര പുളിയാമ്പിള്ളി ക്ഷേത്ര പരിസരം
,,	7	9.00 am	കൊടാമംഗലം ഗവ: എൽ. പി. സ്ക്കൂൾ
,,	9	1.30 pm	നന്ത്യാട്ടുകുന്നം എൽ. പി. സ്ക്കൂൾ
22-9-1996	4	10.00 am	ഏഴിക്കര ഗവ: എൽ. പി. സ്ക്കൂൾ
,,	2	1.30 pm	പള്ളിയാക്കൽ സർവ്വീസ് സഹ. സംഘം
29-9-1996	6	9.00 am	വാണീവിഹാരം ആഫീസ് ഹാൾ
,,	8	1.30 pm	പെരുമ്പടന്ന കുടുംബി സേവാ സംഘം ആഫീസ്
,,	3	2.00 pm	ഗവ: ഹൈസ്ക്കൂൾ ഏഴിക്കര
,,	1	1.30 pm	പള്ളിയാക്കൽ എൽ. പി. സ്ക്കൂൾ

ഗ്രാമസഭകളിലെ ജനപങ്കാളിത്തം

വാർഡ്	പുരുഷൻമാർ	സ്ത്രീകൾ	ആകെ
5	90	55	145
7	123	49	172
9	59	39	98
4	91	20	111
2	186	44	230
6	91	41	132
8	73	11	84
3	215	72	287
1	122	48	170
ആകെ	1050	379	1429

14-10-1996-ൽ ബ്ലോക്കുപഞ്ചായത്ത് തലത്തിൽ ഓരോ പഞ്ചായത്തിലേയും ഗ്രാമസഭകളുടെ അവലോകനം നടന്നു. 23-10-96 മുതൽ 25-10-96 വരെ പറവൂർ ടൗൺ ഹാളിൽ നടന്ന രണ്ടാംഘട്ട ആസൂത്രണ പരിശീലന ക്യാമ്പിൽ 12 പേർ പങ്കെടുത്തു. ക്യാമ്പിന്റെ അവസാന ദിവസം ഓരോ പഞ്ചായത്തിലും നടത്തേണ്ട വികസന സെമിനാറിനെക്കുറിച്ച് ആലോചിച്ചതിൽ ഏഴിക്കര പഞ്ചായത്തിൽ 17-11-96ൽ വികസന സെമിനാർ നടത്തണമെന്നും അതിനു വേണ്ടി എല്ലാവിധ മുന്നൊരുക്കങ്ങളും സമയബന്ധിതമായി ചെയ്തു തീർക്കണമെന്നും നിശ്ചയിക്കപ്പെട്ടു. പഞ്ചായത്തിൽ ഉടനീളം നടത്തിയ പഠനപര്യടനം ശേഖരിച്ച ദ്വിതീയ സ്ഥിതി വിവരങ്ങളും പ്രായമായവരും പ്രാമാണികൻമാരുമായ വ്യത്തികളുമായി നടത്തിയ മുഖാമുഖം, ആധികാരിക രേഖകളുടെ പരിശോധന എന്നിവയെല്ലാം ഈ റിപ്പോർട്ടുതയ്യാറാക്കുന്നതിനു വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. സർവ്വോപരി ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന വിവിധ ആവശ്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിയിട്ടുമുണ്ട്.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേരിട്ടും അല്ലാതെയും സഹകരിച്ച മുഴുവൻ ആളുകൾക്കും അഭിനന്ദനങ്ങളും അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കട്ടെ.

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

1	പഞ്ചായത്തിന്റെ പേര്	...	ഏഴിക്കര ഗ്രാമ പഞ്ചായത്ത്
2	പഞ്ചായത്ത് ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	...	1 ഏഴിക്കര 2 പറവൂർ (ഭാഗികം) 3 കോട്ടുവള്ളി (ഭാഗികം)
3	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	...	1 ഏഴിക്കര ഡിവിഷൻ (വാർഡുകൾ 1 മുതൽ 6 വരെ) 2 ചിറ്റാറ്റുകര പടിഞ്ഞാറ് (വാർഡുകൾ 7 മുതൽ 8 വരെ) 3 കോട്ടുവള്ളി തെക്ക് (വാർഡ് 9)
4	ബ്ലോക്ക് പഞ്ചായത്ത്	...	പറവൂർ
5	ജില്ലാ പഞ്ചായത്ത് ഡിവിഷൻ	...	ഏലൂർ
6	താലൂക്ക്	...	പറവൂർ
7	ജില്ല	...	എറണാകുളം
8	അസംബ്ലി മണ്ഡലം	...	പറവൂർ
9	പാർലമെൻറ് മണ്ഡലം	...	എറണാകുളം
10	വിസ്തീർണ്ണം	...	15·08 ച.കി.മീ.
11	അതിരുകൾ	...	വടക്ക്: പെരിയാറിന്റെ ശാഖയായ പറവൂർ പുഴയും പറവൂർ മുനിസിപ്പാലിറ്റിയും. തെക്ക്: ചാത്തനാട് വീരൻ പുഴ കായൽ. കിഴക്ക്: കോട്ടുവള്ളി കായൽ, കോട്ടുവള്ളി പഞ്ചായത്ത്, പറവൂർ മുനിസിപ്പാലിറ്റി. പടിഞ്ഞാറ്: കൊടുങ്ങല്ലൂർ കായൽ.
12	ജനസംഖ്യ:		16,864 (1991-ലെ സെൻസസ് പ്രകാരം)
	സ്ത്രീ	...	9023
	പു	...	7841
			പട്ടികജാതി: 4092 (സ്ത്രീ: 2138, പു: 1954) പട്ടികവർഗ്ഗം: 13 (സ്ത്രീ: 6. പു: 7)
13	വാർഡുകളുടെ എണ്ണം	...	ഒൻപത്

14 നിലവിലുള്ള കമ്മറ്റി:

1 കുമാരി പി. എ. ചന്ദ്രിക (പ്രസിഡണ്ട്)
2 ശ്രീ. പി. ഗോപി (വൈസ് പ്രസിഡണ്ട്)
3 ശ്രീമതി ഫിൽസി ജോർജ്
4 ശ്രീ പി. പി. ഏലിയാസ്
5 കുമാരി ടി. കെ. ശോഭ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺ)
6 ശ്രീമതി ശാന്ത ചന്ദ്രശേഖരൻ
7 ശ്രീ. കെ. വി. രാധാകൃഷ്ണൻ
8 ശ്രീ. രമണൻ കുഞ്ഞൻബാവ
9 ശ്രീമതി പി. പത്മകുമാരി

15 സെക്രട്ടറി: ശ്രീ. വി. എ. തോമസ്

ജൻമിമാരുടേയും വകയായിരുന്നു ഭൂമി. ജൻമിത്വത്തിന്റെ തീക്ഷ്ണഫലങ്ങൾ ഭൂരിപക്ഷം ജനങ്ങൾക്കും അനുഭവിക്കേണ്ടിവന്നു. ഭൂവുടമകൾ കൃഷിഭൂമിയിൽ നേരിട്ടു പണി എടുത്തിരുന്നില്ല. തൊഴിലെടുത്തിരുന്നത് കർഷക തൊഴിലാളികളായിരുന്നു. ജാതി അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനമാണുണ്ടായിരുന്നത്. ആചാരാനുഷ്ഠാനങ്ങളിലും ഈ വ്യത്യാസം പ്രകടമായിരുന്നു. തെക്കും വടക്കുമുള്ള ശാസ്താ ക്ഷേത്രങ്ങൾ, ചിറ്റേപ്പനമ്പ് കുടിയാകുളങ്ങര ഭഗവതി ക്ഷേത്രങ്ങൾ എന്നിവ സവർണ്ണ ഹിന്ദുക്കളുടെ ആരാധനാലയങ്ങളായിരുന്നെങ്കിൽ അവർണ്ണ ഹിന്ദുജനങ്ങളുടെ ആരാധനാലയങ്ങൾ കാളികുളങ്ങര, നീണ്ടൂത്തറ, പുളിയാംപിള്ളി, തിയ്യപറമ്പ് തുടങ്ങിയവയായിരുന്നു. ക്ഷേത്രപ്രവേശനത്തോടെ ഇതിനെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്.

ക്രൈസ്തവ ദേവാലയമായി 200 കൊല്ലങ്ങൾക്കുമുമ്പ് വിൻസെന്റ് റഫർ എന്ന വിശുദ്ധന്റെ നാമധേയത്തിൽ കേരളത്തിൽ ആദ്യമായുണ്ടായത് ചാത്തനാട് പള്ളിയാണ്. കെടാമംഗലം സെന്റ് ജോൺ മേരി വിയാനി ചർച്ച്, നെട്ടായിക്കോടം സെന്റ് മേരീസ് ചർച്ച്, 200-ഓളം കൊല്ലത്തെ പഴക്കമുള്ള മുസ്ലീം ദേവാലയമായ കെടാമംഗലം ജുമാ മസ്ജിത്ത് തുടങ്ങിയവ മറ്റു പ്രധാന ആരാധനാലയങ്ങളാണ്. ക്ഷേത്രങ്ങളിൽ എല്ലാവർക്കും ആരാധന നടത്താനും ഭൂവുടമാബന്ധങ്ങളിൽ മാറ്റം വരുത്താനും പ്രവർത്തിച്ചത് സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായും പിന്നീട് രൂപം കൊണ്ട വർഗ്ഗ-ബഹുജന പ്രസ്ഥാനങ്ങളുമാണ്.

സ്വാതന്ത്ര്യ സമര പ്രക്ഷോഭണത്തിന്റെ ഭാഗമായുള്ള സമരങ്ങളിൽ സർവ്വശ്രീ വിജക്കുറുപ്പ് എന്ന പേരിൽ അറിയപ്പെടുന്ന നെല്പാടത്ത് ചന്ദ്രശേഖരക്കുറുപ്പ്, എൻ. ശിവൻപിള്ള Ex MLA, അരുളപ്പൻ, കരുണപ്പൻ, പി.ജി. ഭാസ്കരൻപിള്ള, അവരാച്ചൻ വൈദ്യർ, തലയാംവീട്ടിൽ ദാമോദരൻപിള്ള, അച്ചുതൻപിള്ള, പാവുത്ര പരമനാഭപണിക്കർ, കെ. എം. ജോസഫ് (ജൂസ), മുക്കണ്ണിക്കൽ ജോസഫ്, കാലക്കശേരി പേങ്ങൻ ഉൾപ്പെടെ നിരവധിപേർ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളികളായിരുന്നു. എൻ. ശിവൻപിള്ളയും വിജക്കുറുപ്പും സാമ്രാജ്യാധിപത്യത്തിനു് എതിരേയുള്ള സമരങ്ങൾക്കു പുറമെ ജനാധിപത്യത്തിനും നാടുവാഴിത്തത്തിനും എതിരെയുള്ള പോരാട്ടങ്ങൾക്കു കൂടി നേതൃത്വം കൊടുത്തവരാണ്. സഞ്ചാര സ്വാതന്ത്ര്യത്തിന്റെ ഭാഗമായി നടന്ന പാലിയം സത്യാഗ്രഹവും സമരങ്ങളും തൊഴിലാളി കർഷക ജനങ്ങളിൽ പുതിയ ഉണർവ്വും ആവേശവും സൃഷ്ടിച്ചത് വർഗ ബഹുജന പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ ഉത്തേജനം നല്കി. കർഷകതൊഴിലാളി രംഗത്തു നേതൃത്വം നൽകിയ പരേതരായ ശ്രീ ടി.കെ. കുമാരൻ, എം.കെ. കൃഷ്ണൻ, കൊടിയൻ മാസ്റ്റർ തുടങ്ങിയവരുടെ പേരുകൾ കർഷക തൊഴിലാളികളുടെ ഇടയിൽ ഇന്നും ചർച്ചാവിഷയമാണ്.

ഐക്യകേരളം രൂപംകൊണ്ടതിനു ശേഷം അധികാരത്തിൽ വന്ന സർക്കാർ കൊണ്ടുവന്ന കർഷക ബന്ധ നിയമവും 1969-ലെ ഭൂപരിഷ്കരണ ഭേദഗതി നിയമവും ഭൂവുടമാബന്ധങ്ങളിൽ വന്ന മാറ്റം ഈ പഞ്ചായത്തിലും മാറ്റങ്ങൾ വരുത്തി. പാട്ടകൃഷിക്കാർക്കും കുടികിടപ്പുകാർക്കും സ്വന്തമായി ഭൂമി കിട്ടിയത് ഈ പ്രദേശത്തു വലിയ മാറ്റമാണ് വരുത്തിയത്.

ഭൂമി_പ്രകൃതി വിഭവങ്ങൾ

തെക്ക് ചാത്തനാട് മുതൽ വടക്കോട്ട് ചാത്തനാട്—പെരുമ്പടന്ന റോഡിന്റെ ഇരു ഭാഗങ്ങളിലുമായി തെങ്ങിൻ തോപ്പുകളും പടിഞ്ഞാറും കിഴക്കും പൊക്കാളി പാടശേഖരങ്ങളും നിറഞ്ഞ എട്ട് വാർഡുകളും ആറാം വാർഡിന്റെ കിഴക്കു ഭാഗത്തായി ആമേപ്പറമ്പ് ക്ഷേമോദയം റോഡിന്റെ ഇരു ഭാഗങ്ങളിലുമായി തെങ്ങിൻ തോപ്പുകളും പടിഞ്ഞാറ് പൊക്കാളി പാടശേഖരങ്ങളും ആയി സ്ഥിതിചെയ്യുന്ന ഒരു വാർഡും ഉൾപ്പെടെ ആകെ ഒമ്പത് (9) വാർഡുകൾ ഉൾപ്പെടുന്നതാണ് ഏഴിക്കര പഞ്ചായത്തിന്റെ പൊതു ഭൂ വിഭാഗങ്ങൾ.

ഭൂ പ്രകൃതിയനുസരിച്ച് ഏഴിക്കര പഞ്ചായത്തിനെ

1. തീര സമതലം
2. താഴ്ന്ന പൊക്കാളി പാടങ്ങൾ
3. ചതുപ്പ് നിലങ്ങൾ

എന്നിങ്ങനെ 3 ആയി തരം തിരിക്കാം.

വിസ്തൃതി അനുസരിച്ച് താഴെ കാണുന്ന പട്ടികയിലേതുപോലെ ക്രോഡീകരിക്കാവുന്നതാണ്.

പട്ടിക

മൺതരം	വിസ്തീർണ്ണം	ശതമാനം
1. മണൽ ചെളിയുടെ നേരിയ ചേരുവയുള്ളത്	1185 ഹെക്ടർ (സമതലം)	75
2. താഴ്ന്ന തലം (പൊക്കാളിപാടശേഖരങ്ങൾ)	332 ഹെക്ടർ (നെൽകൃഷി)	20
3. ചതുപ്പും വെള്ളക്കെട്ടും	50 ഹെക്ടർ (ചതുപ്പും വെള്ളക്കെട്ടും)	5

1 തീരസമതലം

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ വരുന്ന ഭൂ വിഭാഗമാണിത്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 75 ശതമാനത്തോളം വരും ഇത്. സമുദ്ര നിരപ്പിൽനിന്നും ഏകദേശം 13 മീറ്റർ ഉയരത്തിലുള്ള സമതലപ്രദേശം പഞ്ചായത്തിന്റെ ഉൽഭവത്തോടൊപ്പം രൂപപ്പെട്ടതാണ്. വിസ്തൃതമായ കുന്നിൻ പ്രദേശങ്ങളോ വനപ്രദേശങ്ങളോ പഞ്ചായത്തിൽ എങ്ങും തന്നെയില്ല. അവിടവിടെ ചില സർപ്പക്കാവുകൾ ഒഴിവാക്കിയാൽ ഏതാണ്ട് ഒരേ നിരപ്പിൽ കിടക്കുന്ന ഭൂ വിഭാഗമാണിത്. ഇടയ്ക്കിടെ നേരിയ ചെളിമയമുള്ള മണലാണ് ഈ പ്രദേശത്ത് കാണപ്പെടുന്നത്. ഈ ഭൂ വിഭാഗത്തിലെ പ്രധാന കൃഷി തെങ്ങാണ്. കൂടാതെ കവുങ്ങ്. മാവ്, പ്ലാവ്, പൂപ്പരത്തി, പുളി, പറങ്കിമാവ്, വാഴ, പപ്പായ, പേര മുതലായ കാഠിന്യം കൂടിയതും കുറഞ്ഞതുമായ ഒട്ടനവധി വൃക്ഷങ്ങൾ ഈ പ്രദേശത്ത് ഇടയ്ക്കിടെ കാണുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ പാർപ്പിട പ്രദേശമായ ഈ ഭൂ വിഭാഗത്ത് ജനങ്ങളുടെ തന്നെ സങ്കുചിത താൽപര്യങ്ങൾ മൂലം മൂടപ്പെട്ട ഊറ്റുറവ് പോകുന്ന തോടുകളുടെ തിരോധാനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളക്കെട്ടും തജ്ജന്യമായ പരിസ്ഥിതി പ്രശ്നങ്ങളും വർഷക്കാലങ്ങളിൽ സൃഷ്ടിക്കുന്നുണ്ട്. മണലും ചെളിയും ചേർന്ന മിശ്രിതമാണ് ഭൂമിയുടെ മേൽത്തട്ട് എന്നതുകൊണ്ട് ജലം കീഴോട്ട് ജല സ്രോതസ്സിലേയ്ക്ക് ഊർന്നിറങ്ങാനുള്ള പ്രയാസവും ചിലയിടങ്ങളിൽ വെള്ളക്കെട്ടിന് ഇടയാക്കു

ന്നുണ്ട്. ഏലൂർ മേഖലയിലെ വൻ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വിശേഷിച്ച് F.A.C.T., T.C.C. എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തു വരുന്ന വിഷവാതകം പഞ്ചായത്തിന്റെ വായു മണ്ഡലം മലിനീകരിക്കുന്നു. കൂടാതെ വ്യവസായ സ്ഥാപനങ്ങളും ഒഴുക്കിവിടുന്ന വിഷാംശം അടങ്ങിയ രാസവസ്തുക്കളും ചേർന്ന് തീർത്തും വിഷമയമായി തീരുന്ന ജലം പഞ്ചായത്തിലെ കായലുകളിൽ ജല മലിനീകരണം സൃഷ്ടിക്കുകയും തൻമൂലം ഈ കായലുകളിലെ മൽസ്യ സമ്പത്തിന് വൻനാശം സംഭവിക്കുകയും ചെയ്യുന്നു. ഇടവിളകളായ വാഴ, മരച്ചീനി എന്നിവ ചിലയിടങ്ങളിൽ നന്നായി ഉണ്ടാകുന്നുണ്ട് എന്ന് ചില പ്രയത്ന ശാലികളും പറയുന്നുണ്ട്. ചില വീടുകളിൽ പച്ചക്കറി തോട്ടങ്ങളും ഉണ്ട്. എന്നാൽ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പുരയിടങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നില്ല. ഇടവിളകളായി കാച്ചിൽ, ചേമ്പ്, ചേന, പയറ്, പച്ചക്കറികളും എന്നിവ പുരയിടങ്ങളിൽ കൃഷി ചെയ്യാവുന്നതാണ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും ഇതിന് തയ്യാറാകുന്നില്ല എന്നവസ്തുതയുണ്ട്. നമ്മുടെ പഞ്ചായത്തിലെ സസ്യാവരണ വിസ്തൃതി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

2 താഴ്ന്ന തലം (പൊക്കാളി പാടശേഖരങ്ങൾ)

പഞ്ചായത്തിന്റെ 9 വാർഡുകളിലും തീര സമതലത്തിന്റെ ഇരു അതിരുകളിലുമായി പൊതു ഭൂ ആവരണത്തിൽനിന്നും ഏകദേശം 1 മീറ്റർ താഴ്ചയിൽ വെള്ളം കയറി ഇറങ്ങുവാൻ സൗകര്യമുള്ള വിവിധ ബണ്ടുകളായി വേർതിരിച്ചിരിക്കുന്ന ഭൂ വിഭാഗമാണ് പൊക്കാളി പാടശേഖരങ്ങൾ. പഞ്ചായത്തിന്റെ മൊത്തം പ്രതല വിസ്തൃതിയുടെ 20 ശതമാനം (ഏകദേശം 332 ഹെക്ടർ) ഈ പ്രദേശമാണ്. പൊക്കാളി നെല്ലിനം എന്ന ഒരു പ്രത്യേക ഇനം നെൽവിത്താണ് ഈ പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നത്. ചെറിയ ഭേദാതിൽ ഓരിനെ അതിജീവിക്കാനുള്ള ജൈവഘടനയുള്ള വിത്തിനമാണിത്. ഏകദേശം 100 ദിവസങ്ങൾകൊണ്ട് വിളവെടുക്കാൻ കഴിയുന്നു. 5 മുതൽ 12 വരെ മേനി വിളവ് ലഭിക്കുന്നതാണ് ഈ വിത്ത്. ഭൂ പരിഷ്കരണ നിയമം വരുന്നതിനുമുമ്പ് ഈ മേഖലയിൽ പാട്ടസമ്പ്രദായം നിലനിന്നിരുന്നു. മൺസൂണിന്റെ ആരംഭത്തോടെയാണ് കൃഷിപ്പണികളും ആരംഭിക്കുന്നത്. ഏകദേശം നാലുമാസക്കാലം കൃഷി ആവശ്യത്തിനായി ഉപയോഗിക്കുന്ന പാടശേഖരങ്ങളും എല്ലാ വർഷങ്ങളിലും നവംബർ 15 മുതൽ ഏപ്രിൽ 15 വരെ വെള്ളത്തിന്റെ കൃഷിക്കായി ഉപയോഗിക്കുന്നു. അങ്ങിനെ വിഭിന്ന സ്വഭാവമുള്ള രണ്ടിനം കൃഷികളും നടത്തുവാൻ ഈ പാടശേഖരങ്ങൾ ഉപയോഗിക്കുന്നു. ഓരോ വിളയും അതിനോട് ബന്ധപ്പെട്ട ഭൂ വിനിയോഗ സങ്കേതങ്ങളും പരസ്പര പൂരകങ്ങളാണ്.

3 വെള്ളക്കെട്ടും ചതുപ്പു നിലവും

ചതുപ്പുനിലത്തിന്റെ നിർവ്വചനത്തിൽ വരുന്ന പ്രദേശങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല എന്നു പറയാം. എന്നാൽ വളരെ നാളുകൾ കൃഷി ചെയ്യാത്തതുമൂലം കളകൾ വളർന്ന് വെള്ളക്കെട്ടായി കിടക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തിന്റെ ചിലയിടങ്ങളിൽ കാണാം. ഇത്തരം പ്രദേശങ്ങളാകെ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 5% (ഏകദേശം 50 ഹെക്ടർ) മാത്രമേ വരൂ. പ്രസ്തുത പ്രദേശങ്ങൾപോലും കൃഷിയോഗ്യമാക്കുവാൻ ഉതകുന്നവയാണ്.

ജനപ്രകൃതി

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിൽ 9023 പുരുഷൻമാരും 7841 സ്ത്രീകളുമുൾപ്പെടെ മൊത്തം 16864 ജനങ്ങൾ ഉണ്ട്. നിരക്ഷരുടെ എണ്ണം ഈ പഞ്ചായത്തിൽ തുലോം കുറവാണ്. ഏകദേശം 20% ആളുകളും SSLC പാസായവരാണ്. SSLC വരെ പഠിച്ചവർ ഏകദേശം 60% പേർ വരും. ഏകദേശം 10% ബിരുദധാരികളും കുറച്ച് ബിരുദാനന്തര ബിരുദധാരികളും ചില പ്രൊഫഷണൽ ബിരുദധാരികളും സാങ്കേതിക ജ്ഞാനമുള്ള ചിലരും ചേരുന്നതാണ് പഞ്ചായത്തിന്റെ ജനപ്രകൃതി. ഈ പഞ്ചായത്തിലെ ജനവിഭവശേഷിയിൽ നല്ലൊരു ശതമാനം ഇനിയും വിനിയോഗിക്കപ്പെടാതെ കിടക്കുന്നു. വികസനരംഗം അഭിമുഖീകരിക്കുന്ന

വെല്ലുവിളികളെ അതിജീവിക്കുവാൻ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന മനുഷ്യവിഭവ സമ്പത്ത് പ്രയോജനപ്പെടുത്താവുന്നതാണ്.

തൊഴിൽ മേഖലകൾ

പഞ്ചായത്തിലെ ജനങ്ങളും താഴെ പറയുന്ന വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

1 മൽസ്യബന്ധനവും സംസ്കരണവും വിൽപനയും
2 കാർഷികജോലി
3 തെങ്ങുകയറ്റം
4 കൂലിവേല
5 കച്ചവടം
6 സർക്കാർ ജീവനം
7 കമ്പനി ജോലി

ജലവിഭവങ്ങൾ

തെക്ക് ചാത്തനാട് വീരൻ പുഴ കായലും വടക്ക് പെരിയാറിന്റെ ഭാഗമായ പറവൂർ പുഴയും പടിഞ്ഞാറ് കൊടുങ്ങല്ലൂർ കായലും കിഴക്ക് കോട്ടുവള്ളി കായലുമാണ് പഞ്ചായത്ത് അതിർത്തിയിലെ വലിയ പുഴകൾ. പത്തൻതോട്, ആമ്പത്തോട്, കരിയത്തോട്, കുണ്ടേക്കാവ് തോട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന തോടുകൾ. കൂടാതെ തുരുത്ത് സമൂഹമായ ഏഴിക്കരയുടെ വാർഡുകളെ വേർതിരിക്കുന്ന ചെറുതോടുകളും വാർഡുകൾക്കകത്തു വരുന്ന ചില ചെറുതോടുകളും പഞ്ചായത്തിൽ ഉണ്ട്. വർഷത്തിൽ മിക്കവാറും മാസങ്ങളിൽ ഓരുവെള്ളം ഉള്ള പഞ്ചായത്തിലെ കായലുകളും തോടുകളും ടൂറിസം വികസന സാധ്യത ഉള്ളവയാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വ്യക്തികളുടെ പാർപ്പിടങ്ങളുമായി ബന്ധപ്പെട്ട് കുഴിച്ചിട്ടുള്ള കിണറുകളും കുളങ്ങളും കൂടാതെ പൊതുപ്രദേശങ്ങളിൽ കുഴിച്ചിട്ടുള്ള കുളങ്ങളും കിണറുകളുമാണ് പഞ്ചായത്തിന്റെ തനത് ജല വിഭവ സമ്പത്ത്. എന്നാൽ പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ ഭൂരിഭാഗവും ഓരു കലർന്ന ജലമായതിനാൽ ശുദ്ധ ജല ആവശ്യങ്ങൾക്കായി വാട്ടർ അതോറിറ്റിയുടെ വിതരണ സംവിധാനത്തെ അവലംബിക്കുകയാണ് പഞ്ചായത്ത് നിവാസികളിൽ ഭൂരിഭാഗം ജനങ്ങളും.

വിവിധ ഋതുക്കളുടെ തിരനോട്ടങ്ങൾ പഞ്ചായത്തിൽ ഉണ്ടാകാറുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയെ വർഷക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്. ഇതിൽ വർഷക്കാലത്തെ ഇടവപ്പാതി, തുലാവർഷം എന്നിങ്ങനെ രണ്ടായി വിഭജിക്കാവുന്നതാണ്.

കൃഷിയും ജലസേചനവും

വഴിക്കര പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ കൃഷി വ്യാപിച്ചിരുന്നു. നെൽകൃഷിയും തെങ്ങുകൃഷിയുമാണ് മുഖ്യമായും ഇവിടെ നടന്നുവരുന്നത്. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ കായലിനോടുചേർന്നുള്ള സ്ഥലങ്ങളിലാണ് നെൽകൃഷി ചെയ്യുന്നത്. പരസ്പരബന്ധമില്ലാത്ത രണ്ടു വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്ന അത്യപൂർവ്വമായ പാടശേഖരങ്ങളാണ് ഇവ. ആണ്ടിൽ ആറുമാസക്കാലം നെൽകൃഷിയും, മറ്റൊരു ആറു മാസക്കാലം മൽസ്യകൃഷിയും ചെയ്യുന്നു. നെൽകൃഷിക്ക് ശുദ്ധജലം ആവശ്യമുണ്ടെങ്കിൽ മൽസ്യകൃഷിക്ക് ഓരു ജലമാണ് വേണ്ടത്. പ്രകൃതി ഈ രണ്ടു സാഹചര്യങ്ങളും മാറിമാറി ഇവിടെ ഒരുക്കുന്നു. കരഭാഗത്തേക്കാൾ താഴ്ന്നു സ്ഥിതി ചെയ്യുന്ന പാടശേഖരങ്ങൾ വെള്ളത്തിനടിയിലാണ് സ്ഥിതി ചെയ്യുന്നത്. മലവെള്ളം ഉണ്ടായിരുന്ന പഴയ കാലത്ത് കരയോടുചേർന്ന ആഴം കുറഞ്ഞ ഭാഗത്ത് എക്കൽ നിക്ഷേപിച്ച് രൂപപ്പെട്ടു വന്നതായിരിക്കാം ഈ പാടങ്ങൾ. പ്രകൃതിയെ മാത്രം ആശ്രയിച്ചാണ് പരമ്പരാഗതമായ നെൽകൃഷി ഇന്നും നടത്തുന്നത്. കരയിൽനിന്നും കായലിലേക്ക് ചരിഞ്ഞുകിടക്കുന്ന നിലങ്ങൾ കായലുമായി ചേരുന്ന ഭാഗത്ത് ഇന്ന് കാണുന്നതുപോലെ ചിറകൾ (വരമ്പ്) അന്നുണ്ടായിരുന്നില്ല. ഒരു വേലിയേറ്റത്തിനും അടുത്ത വേലിയേറ്റത്തിനും ഇടയ്ക്കുള്ള കുറച്ചു സമയത്തേക്കു മാത്രമേ ഈ നിലങ്ങൾ കായൽപ്പരപ്പിനേക്കാൾ ഉയർന്നുകാണുവാൻ കഴിയുമായിരുന്നുള്ളൂ. ഈ ഇടവേളകളിലാണ് കൃഷിപ്പണികൾ നടത്തിയിരുന്നത്. ഇടവം മുതൽ കന്നി മാസം വരെയുള്ള സമയമാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഇടവപ്പാതിയോടുകൂടി കാലവർഷം ശക്തിപ്പെടുമ്പോൾ ഉപ്പു രസം കുറയുകയും നല്ലവെള്ളം ലഭ്യമാകുകയും ചെയ്യുന്നു. ഈ സമയത്താണ് വിതയ്ക്കുന്നത്.

ഒരു വിളവെടുപ്പ് കഴിഞ്ഞാൽ അടുത്ത നിലം ഒരുക്കൽ വരെ നിലങ്ങൾ വെള്ളത്തിനടിയിലായിരിക്കും. സമൃദ്ധമായി ഉപ്പുവെള്ളം എത്തിച്ചേരുന്ന സമയത്ത് ഈ പാടങ്ങളിൽ മൽസ്യങ്ങളെ വളർത്താൻ കഴിയുമെന്ന് കണ്ടെത്തി. ചെമ്മീനാണ് ഇതിൽ പ്രധാനം. ജല നിയന്ത്രണത്തിനായി നിലങ്ങൾ ചിറയിട്ടു തിരിക്കുകയുണ്ടായി. ഇതോടെ ചെമ്മീൻ കെട്ടുകൾ നിലവിൽ വന്നു. തുടർന്ന് നെൽകൃഷി കൂടുതൽ സുഗമമായിത്തീർന്നു.

നിലം ഒരുക്കിയിരുന്നതിനും പ്രത്യേകതയുണ്ട്. ഉഴവുപോലുള്ള കാർഷിക പരിപാടികൾക്കു ഇവിടെ സാധ്യതയില്ല. കിഴക്കുള്ള വലിയതോടും പടിഞ്ഞാറുള്ള കൊടുങ്ങല്ലൂർ കായലിനോട് തുടർച്ചയായ ചെറായി കായലും വേലിയേറ്റജലത്തിൽ നെൽപ്പാടങ്ങളേയും ബാധിക്കും. നല്ല വേനലിൽ വിശാലമായ പാടം ഉണങ്ങി വരളുന്ന സമയത്ത് നിലം വിണ്ടുകീറികിടക്കും. തുടർന്നു വരുന്ന കാലവർഷത്തിന്റെ ആരംഭത്തിലാണ് നിലം കിളച്ച് വിത്ത് വിതക്കുന്നത്. വിത്താകട്ടെ ഓരിനെ അതിജീവിക്കാൻ കഴിയുന്ന ഒരു പ്രത്യേകതരം വിത്താണ്. കടുത്ത ഉപ്പിലല്ലാതെ ഈ വിത്തോ ചെടിയോ നശിക്കുകയില്ല എന്നത് ഇവിടത്തെ നെൽകൃഷിയുടെ പ്രത്യേകതയാണ്. കൃഷിയിറക്കിയാൽ ജലസേചനം ആവശ്യമില്ലാതെവരുന്നതു ഭൂമിയുടെ പ്രത്യേകതകൊണ്ടാണ്. നൂറ് നൂറ്റിയിരുപതു ദിവസത്തെ മൂപ്പുമാത്രമാണ് ഈ നെല്ലിനുള്ളത്. കാലവർഷത്തോടുകൂടി അതായത് ജൂൺ ജൂലായ് മാസത്തിൽ വിളയിറക്കിയാൽ ഒക്ടോബർ മാസത്തോടെ വിളവെടുത്തു കഴിയും.

പൊക്കാളി കൃഷി എന്ന പേരിൽ അറിയപ്പെടുന്ന ഈ കൃഷിക്ക് യാതൊരു വളവും കീടനാശിനികളും പ്രയോഗിക്കാറില്ലാ എന്നത് ഈ കൃഷിയുടെ പ്രത്യേകതയാണ്. യാതൊരുവിധ വിഷാംശങ്ങളും ഈ നെല്ലിനെ ബാധിക്കുന്നില്ല എന്നത് ഈ നെല്ലിന്റെ പരിശുദ്ധിയെ വിളിച്ചോതുന്നു. ഓരിന്റെ അംശം ചെറിയതോതിൽ ഉള്ളതുകൊണ്ടായിരിക്കാം ഇതിനെ യാതൊരുവിധ കൃമികീടങ്ങളും ബാധിക്കാറുമില്ല.

പൂർണ്ണമായും പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള ഈ കൃഷി വിളവിന്റെ കാര്യത്തിലും പരിമിതികളുണ്ട്. സെന്റിന് 10 മുതൽ 15 കിലോ നെല്ലാണ് ഇതിന്റെ ഏറ്റവും കൂടുതൽ കിട്ടുന്ന വിളവ്. കൃഷി ചിലവ് ഏക്കറിന് ഇന്നത്തെ നിലക്ക് രണ്ടായിരം രണ്ടായിരത്തി അഞ്ഞൂറ് രൂപയോളം വരുന്നുണ്ട്. ഒരേ ഒരു പൂ കൃഷി കഴിഞ്ഞാൽ പിന്നീട് 5-6 മാസക്കാലം ചെമ്മീൻ കൃഷിയാണ് നടക്കുന്നത്. ചെമ്മീൻ കെട്ടിൽ നിന്നും ചെറിയൊരാദായം നില ഉടമകൾക്ക് കിട്ടുമെന്നതുകൊണ്ട് ചിലവിൽ ഒരു അംശം അങ്ങിനെ നികത്തുന്നു.

തെങ്ങ് കൃഷി

450 ഹെക്ടർ തെങ്ങുകൃഷിയാണുള്ളത്. പൂർണ്ണമായും 15—20 കൊല്ലം മുമ്പുവരെ പഞ്ചായത്ത് പ്രദേശത്തെ ബഹുഭൂരിഭാഗം കുടുംബങ്ങളും തെങ്ങുകൃഷിയെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. ശാസ്ത്രീയമായി 180 തെങ്ങുകളാണ് ഹെക്ടറിന് കണക്കാക്കുന്നതെങ്കിൽ ഈ പ്രദേശത്തെ കൃഷിക്കാർ ഹെക്ടറിന് ഇരുന്നൂറ്റി അൻപത് തെങ്ങുകൾ കൃഷിചെയ്യുന്നു. ഹെക്ടറിന് 6000 തേങ്ങ കിട്ടിയിരുന്ന സ്ഥാനത്തു ഇന്നു 1000 തേങ്ങപോലും കിട്ടുന്നില്ല. മാരകമായ രോഗം ഈ പഞ്ചായത്തു പ്രദേശത്തെ ഏതാണ്ട് മുഴുവൻ തെങ്ങുകളേയും ബാധിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 5% തെങ്ങുകളിലാണ് രണ്ടും മൂന്നും തേങ്ങകളുള്ളത്. നാളികേരത്തിന്റെ വില കൃഷിക്കാരനു നഷ്ടമില്ലാത്ത വിധത്തിൽ സ്ഥിരപ്പെടുത്തുക.

ജലസേചനം, വളം ചെയ്യൽ, തെങ്ങുവെട്ട്, ഏക്കൽ ഇടൽ, മരുന്നുതളി തുടങ്ങിയ രംഗത്തു കൃഷിഭവനിൽനിന്നും കുറച്ചൊക്കെ സഹായം കൃഷിക്കാർക്കു കിട്ടുന്നുണ്ട്. എന്നാൽ ഇതൊന്നും ഫലപ്രദമല്ല. തെങ്ങുകൃഷി ഇന്നത്തെ പരിതഃസ്ഥിതിയിൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയുമോ എന്നുപോലും കൃഷിക്കാർ ശങ്കിക്കുന്നു. സർക്കാരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷിക്കാരും ഒരു കൂട്ടായ്മയോടുകൂടി ഇന്നത്തെ ദുസ്ഥിതിക്ക് കാരണമായ ഘടകങ്ങൾ കണ്ടുപിടിച്ച് പ്രതിവിധിയുണ്ടാക്കണം.

ഇടവിളകൾ

വാഴ, കൗങ്ങ്, കാച്ചിൽ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കച്ചോലം, ജാതി, കൊണ്ടൽ കൃഷി തുടങ്ങിയ കൃഷികൾ ഇടക്കാല കൃഷിയായി തെങ്ങിൻതോട്ടങ്ങളിൽ നടത്തി വരുമാനമുണ്ടാക്കുന്നവർ ഇവിടെയുണ്ട്. വേനൽകാലങ്ങളിൽ ഇവിടെയുള്ള 90% കുളങ്ങളും കിണറുകളും ഓരു ബാധിതമാണ്. ഇതിനു പ്രതിവിധിയുണ്ടാക്കണം. ഇടവിളകൾക്കു ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ കൂടുതൽ അഭിവൃദ്ധിയും ആദായവും ഉണ്ടാക്കാനും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യും.

ഭൂമിയുടെ തരം തിരിവ്

പഞ്ചായത്ത് പ്രദേശത്തെ മൊത്തത്തിൽ സമതലമായി കണക്കാക്കാം. കുന്നുകളൊ കുഴികളൊ ചരിവുകളൊ ഇവിടില്ല. എല്ലാ വീടുകളിലും കിണറുകളൊ കുളങ്ങളോ കാണാം. ആദ്യകാലങ്ങളിൽ കുടത്തിൽ കോരി നനക്കുന്നതിനുവേണ്ടിയാണിത്. എന്നാൽ ഇന്ന് ഇതെല്ലാം ഉപയോഗശൂന്യമായി തീർന്നിട്ടുണ്ട്. ഓരോ വാർഡുകളിലും ശരാശരി 5 കൃഷിക്കാർ തങ്ങളുടെ വിളകൾ നനക്കുന്നതിനു മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജലസേചനം ചെയ്യുന്നു.

ചെറുകിട വൻകിട ജലസേചന പദ്ധതികളൊന്നും തന്നെ ഇവിടെ ഇല്ല. ചെറിയ ചെറിയ വിസ്തീർണ്ണമുള്ള പുരയിടങ്ങളിലെ ജലസേചന സൗകര്യം എങ്ങിനെ മെച്ചപ്പെടുത്താമെന്നു പഞ്ചായത്ത് നിവാസികൾ ചിന്തിക്കുന്നു.

10ഉം പത്തുസെന്റിൽ താഴെ ഭൂമിയുള്ളവർ	...	2248
10നും 30നും ഇടയ്ക്ക് ,,	...	1521
30നും 50നും ,, ,,	...	466
50നും 1 ഏക്കറിനും ,, ,,	...	294
1 ഏക്കറിനും 2 ഏക്കറിനും ഇടയിൽ ,,	...	189
2 ഏക്കറിൽ കൂടുതൽ ,,	...	26
ആകെ	...	5734

കാർഷിക രംഗം സംശുദ്ധമാക്കുന്നതിനും കൃഷി ആവശ്യങ്ങൾ എന്തൊക്കെയാണെന്നു വിശദീകരിച്ച് പഞ്ചായത്തിനേറെയും നാടിനേറെയും സാമ്പത്തികാഭിവൃദ്ധിക്കും വരുമാനവർദ്ധനവിനും എന്തെല്ലാം ചെയ്യണമെന്നു ഗ്രാമസഭാ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിനെ പൊതുവെ ബാധിക്കുന്ന പദ്ധതികൾ

1. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തു വടക്കു എട്ടിയോടം മുതൽ ചാത്തനാട് കായലിൽ എത്തിച്ചേരുന്ന പുത്തൻതോട് താഴ്ന്ന നെൽപ്പാടങ്ങളുടെ ചിറ ബലപ്പെടുത്തുകയും ആവശ്യമായ സ്ഥലത്ത് സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മിച്ച് ഉപ്പുവെള്ളം തടയുന്നതിനും പുറം ചിറയിലുള്ള തൂമ്പുകൾ സ്ഥിരം തൂമ്പുകളാക്കി ഉറപ്പാക്കുക. സ്വകാര്യ വ്യക്തികൾക്കു തൂമ്പു സ്ഥിരമാക്കുന്നതിന്നു വായ്പാ സൗകര്യവും സാമ്പത്തികാനുകൂല്യവും നൽകുക.

2. കിഴക്കെ ഭാഗത്തു കണ്ണൻചിറ മുതൽ തെക്കോട്ടു കോട്ടുവള്ളി കായലിൽ ചേരുന്ന കുണ്ടേക്കാവ് തോട് താഴ്ത്തി പുറംചിറ ഉറപ്പാക്കി സ്ഥിരമായ തൂമ്പ് പണിയുക. തൂമ്പിനു വായ്പയും സഹായ ധനവും ഉണ്ടാകേണ്ടതാണ്.

3. പറവൂർ ലേബർ കം ഡവലപ്പ് ബാങ്കിന്റെ കോട്ടുവള്ളി ഫിഷ്പോണ്ടുചിറ വെള്ളത്തിന്റെ കയറ്റിറക്കും നീരൊഴുക്കും സുഗമമാക്കുന്നതിന്നു 50 മീറ്ററെങ്കിലും കിഴക്കോട്ട് മാറ്റി സ്ഥാപിക്കുക.

4. എക്കലും മണ്ണും വന്നു മൂടി ചാത്തനാടു കായലിലെ ഗതാഗതവും നീരൊഴുക്കും വേലിയേറ്റ വേലിയിറക്കം സുഗമമാക്കി കൃഷിക്കും മൽസ്യബന്ധനത്തിനും ഉപകരിക്കത്തക്കവണ്ണം ഡ്രഡ്ജ് ചെയ്ത് ആഴം വർദ്ധിപ്പിക്കുക.

5. ഇടക്കാല വിളവുകളും പച്ചക്കറി കൃഷിയും വികസിപ്പിച്ച് സാമ്പത്തികാഭിവൃദ്ധി കൈവരുത്തുന്നതിനു 10 സെൻറും അതിനുമുകളിലും താൽപര്യവുമുള്ള മൊത്തം 500 കൃഷിക്കാർക്കെങ്കിലും 1 H P മോട്ടോർ മുതൽ വായ്പയായും സബ്സിഡിയായും കൃഷിക്കാർക്കു ലഭ്യമാക്കുന്നതിനു ഇതിനു വരുന്ന വിദ്യുച്ഛക്തി എളുപ്പം കിട്ടുന്നതിനുമുള്ള നടപടിയുണ്ടാകുകയും വിളവുകൾക്ക് ശരിയായ വില കൃഷിക്കാരനു കിട്ടുന്നതിനു സഹകരണാടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകുക.

6. നെല്ല് സംഭരിച്ച് ശുദ്ധമായ അരി വിതരണത്തിനു ആധുനിക രീതിയിൽ ഒരു റൈസ് മിൽ സഹകരണാടിസ്ഥാനത്തിലോ സ്വകാര്യാടിസ്ഥാനത്തിലോ സ്ഥാപിക്കുക. ഈ അരി വിദേശമാർക്കറ്റ് പിടിച്ചുപറ്റുമെന്നതു കൊണ്ട് ആ അടിസ്ഥാനത്തിൽ ഇതിന്റെ നടപടികളും ത്വരിതപ്പെടുത്തുക.

7. പഞ്ചായത്തിന്റെ 4 സ്ഥലത്തെങ്കിലും തേങ്ങ സംഭരിച്ച് സംസ്കരിച്ച് വിപണനത്തിനുള്ള സംവിധാനം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

8. ഏഴിക്കര പഞ്ചായത്തുപ്രദേശം തെങ്ങിനെ സംബന്ധിച്ചിടത്തോളം മാരകമായ രോഗബാധിതമായിരിക്കുന്നതിനാൽ ഈ പഞ്ചായത്തിനെ രോഗബാധിതപ്രദേശമായി പ്രഖ്യാപിക്കുകയും ഒരു ദേശീയ ദുരന്തം എന്ന നിലയിൽ ഇതിനെ കണക്കിലെടുത്തു ഈ പ്രദേശത്തെ മുഴുവൻ തെങ്ങുകളും നശിപ്പിച്ച് പകരം രോഗപ്രതിരോധ ശക്തിയുള്ള തൈകളും വെച്ചുപിടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം വായ്പയായോ സബ്സിഡിയായോ നൽകണം.

9. മരുന്നു തളിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കണം.

10. ജലസേചനത്തിനു ആവശ്യമായ പമ്പ് സെറ്റുകളും വിതരണം കാര്യക്ഷമമാക്കണം.

മുകളിൽ പറഞ്ഞ കാര്യങ്ങൾക്കു പുറമെ നെൽകൃഷി പാടങ്ങളിലാണ് ചെമ്മീൻകൃഷി നടക്കുന്നത്. ചെമ്മീൻ കൃഷിയിൽ ചെമ്മീൻ കുഞ്ഞുങ്ങളും കടലിൽനിന്നും വേലിയേറ്റ സമയത്ത് കായലുകളും തോടുകളും മുഖേന പാടശേഖരങ്ങളിൽ എത്തി പാടത്തു

വെച്ചാണ് വലുതാകുന്നത് എന്നതുകൊണ്ടു കായലുകളും തോടുകളും താഴ്ത്തി നീരൊഴുക്ക് സുഗമമാക്കണം. ശാസ്ത്രീയ ചെമ്മീൻ കൃഷിക്ക് പരിശീലനം നൽകുന്നതിനു സൗകര്യപ്പെടുത്തണം.

9 ഗ്രാമസഭകൾ കൃഷി-ജലസേചനം എന്ന വിഷയത്തിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

Ward I

1. തെങ്ങുരോഗ നിവാരണത്തിനു സ്പ്രെയറുകളും കീടനാശിനികളും ലഭ്യമാക്കണം.

2. മണ്ണിന്റെ നനവും ഘടനയും നന്നാക്കുന്നതിനു കൽപ്പൊടി ലഭ്യമാക്കുന്നതിനു നടപടി വേണം.

3. തെങ്ങുപരിപാലനത്തിന്നു തെങ്ങൊന്നിന് 50 രൂപയെങ്കിലും സബ്സിഡിയായി കൃഷിക്കാരനു കിട്ടണം.

4. ഉൽപ്പാദന ബോണസായി ഹെക്ടറിനു സർക്കാരിൽനിന്നും ഇപ്പോഴം നെൽകൃഷിക്കു നൽകുന്ന 250 ക. 1000 ക. ആയി വർദ്ധിപ്പിക്കണം.

5. രോഗബാധിത തെങ്ങുകളം വെട്ടിമാറ്റി നശിപ്പിക്കുന്നതിനു ഇന്നു കൊടുക്കുന്ന 200 ക. 500 ക. ആക്കി ഉയർത്തണം.

Ward II

1. കൃഷിക്കും ചെമ്മീൻ കൃഷിക്കും തെങ്ങുകൾക്കും ഉണ്ടാകുന്ന രോഗങ്ങൾക്കു ആലുവ വ്യവസായ മേഖലയിൽനിന്നുള്ള മാലിന്യങ്ങളും പുകയും കാരണമാക്കുന്നതിനെ കർശനമായി തടയാൻ നടപടി വേണം.

2. നെൽകൃഷിക്ക് ശുദ്ധ ജലം കിട്ടുന്നതിനു കോട്ടുവള്ളി കായലും ചാത്തനാട് കായലും ബന്ധിപ്പിക്കുന്ന ഒരു തോട് കുഴുപ്പനം ഭാഗത്ത് നിർമ്മിക്കണം.

3. പഞ്ചായത്തടിസ്ഥാനത്തിൽ നാളികേര കൃഷിയും തേങ്ങസംസ്ക്കരണവും പ്രോൽസാഹിപ്പിക്കുന്നതിനും കൃഷിക്കാരന്റെ സാമ്പത്തികോന്നമനത്തിനു സഹായകവുമായ വിധത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കണം.

Ward III

1. പൊക്കാളികൃഷി നിലത്തെ വെള്ളം വറ്റിക്കുന്നതിന് പെട്ടിയും, പറയും മോട്ടോറും കൃഷിക്കാരന് കിട്ടണം.

2. കാർഷിക രംഗത്തെ അസ്വസ്ഥതകളം ഒഴിവാക്കാൻ സംവിധാനം ഉണ്ടാവണം.

3. പൊക്കാളി വികസന സമിതിക്ക് ഓഫീസ് ചിലവുകൾക്കായി സഹായധനം നൽകണം.

4. സൗജന്യമായ മണ്ണുപരിശോധന 3 വർഷത്തിലൊരിക്കലെങ്കിലും നടത്തി റിപ്പോർട്ട് കൃഷിഭവൻ ഓഫീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം.

5. സ്ക്കൂളുകളിൽ കുട്ടികൾക്ക് കാർഷികവിജ്ഞാനം വർധിപ്പിക്കുന്നതിന് കാർഷിക ക്ലബ്ബുകൾ രൂപീകരിക്കണം.

6. കാർഷിക വിഭവങ്ങൾക്ക് ഒരു പൊതു മാർക്കറ്റ് രൂപീകരിക്കണം.

7. എലി നശീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

8. കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കർഷകർക്ക് ഭവന നിർമ്മാണത്തിന് കുറഞ്ഞ പലിശയ്ക്ക് വായ്പ കിട്ടാൻ സൗകര്യം ഉണ്ടാവണം.

Ward IV

1. ഇടവിളയായി കുറ്റിമുല്ല കൃഷി പ്രോൽസാഹിപ്പിക്കണം.

2. കൃഷി വിദഗ്ദ്ധരുടെയും ഉദ്യോഗസ്ഥരുടെയും സേവനം കാർഷിക രംഗത്ത് നേരിട്ടുണ്ടാവണം.

Ward V

1. തരിശ് നിലങ്ങൾ കൃഷി ചെയ്യുവാനുള്ള നടപടിയുണ്ടാവണം.

2. കൃഷിവേനേറ പ്രവർത്തനം കാര്യക്ഷമമാക്കണം.

3. പറവൂർ ബണ്ട് പുളിങ്ങനാടുവരെ നീട്ടി കല്ലുകെട്ടി സംരക്ഷണം.

Ward VI

1. കൃഷിനിലങ്ങളിൽ കൃഷി സമയത്ത് മൽസ്യബന്ധനം നടത്തുന്ന പ്രവണത തടയുക.

Ward VII

1. റബ്ബറിനുള്ള റീപ്ലാന്റേഷൻ പദ്ധതി പോലെ കേടുബാധിത പ്രദേശത്തെ തെങ്ങ് വെട്ടിമാറ്റി ഏഴു വർഷക്കാലത്തേക്കെങ്കിലും സഹായം നൽകുക.

2. തെങ്ങ് രോഗം സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കണം.

3. തേങ്ങ സംസ്ക്കരിക്കുന്നതിന് കൊപ്ര ഡ്രയർ സ്ഥാപിക്കണം. അതിനേറ ബൈപ്രോഡക്ട് ഉപയോഗിച്ച് തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തണം.

4. പുത്തൻതോടും മറ്റു തോടുകളും താഴ്ത്തുമ്പോൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ലൂയിസ് കം ബണ്ട് സ്ഥാപിച്ച് ഉപ്പുവെള്ള ഭീഷണി ഒഴിവാക്കണം.

Ward VIII

1. ജൈവവളം വ്യാപകമാക്കുന്നതിനുള്ള നടപടി ഉണ്ടാവണം.

Ward IX

1. ആവുട്ടി തോട്, പൊന്നാടി തോട്, എന്നിവ ആഴം കൂട്ടണം.

2. ചമ്മിണി പറമ്പ്, പുളിയംതോടം തേവനപ്പറമ്പ്—ഉദ്ദേശം 5 ഏക്കർ തരിശ് ഭൂമിയാണ്. ഇത് കൃഷി യോഗ്യമാക്കണം.

പട്ടിക

ഇനം	ഭൗതിക നേട്ടം		സാമ്പത്തിക നേട്ടം
ചളി ഇടീൽ	5841 Kg		9346
മഗ്നീഷ്യം സൾ:	5245 he.		52450
കിണർ	49 Nos.		68647
സ്പ്രെയർ	3 ,,		2250
തെങ്ങുകയറ്റ യന്ത്രം	2 ,,		1000
എലിവിഷം	...		50
വളം കിറ്റ്	1340 Kit 550		1200
രാസവളം സബ്സി.	2430 Nos.		61317
കുരുമുളക് പികസ.	3090 ,,		2420
ബയോഗ്യാസ്	4 ,,		10000
കുരുമുളക് Kit	11000 ,,		3125
പട്ടികജാതി വികസനം			
പഴവൃക്ഷം വിതരണം	10		...
പയർ വിതരണം	64 Kg		707-2
കേരവികസന പദ്ധതി			
തെങ്ങുവെട്ട്	500		37500
	350		70000
	450		90000
	520		104000
തെങ്ങിൻതൈ വിതരണം	500		2500
	350		1750
	450		2250
	520		6240
ബഹുവിള സബ്സിഡി	48 he.		9600
സ്വകാര്യ നെഴ്സറി	1		12500
ഡ്രിപ്പ് ജലസേചനം	1		15000
ജൈവവളം	182		
,,	214	497	17295
,,	101		
	50		4500
ട്രൈനീജ്	19		3800
സെമിനാർ	6		3000

ഊർജ്ജവും ഗതാഗതവും

പഞ്ചായത്ത് രൂപീകരിച്ചതു മുതൽ മൈനസ് ഫണ്ടിൽ പ്രവർത്തിച്ചു വരുന്ന പഞ്ചായത്താണിത്. ജെ. ആർ. വൈ. പദ്ധതിയിലും ഉപാധി രഹിത ഫണ്ടുപയോഗിച്ചും സർക്കാരിന്റെ ഫ്ളഡ് റിലീഫ്, ഡ്രോട്ട് റിലീഫ് എന്നീ ഫണ്ടുകളും ഉപയോഗിച്ചും പഞ്ചായത്തു വകുപ്പിൽ നിന്നും അനുവദിക്കപ്പെട്ട അടിസ്ഥാന നികുതി ഫണ്ടുകളും ഉപയോഗിച്ചും ഒന്നു മുതൽ ഒമ്പതു വാർഡുകളിലും പണികൾ നടന്നിട്ടുണ്ട്. പറവൂർ-ചാത്തനാട് റോഡ്, ഏഴിക്കര-കടക്കര റോഡ് എന്നിവ P W D റോഡുകളാണ്. ഈ രണ്ടു റോഡുകളും മാത്രമാണ് 8 മീറ്റർ വീതിയുള്ള റോഡുകൾ.

വീതി കൂട്ടുന്നതിനോ വീതിയുള്ള റോഡുകൾ ഉണ്ടാക്കുന്നതിനോ പത്ത് സെന്റ് കുടികിടപ്പവകാശം കിട്ടിയ പട്ടികജാതി [illegible] ദുർബല വിഭാഗങ്ങളിൽ നിന്നു സ്ഥലം കിട്ടുന്നതിനുള്ള സാദ്ധ്യത കുറവാണ്. പഞ്ചായത്തു വക റോഡുകളെല്ലാം തന്നെ പത്തോ പതിനഞ്ചോ അടി മാത്രം വീതിയുള്ളവയാണ്. റോഡു നിർമ്മിക്കുന്നതിനു ആവശ്യമായ സാധനസാമഗ്രികൾ ഈ പഞ്ചായത്തു പ്രദേശത്തു കിട്ടാനില്ല. എല്ലാം അന്യ പ്രദേശങ്ങളിൽ നിന്നും സംഭരിക്കണം.

8-ാം പദ്ധതിക്കാലത്തു താഴെ പറയുന്ന പഞ്ചായത്തു റോഡുകൾ പുതിയതായി നിർമ്മിച്ചതും അറകുറപണികൾ നടത്തിയവയുമാണ്. ഒന്നാം വാർഡിൽ പഞ്ചായത്തിനു ഏറെടുക്കാൻ പറ്റിയ റോഡുകൾ ഉണ്ടായിരുന്നില്ല. പൊതുജന പങ്കാളിത്തത്തോടെ ഈ വാർഡിലും മറ്റു വാർഡുകളിലും പുതിയ റോഡുകൾ ഉണ്ടാക്കിയെടുത്തിട്ടുണ്ട്.

8-ാം പഞ്ചവൽസര പദ്ധതിയിൽപ്പെട്ട പണികൾ

	റോഡുകളുടെ പേര്	പണിയുടെ വിവരം
വാർഡ് 2	ഹൈസ്ക്കൂളിൽ റീട്ടെയിനിംഗ് വാൾ	നിർമ്മാണം നടത്തി
	കുഴിപ്പനം കോളനിറോഡ്	,,
	കോറാഴത്തു ലക്ഷംവീടുകോളനി റോഡ്	,,
വാർഡ് 3	ആട്ടേകോളനി റോഡ്	ഉയർത്തുന്ന പണിനടത്തി
	,, വെള്ളക്കെട്ടുനിർമ്മാർജനം	മണ്ണിട്ടുനികത്തി
	നെട്ടായിക്കോടം പുളിങ്ങനാട്ടുറോഡ്	അറകുറപ്പണി
	പറയാമ്മുറി റോഡ്	നിർമ്മാണം
	മണ്ണിട്ടുതറ റോഡ്	അറകുറപ്പണി
വാർഡ് 4	കുണ്ടേക്കാവു-പാലത്തുംപറമ്പു റോഡ് ടി	അറകുറപ്പണി സംരക്ഷണപ്പണി
വാർഡ് 5	കടക്കര പുളിയാമ്പിള്ളി റോഡ്	അറകുറപ്പണി
	ടി റീട്ടെയിനിംഗ് വാൾ	നിർമ്മാണം നടത്തി
വാർഡ് 7	കൊപ്പറമ്പുറോഡിൽ കൽവർട്ട്	വെള്ളക്കെട്ടു ഒഴിവാക്കുന്ന പണി
	പീടികേക്കപറമ്പ് കോളനി റോഡ്	മണ്ണിട്ടുപൊക്കി
	തിട്ടായത്തുവഴി	റീട്ടെയിനിംഗ്വാൾ പണിതു

	റോഡുകളുടെ പേര്	പണിയുടെ വിവരം
വാർഡ് 7	തൈമയ്പ് പുത്തൻതോട് സൗത്ത് റോഡ്	അറകുറപ്പണി നടത്തി
	ഇല്ലത്തു ലക്ഷംവീടുകോളനി റോഡ്	ടി
	കൊപ്പറമ്പ്-ചാക്കാത്തറ കോളനിറോഡ് ടി	നിർമ്മാണംനടത്തി അറകുറപ്പണി നടത്തി
	തിട്ടായത്തുറോഡിൽ പൈപ്പ് കൾവർട്ട്	നിർമ്മാണം നടത്തി
	പുത്തൻതോട് സൗത്തുറോഡിൽ ടി	ടി
വാർഡ് 8	മാവേലിത്തറ മണ്ണുചിറ കോളനിറോഡ്	അറകുറപ്പണിനടത്തി
	മാവേലിത്തറ-കല്ലുചിററോഡ്	നിർമ്മാണംനടത്തി
	മാവേലിത്തറതെക്കു 6 മീറ്റർ സ്വാൻ കൾവർട്ട്	ടി
	ആലുങ്കൽ റോഡിൽ പൈപ്പ് ടി ടി റീട്ടെയിനിംഗ്വാൾ	ടി ടി
	മാവേലിത്തറ മണ്ണുചിറ റോഡിന്റെ അപ്രോച്ച് ഭാഗം	അറകുറപ്പണിനടത്തി
	മാവേലിത്തറ മണ്ണുചിറ റോഡിൽ പാലം	പാലം നിർമ്മിച്ചു
	ആലുങ്കൽ കോളനി റോഡ്	അറകുറപ്പണിനടത്തി
വാർഡ് 9	അന്തോട്ടു കോളനിറോഡ് ഉയർത്തി	റോഡ് പൊക്കി
	കൈതാരം-നന്ത്യാട്ടുകുന്നം പാലത്തിന്റെ അപ്രോച്ച് റോഡ്	ടാറിംഗ്
	പുഴവൂർ കോളനിറോഡ്	അറകുറപ്പണി
	എൽ. പി. സ്ക്കൂളിൽ കക്കൂസ്	നിർമ്മാണം നടത്തി
	വൈപ്പിൻ ചേരി കോളനിറോഡ്	അറകുറപ്പണി
	നന്ത്യാട്ടുകുന്നം-ക്ഷേമോദയം റോഡ്	ടാറിംഗുനടത്തി
	പുഴവൂർ റോഡ്	ടി

പഞ്ചായത്തു വക ഉപയോഗിത ഫണ്ടും മറ്റു ഫണ്ടുകളും

വാർഡ് 1 S. R. Y. ഫണ്ടിൽ മിനി സ്റ്റേഡിയം പണിതു.

2 നെട്ടായിക്കോടം പള്ളിയോടു ചേർന്ന വഴിയിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ മണ്ണിട്ടു നികത്തി.

3 പുളിങ്ങനാട് പാലം നിർമ്മിച്ചു.

3 ഈട്ടുമ്മൽ കോളനി റോഡിൽ അറകുറപ്പണി നടത്തി.

4 ലങ്കാ പാലം പണിതു.

4 കുണ്ടേക്കാവ്-പാലത്തുംപറമ്പ് റോഡ് നിർമ്മാണം നടത്തി.

4 പറപ്പിള്ളി വഴിയും എളമന വഴിയും അറകുറപ്പണി നടത്തി.

6 മേപ്പിള്ളിപ്പടി റോഡ് ടാറിംഗ് നടത്തി.

6 അമ്പലക്കടവ് റോഡ് ടാറിംഗ് നടത്തി.

വാർഡ് 7 തൈവെപ്പ് പുത്തൻതോട്, നോർത്ത് റോഡ് ടാറിംഗ് നടത്തി. ഇതേ റോഡിൽ ചീതുക്കളം പാലം.

8 മാവേലിത്തറ മണ്ണുചിറ റോഡിൽ പാലം പണിതു.

8 മാവേലിത്തറ മണ്ണുചിറ റോഡിൽ റീട്ടെയിനിംഗ് വാൾ പണിതു.

8 മാവേലിത്തറ കല്ലുചിററോഡിൽ പാലം നിർമ്മിച്ചു.

9 അത്താണി–ക്ഷേമോദയം റോഡ് ടാറിംഗ് നടത്തി.

9 കാളികുളങ്ങര–അമ്പാട്ടുകോളനി റോഡ് അറക്കുറപ്പണിയും ചുണ്ടോണിക്കാവു വഴിയിലെ കലുങ്കും നിർമ്മിച്ചു.

9 അമ്പാട്ടുകോളനി റോഡിലെ കലുങ്ക് നിർമ്മിച്ചു. ക്ഷേമോദയം—കുണ്ടേക്കാവ് റോഡ് ഗ്രാവലിംഗ് നടത്തി.

മുകളിൽ പറഞ്ഞ പണികളെല്ലാം 8-ാം പഞ്ചവൽസര പദ്ധതിയിൽപ്പെട്ട പണികളാണ്.

ഗ്രാമസഭാ ശുപാർശകൾ താഴെ കൊടുക്കുന്നു

എല്ലാ വാർഡുകളിൽ നിന്നുമുള്ള പൊതു ശുപാർശയായി ചാത്തനാട്—കടമക്കുടി പാലവും എളമന-ചെറിയപ്പിള്ളി NH 17-മായി ബന്ധിപ്പിക്കുന്ന ബൈപ്പാസും അടിയന്തിരമായി നടപ്പിലാക്കണമെന്നുള്ളത് പ്രാധാന്യമർഹിക്കുന്നു. മംഗലാപുരം വരെയുള്ള വടക്കൻ ജില്ലകളിൽ നിന്നും കൊച്ചി പട്ടണവുമായി ബന്ധപ്പെടാൻ ഏറ്റവും എളുപ്പവഴിയാണ് ചാത്തനാടു പാലം നിർമ്മിച്ച് കടമക്കുടിയിൽനിന്നു ഗോശ്രീ പദ്ധതിയുമായി ബന്ധിപ്പിക്കുമ്പോഴാണ് സാദ്ധ്യമാകുന്നത്. പെരുമ്പടന്നയിൽ നിന്നും 15 കി. മീറ്റർ ദൂരം കൊണ്ട് കൊച്ചി നഗരവുമായി ബന്ധപ്പെടാൻ കഴിയുമെന്നതു മാത്രമല്ല അനുദിനം വർദ്ധിച്ചു വരുന്ന വാഹനത്തിരക്കും ജനത്തിരക്കും പറവൂർ പട്ടണത്തെ ഞെരിച്ചുകൊണ്ടിരിക്കുന്നതിനു വലിയൊരാശ്വാസവും കളമശേരി, ഇടപ്പള്ളി മുതലുള്ള പട്ടണത്തിലെ ഗതാഗത കുരുക്കിന് വലിയൊരു മാറ്റവും വരുന്നതാണ്. നടപടികളും നടന്നുകൊണ്ടിരിക്കുന്ന എളമന ചെറിയപ്പിള്ളി NH 17 ബൈപാസിന്റെ സ്ഥലം കിട്ടുന്നതിനു വേണ്ടിയുള്ള സർവ്വേ കല്ലിടൽ ഇനി ഏതാനും പേരിൽനിന്നും കിട്ടേണ്ടതുണ്ട്. കൂടായ ശ്രമത്തിൽ കൂടി അതിനും എത്രയും വേഗം കഴിയുമെന്നും കരുതാം.

വാർഡുതല നിർദ്ദേശങ്ങൾ

വാർഡ് 1

1 ചാത്തനാട് കുരിശുപള്ളി മുതൽ പടിഞ്ഞാട്ട് റോഡ് പാത്തു.

2 ചാത്തനാട് പള്ളിയുടെ തെക്കു ഭാഗത്തുനിന്നും പടിഞ്ഞാട്ട് റോഡ് പാത്തു.

3 യാക്കോബായ പള്ളിക്ക് സമീപം ഉള്ള കിണറിന്റെ കിഴക്കോട്ടുള്ള വഴി വീതി കൂട്ടണം.

4 ഭുവനേശ്വരി ക്ഷേത്രത്തിന്റെ തെക്കു വശത്തുള്ള വഴി വീതി കൂട്ടണം.

5 ചാത്തനാട് കോളനി റോഡ് സഞ്ചാരയോഗ്യമാക്കണം.

6 ചാത്തനാട് ശാസ്താ ക്ഷേത്രത്തിനടുത്തുള്ള വഴി വീതി കൂട്ടണം.

7 ചാത്തനാട്, എറണാകുളം ബോട്ട് സർവ്വീസ് സർക്കാർ ഏറെറടുക്കണം.

8 ബസ് സ്റ്റാൻഡ് നിർമ്മിക്കണം.

വാർഡ് 2

1 പറവൂർ-ചാത്തനാട് റോഡിന്റെ അറക്കുറപ്പണികളും എത്രയും വേഗം നടത്തണം.

2 K.S.R.T.C. ബസ് സുകളും പഴയ സ്റ്റാൻഡിൽ ആളെ ഇറക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

3 വഴുവാ ചിറയിൽനിന്നും കിഴക്കോട്ടുള്ള റോഡിൽ കലുങ്ക് നിർമ്മിക്കണം.

4 കുഴിപ്പനം കവലയിൽ നിന്നും കിഴക്കോട്ടുള്ള വഴി വീതി കൂട്ടണം.

5 കോറാഴത്ത് കോളനിയിൽ നിന്നും തെക്കോട്ടു പോകുന്ന വഴി സഞ്ചാരയോഗ്യമാക്കണം.

6 പനീരത്തിലേക്കുള്ള വഴി വീതി കൂട്ടണം.

7 പോസ്റ്റ് ഓഫീസിന്റെ തെക്കു വശത്തുള്ള വഴി വീതി കൂട്ടണം.

8 കോറാഴത്ത് റോഡിലേക്ക് കയറി നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റി അതിരു നിശ്ചയിക്കണം.

9 കുഴിപ്പനത്തു നിന്നും പടിഞ്ഞാറോട്ട് പോകുന്ന രണ്ടു റോഡും സഞ്ചാരയോഗ്യമാക്കണം.

10 നെട്ടായിക്കോടം പള്ളിക്ക് തെക്കു വശത്തുള്ള റോഡ് സഞ്ചാര യോഗ്യമാക്കണം.

11 പതിയാഴത്ത് പറമ്പിൽ കിടക്കുന്ന കുടുംബക്കാർക്ക് സഞ്ചാര സൗകര്യം ഉണ്ടാക്കണം.

വാർഡ് 3

1 കടക്കര-പുളിങ്ങനാട് റോഡ് ടാർ ചെയ്യുക.

2 പുളിങ്ങനാട്, കടക്കര റോഡിന്റെ തെക്കെ അറ്റത്തു പാലം പണിയുക.

3 ഈട്ടുമ്മൽ റോഡ് മെറ്റൽ ചെയ്യുക.

4 പുളിങ്ങനാട് ശ്മശാന റോഡ് നിർമ്മിക്കുക.

5 അത്തിയ്ക്കാപ്പള്ളി റോഡ് മെറ്റൽ ചെയ്യുക.

6 പറയാം മുറി റോഡ് ഗ്രാവൽ ചെയ്യുക.

7 ചിറേപ്പറമ്പ് റോഡിനു പടിഞ്ഞാറ് ഫുട്ട് പാത്ത് നിർമ്മിക്കുക.

8 ആയപ്പള്ളി വഴി വീതി കൂട്ടി കൊച്ചു ലങ്ക പാലം നിർമ്മിക്കുക.

9 ആട്ടേയിൽ കോളനിറോഡ് വീതി കൂട്ടുക.

10 പുളിങ്ങനാട് - ഈട്ടുമ്മൽ കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക.

വാർഡ് 4

1 പഞ്ചായത്തുപടി ലങ്കാപാലം റോഡ് അറ്റകുറ്റപ്പണി ചെയ്ത് ടാർ ചെയ്യുക.

2 ഇളമന റോഡ് വീതി കൂട്ടി N H 17 ഉം ആയി ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കുക.

3 പഞ്ചായത്തുപടി - നെല്ലിപ്പിള്ളി വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.

4 ചെറുവോടത്ത് വഴി വീതി കൂട്ടുക.

5 ആയപ്പള്ളി കളവപ്പിള്ളി വഴി നന്നാക്കുക.

6 ആയപ്പള്ളി ചക്കരക്കാട് വഴി നന്നാക്കുക.

7 വഴിക്കുളം-വിഡാനപ്പിള്ളി വഴി നന്നാക്കുക.

8 കൂട്ടുങ്ങൽ - കുമ്പളം തുരുത്ത് വഴി നിർമ്മിക്കുക.

9 ചെറുവോടത്ത് വഴി കുമ്പളം തുരുത്ത് വരെ ഒരു പാടശേഖര റോഡ് നിർമ്മിക്കുക.

വാർഡ് 5

1 കടക്കര പുളിയാംപിള്ളി ടാർ ചെയ്യുക.

വാർഡ് 6

സഞ്ചാര യോഗ്യമാക്കേണ്ട വഴികൾ

1 മസ്ജിദ് റോഡ്
2 അംഗൻവാടി വഴി

പുതിയ റോഡുകൾ

1 അമ്പലപ്പടി റോഡും പോട്ടയുമായി ബന്ധിപ്പിക്കുന്ന പാലം.
2 കുടിയാകുളങ്ങര കാളികുളങ്ങരറോഡ്.
3 കളരിറോഡും കുടിയാകുളങ്ങര റോഡും ബന്ധിപ്പിക്കുക.
4 കുണ്ടേക്കാവ് പാലത്തു നിന്നും നന്ത്യാട്ടുകുന്നത്തേക്ക് റോഡും പാലവും.
5 മേപ്പിള്ളിപടി നിന്ന് കിഴക്കോട്ടും പടിഞ്ഞാറോട്ടുമുള്ള റോഡ്.
6 പടിഞ്ഞാറെ പോട്ടയിൽ തെക്കു വടക്കായി കിടക്കുന്ന റോഡ്.
7 പോട്ടയും അയ്യമ്പിള്ളിയുമായി ബന്ധിപ്പിക്കുന്ന കടത്ത് കാര്യക്ഷമമാക്കുക.

വാർഡ് 7

1 പുത്തൻ തോട് പാലത്തിൽ നിന്നും ചീതുക്കള്ളം വരെ പുതിയ റോഡ് ഉണ്ടാക്കുക.
2 മാച്ചായത്ത് റോഡിൽ നിന്നും ചാക്കാത്തറയിലേക്ക് പുതിയ റോഡ്.
3 ചാക്കാത്തറ പാലത്തിന്റെ പഴയ കുറ്റികൾ പറിച്ചുമാറ്റണം - തോട്ടിൽ നടത്തിയിട്ടുള്ള അനധികൃത കൈയ്യേറ്റം തടയുക.
4 ചന്ദ്രപ്പുഴ പാലത്തിനു പടിഞ്ഞാറോട്ടു പോകുന്ന റോഡ്.
5 LP സ്ക്കൂൾ റോഡ് പടിഞ്ഞാറോട്ട് വീതി കൂട്ടുക.
6 തലക്കോട്ട് അമ്പലത്തിന്റെ വടക്കു ഭാഗത്തുള്ള റോഡിൽ നിന്നും തെക്കോട്ട് നടപാത ഉണ്ടാക്കുക.
7 തൈയ്വയ്പ്പ് - പുത്തൻ തോട് റോഡിന്റെ തെക്ക് (സംഗമസ്ഥലത്ത്) പടവു കെട്ടണം.
8 ജലഗതാഗതത്തിന് ബോട്ടു സർവ്വീസ് ഏർപ്പെടുത്തണം.

വാർഡ് 8

1 മാവേലിത്തറ - മണ്ണുചിറ റോഡ് സഞ്ചാര യോഗ്യമാക്കുകയും അവസാന ഭാഗത്തെ തോടിനു കുറുകെയുള്ള ഭാഗത്തെ സ്ലാബ് മാറ്റി പാലം പുതുക്കി പണിയണം.
2 മണ്ണുചിറ കിഴക്കേ അറ്റം തെക്കേ റോഡും വടക്കേ റോഡും ബന്ധിപ്പിക്കണം.
3 മാവേലിത്തറ കല്ലുചിറ റോഡ് നിർമ്മിക്കണം.
4 എട്ടിയോടം പാലവും ഒന്നും രണ്ടും തൂമ്പുകളിലെ പാലങ്ങളും പുനർ നിർമ്മിക്കണം.
5 തെരുവു റോഡ് ഉയർത്തണം.
6 ആലുങ്കൽ റോഡ് 7-ാം വാർഡുമായി ബന്ധിപ്പിക്കാൻ കലുങ്കു വേണം.
7 7-ാം വാർഡിൽ നിന്നും 8-ാം വാർഡിലേക്കുള്ള പാലം പൊളിച്ചുപണിയണം.
8 ചാക്കാത്തറ - ചീതുക്കള്ളം - മണ്ണുചിറ റോഡ് സഞ്ചാര യോഗ്യമാക്കണം.

വാർഡ് 9

1 കോളനികളിലേക്കുള്ള റോഡ് വീതി കൂട്ടണം.
2 ക്ഷേമോദയം റോഡിലെ നടുക്കുനിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.
3 ഉത്രംപിള്ളി കോളനിയിലേക്കുള്ള റോഡ് വികസിപ്പിക്കണം.
4 വൈപ്പിൻച്ചേരി കോളനിയിലേക്കുള്ള റോഡ് വികസിപ്പിക്കണം.
5 കാളികുളങ്ങര-ചൂണ്ടോണിക്കാവ് റോഡ് വീതി കൂട്ടണം.
6 കാളികുളങ്ങര ക്ഷേത്രത്തിന്റെ വടക്കുള്ള പഞ്ചായത്തുവഴി വികസിപ്പിക്കണം.
7 ഗാന്ധിമന്ദിരത്തിനു കിഴക്കുള്ള വെള്ളച്ചേരി വഴി അത്താണിയുമായി ബന്ധിപ്പിക്കണം.
8 അത്താണിയിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ് ക്ഷേമോദയം റോഡുമായി ബന്ധിപ്പിക്കണം.

9 അത്താണി തീപ്പെട്ടി കമ്പനി പടിഞ്ഞാറോട്ടുള്ള വഴി വികസിപ്പിക്കണം.

10 ചെറുവക്കാട് റോഡ് ക്ഷേമോദയം റോഡുമായി ബന്ധിപ്പിക്കണം.

11 എല്ലാ ഗ്രാവലിംഗ് വഴികളും ടാർ ചെയ്യണം.

12 ഒമ്പതാം വാർഡിൽ നിന്നും മറ്റു വാർഡുകളിലേക്ക് വാഹന ഗതാഗതം ഉണ്ടാകണം.

ഊർജം

പഞ്ചായത്ത് പ്രദേശത്ത് മൊത്തം 320 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. പ്രതിമാസം 6600രൂപ കറൻറ് ചാർജ് ഇനത്തിൽ പഞ്ചായത്ത് കെട്ടുന്നുണ്ടെങ്കിലും 5% വിളക്കുകൾ പോലും കത്തുന്നില്ല. മെയിൻ റോഡുകൾ ഒഴിച്ച് മറ്റുള്ള പഞ്ചായത്ത് വഴികളുടെ ഇരുഭാഗവും കാട് പിടിച്ചു കിടക്കുന്നതുകൊണ്ട് രാത്രി കാലങ്ങളിൽ മൽസ്യ ബന്ധനത്തിനു പോകുന്ന മൽസ്യതൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കാൻ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കാനുള്ള നടപടി ഉണ്ടാകണം. ലോഡ്ഷെഡ്ജ് ക്ഷാമം ഈ പഞ്ചായത്ത് പ്രദേശം മുഴുവനും ബാധിക്കുന്നുണ്ട്. ശക്തികൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള നടപടി ഉണ്ടാകണം. കൃഷിക്കും ചെറുകിടവ്യവസായങ്ങൾക്കും വൈദ്യുതി കണക്ഷനുകൾ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

വാർഡുതല ആവശ്യങ്ങൾ

വാർഡ് 1

1 വയറിംഗ് കഴിഞ്ഞ എല്ലാ വീടുകൾക്കും അടിയന്തിരമായി കണക്ഷൻ നൽകണം.

2 ഗ്യാസ് കണക്ഷനുള്ള അംഗീകാരം ഉണ്ടാകണം.

വാർഡ് 2

1 ഹെൽത്ത് സെൻറർ ഭാഗത്ത് പുതിയൊരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

വാർഡ് 3

1 കടക്കര സൗത്ത്, പുളിങ്ങനാട് എന്നീ പ്രദേശങ്ങളിൽ വൈദ്യുതീകരിക്കുക.

വാർഡ് 4

1 കുണ്ടേക്കാവ് പാലത്തുംപറമ്പ് റോഡ് വൈദ്യുതീകരിക്കുക.

2 നെല്ലിപ്പിള്ളി വഴി വൈദ്യുതീകരിക്കുക.

3 പറപ്പിള്ളി വഴി വൈദ്യുതീകരിക്കുക.

വാർഡ് 7

1 ദുർബല വിഭാഗക്കാർക്ക് വൈദ്യുതി സൗജന്യമായി കൊടുക്കുക.

2 6, 7, 8 വാർഡുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന പടിഞ്ഞാറെ പോട്ടയിൽ വൈദ്യുതീകരണം നടത്തുക.

വാർഡ് 8

1 നടുത്തറ റോഡിൽ സ്ട്രീറ്റ്ലൈറ്റ് വേണം.

വാർഡ് 9

1 ഇപ്പോഴത്തെ പഞ്ചായത്തിൽ നിലവിലുള്ള ബയോഗ്യാസ് പ്ലാൻറുകളും ഉപയോഗശൂന്യമായവ ഉപയോഗയോഗ്യമാക്കുക.

2 പുതിയ പ്ലാൻറുകളും അനുവദിക്കുക.

3 പാരമ്പര്യേതര ഊർജമായ ''ആനർട്ട്''-ന്റെ പ്രവർത്തനം വിപുലപ്പെടുത്തുക. പുതിയ ഷോറൂം പഞ്ചായത്തിൽ അനുവദിക്കുക.

4 പുകയില്ലാത്ത അടുപ്പുകൾ നിർമ്മാണം, വിപണനം എന്നിവക്ക് പഞ്ചായത്ത് പ്രത്യേക നിർബന്ധം ഏർപ്പെടുത്തുക.

5 വിറകിനു ആവശ്യമായ മരങ്ങൾ വച്ചു പിടിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

ജലഗതാഗതം

പഞ്ചായത്തിന്റെ പടിഞ്ഞാറേ ഭാഗമായ ചെറായി കായലിൽക്കൂടി 25 കൊല്ലം മുമ്പുവരെ കൊടുങ്ങല്ലൂർ കോട്ടപ്പുറത്തു നിന്നും എറണാകുളത്തേക്ക് 26 ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. ചിലവു കുറഞ്ഞ ഗതാഗത മാർഗ്ഗമെന്നനിലക്ക് ബോട്ടുകൾ സർവ്വീസു നടത്തണമെന്ന് അഭിപ്രായപ്പെടുന്നു. ചാത്തനാട് എറണാകുളം ബോട്ടു സർവ്വീസ് കാര്യക്ഷമമാക്കി ഇപ്പോഴുള്ള ഒരേ ഒരു ബോട്ടു സർവ്വീസ് 3 ബോട്ടുകളാക്കി വർദ്ധിപ്പിച്ച് ഏഴിക്കര പഞ്ചായത്തിലെ തെക്കൻ പ്രദേശത്തുള്ള യാത്രക്കാരുടെ ഇന്നുള്ള യാത്രാക്ലേശം പരിഹരിക്കേണ്ടതുണ്ട്.

വികസന സാധ്യതകൾ കണക്കിലെടുത്തു കുണ്ടേക്കാവ് പാലം വീതി കൂട്ടി പുതുക്കി പണിയണം.

വ്യവസായം

വഴിക്കര ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വ്യവസായ സ്ഥാപനങ്ങളും കാര്യമായി ഒന്നും തന്നെയില്ല. മൽസ്യബന്ധനമാണ് ഇവിടത്തെ മുഖ്യതൊഴിൽ. ഇതാകട്ടെ യാതൊരുറപ്പും ഇല്ലാത്ത ഒരു വ്യവസായവുമാണ്. വൻകിട വ്യവസായങ്ങൾക്കുള്ള യാതൊരു സാദ്ധ്യതയും ഈ മേഖലയിലില്ല. എന്നാൽ ഇവിടത്തെ ജനങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ ഏറെ ഉപകരിക്കും. നന്ത്യാട്ടുകുന്നത്ത് പ്രവർത്തിക്കുന്ന ഗാന്ധി മന്ദിരം ഖാദി രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. [ഇപ്പോൾ അതിന്റെ പ്രവർത്തനം അഭികാമ്യമല്ല. മാത്രമല്ല ഈ പ്രദേശത്തെ ആളുകൾക്ക് ആ സ്ഥാപനം മുഖേന കാര്യമായ തൊഴിൽ കിട്ടുന്നില്ല.] ഒരു പരിശീലന കേന്ദ്രമെന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനം ഖാദി ഗ്രാമ വ്യവസായ രംഗത്ത് ഗുണപരമായ പ്രവർത്തനം നടത്തിയാൽ ഈ പ്രദേശത്തെ തൊഴിൽ ഇല്ലാത്ത യുവതി-യുവാക്കൾക്ക് തൊഴിൽ സൗകര്യം കൂടുന്നതാണ്. തീപ്പെട്ടി, കടലാസ്, മെഴുകുതിരി, ചന്ദനത്തിരി, ഖാദി വസ്ത്രങ്ങൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കിടക്ക നിർമ്മാണം, മരപ്പണി, ഇരുമ്പുപണി തുടങ്ങിയ തൊഴിലുകൾ വികസിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

ഈ പ്രദേശത്തു കൃഷിചെയ്യുന്ന യാതൊരുവിധ വിഷാംശങ്ങളും കലരാത്ത പൊക്കാളി നെല്ല് സംസ്ക്കരിച്ച് അരിയാക്കുന്നതിനുള്ള ആധുനിക മില്ല് സ്ഥാപിക്കുകയാണെങ്കിൽ പരിശുദ്ധ അരി ഉൽപ്പാദിപ്പിക്കുന്നതിനോടൊപ്പം വളരെയധികം ചെറുപ്പക്കാർക്ക് തൊഴിൽ സൗകര്യമുണ്ടാക്കാനും കൃഷിക്കാരന് കൂടുതൽ ആദായം കിട്ടാനും അവസരമുണ്ടാകും. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സാദ്ധ്യത ഉള്ളയിടത്ത് താഴെ പറയുന്ന തൊഴിൽ സൗകര്യങ്ങൾ ഉറപ്പാക്കണം.

1. ക്ഷീരോൽപ്പന്ന വിപണന യൂണിറ്റുകൾ.
2. റബ്ബർ ചെരിപ്പുകൾ നിർമ്മാണം.
3. റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്
4. മസാല പൊടികൾ ഉണ്ടാക്കി വിപണനം നടത്തൽ
5. പലഹാര നിർമ്മാണം
6. പൂമുല്ല കൃഷി
7. മൽസ്യ—ഉൽപ്പന്ന വ്യവസായം
8. ഫർണീച്ചർ യൂണിറ്റ്
9. മെക്കനൈസ്ഡ് കയർ യൂണിറ്റ്
10. കൈത്തറി യൂണിറ്റ്
11. മൽസ്യ വല നിർമ്മാണം
12. വഞ്ചി നിർമ്മാണം
13. ഐസ് ക്രീം പാർലർ
14. സോഡാ യൂണിറ്റ്
15. നാളികേര സംസ്ക്കരണം-വിപണനം
16. ഹാൻറി ക്രാഫ്റ്റ് (കരകൗശല യൂണിറ്റ്)
17. നാളികേരം കൊണ്ട് ഉണ്ടാക്കാവുന്ന വിവിധതരം ഉൽപ്പന്ന യൂണിറ്റ് (നാളികേര ക്രീം, പച്ചത്തൊണ്ടിൽ നിന്നും കിട്ടുന്ന ചകിരിനാരുൽപ്പന്നങ്ങൾ, ചിരട്ട ഉൽപ്പന്നങ്ങൾ, ചിരട്ടക്കരി ഉൽപ്പന്നം, കയർ നിർമ്മാണം)
18. ഇലക്ട്രോണിക്, ടൂറിസം എന്നീ രംഗത്തുള്ള വ്യവസായ യൂണിറ്റ്
19. ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനുള്ള 'ഹാച്ചറി' നിർമ്മാണം, ചെമ്മീൻ തീറ്റ ഉൽപാദനം, സംസ്ക്കരണം, പാക്കിംഗ് ഉൾപ്പെടെയുള്ള യൂണിറ്റുകൾ

20. അലൂമിനിയ പാത്ര നിർമ്മാണ യൂണിറ്റ്

21. കോഴി വളർത്തൽ, പന്നി വളർത്തൽ തുടങ്ങിയ നിരവധി വ്യവസായങ്ങൾക്കുള്ളസാദ്ധ്യതകളും ഈ പഞ്ചായത്തിലുണ്ട്. വിദഗ്ദ്ധരെക്കൊണ്ട് അനുയോജ്യമായ വ്യവസായങ്ങൾ ഏതെന്ന് നിർണ്ണയിക്കപ്പെട്ട് അതാതു സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള പരിശ്രമം ഉണ്ടായിരിക്കണം. വ്യവസായ രംഗത്ത് വനിതകളുടെ കൂട്ടായ പങ്കാളിത്തവും ഉറപ്പാക്കണം. ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഏറ്റവും പ്രാധാന്യം അർഹിക്കുന്നു. ഇതിന് ബ്ലോക്ക് തലത്തിലോ, ജില്ലാതലത്തിലോ, സംസ്ഥാനതലത്തിലോ, സംവിധാനം ഉണ്ടാകണം. ചൂഷണ രഹിതമായ ഒരു വ്യവസ്ഥയെയും ഈ രംഗത്ത് ആവശ്യമാണ്. വാർഡ്തല നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് 1

1 മൽസ്യ സംസ്ക്കരണം

2 നാളികേരം, അടയ്ക്ക, നെല്ല് എന്നീ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം

3 ഫർണിച്ചർ യൂണിറ്റ്

4 വിദേശത്ത് ജോലി ചെയ്യുന്നവരുടെ കൂട്ടായ്മയോടുകൂടി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മുൻകൈ പഞ്ചായത്ത് എടുക്കണം. വിദേശ മലയാളികൾ നൂറോളം പേർ ഈ വാർഡിലുണ്ട്

വാർഡ് 2

1 വനിതകളുടെ കൂട്ടായ സംരംഭത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് വസ്ത്രം, ചെരുപ്പ്, ചിരട്ട, മരം മുതലായവകൊണ്ടുള്ള കരകൗശല നിർമ്മാണം, നാളികേര ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഈ വാർഡിൽ സാധ്യത ഉണ്ട്.

വാർഡ് 3

1 മെക്കനൈസ്ഡ് ചകിരി നാര് ഉത്പാദനം.

2 ആട്, കോഴി എന്നിവയുടെ യൂണിറ്റുകൾ

3 തയ്യൽവേല എന്നിവയ്ക്ക് സാധ്യതയുണ്ട്.

വാർഡ് 4

1 കയർ ഉൽപ്പന്ന യൂണിറ്റ് ഇവിടെ നടത്തുവാൻ കഴിയുന്നതാണ്.

2 മുൻപറഞ്ഞ മറ്റു വ്യവസായങ്ങൾക്കും ഇവിടെ സാധ്യതയുണ്ട്.

വാർഡ് 5

1 മൽസ്യ ഉൽപ്പന്നങ്ങളുടെ സംസ്ക്കരണവും വിപണനവും ഈ വാർഡിൽ സാധ്യതയുണ്ട്.

വാർഡ് 6

1 പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളും മൽസ്യം വളർത്തുന്നതിന് ഉപയോഗിക്കാവുന്നതാണ്.

2 ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഒരു ചെറിയ യൂണിറ്റിന് ഇവിടെ സാധ്യതയുണ്ട്.

വാർഡ് 7

1 മൽസ്യബന്ധനത്തിനാവശ്യമായ വഞ്ചി, വല എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് ഇവിടെ സാധ്യതയുണ്ട്.

2 മെക്കനൈസ്ഡ് ചകിരി മില്ലിന് സാധ്യതയുണ്ട്.

3 കൈത്തറി നെയ്ത്ത് ഇവിടെ നടത്താവുന്ന വ്യവസായമാണ്.

വാർഡ് 8

1 സിമൻറ് ഇഷ്ടിക, കിണർ റിംഗുകൾ എന്നിവയുടെ യൂണിറ്റും ചിപ്സ്, അപ്പോൾ സ്റ്റാർ എന്നിവയുടെ യൂണിറ്റും ഇവിടെതുടങ്ങാവുന്നതാണ്.

വാർഡ് 9

1 ചെരുപ്പ്, റെഡിമെയ്ഡ് വസ്ത്രം, പ്ലാസ്റ്റിക് ഫർണീച്ചർ, ഫൈബർ ഗ്ലാസ് നിർമ്മാണ യൂണിറ്റ്, പ്ലാസ്റ്റിക് പാത്രനിർമ്മാണം എന്നിവക്ക് ഇവിടെ സാധ്യതയുണ്ട്.

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യരംഗത്ത് ആധുനിക ചികിൽസാ രീതികളും വ്യാപകമായതു് അടുത്ത കാലത്താണു്. അതിനുമുമ്പു് പഞ്ചായത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരുന്നതു് ആയുർവ്വേദമാത്രേ. പ്രഗൽഭൻമാരായ നാട്ടുവൈദ്യൻമാർ ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നു.

ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്തെന്ന നിലക്കു് ശുദ്ധജലം എത്തിക്കേണ്ടതു അനിവാര്യമാണു്. ഇപ്പോൾ ഈ പഞ്ചായത്തു പ്രദേശത്തു മൊത്തം 7 കി. മീറ്റർ നീളത്തിൽ ഒമ്പതു വാർഡുകളിലും വെള്ളം എത്തുന്നുണ്ടെങ്കിലും വിവിധ വാർഡുകളിലായി 6000 മീറ്റർ പൈപ്പുകൂടി സ്ഥാപിച്ചു് 50 ടാപ്പുകളെങ്കിലും പുതിയതായി സ്ഥാപിക്കേണ്ടതുണ്ടു്. കെടാമംഗലത്തു നിലവിലുള്ള വാട്ടർ ടാങ്കു് ഉപയോഗിക്കാതെ അതിന്റെ നിർമ്മാണം മുതൽ ശൂന്യമായി കിടക്കുകയാണു്. വാട്ടർ അതോറിറ്റി വക കുഴുപ്പനത്തുള്ള സ്ഥലത്തു ഒരു വാട്ടർ ടാങ്കുകൂടി നിർമ്മിച്ചു് മുൻപറഞ്ഞ 6000 മീറ്റർ പൈപ്പു് ഇട്ടു് 50 ടാപ്പുകളും കൂടി സ്ഥാപിച്ചാൽ ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. 9-ാം പദ്ധതിയിൽ അതിനുള്ള സാദ്ധ്യത ഉണ്ടാകണം.

പഞ്ചായത്തിൽ മൊത്തത്തിൽ 70 % കുടുംബങ്ങളിലും സാനിറ്ററി ടൈപ്പു് കക്കൂസുകളില്ല. പ്രതിവർഷം 1000 കക്കൂസുകളെങ്കിലും നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി ഉണ്ടാകണം. ലക്ഷം വീടു് 4 സെന്റു് കോളനികളിൽ മുൻഗണന നൽകി വേണം പദ്ധതി നടപ്പിലാക്കാൻ.

കമ്മ്യൂണിറ്റി ഹെൽത്തു് സെന്ററിൽ ആവശ്യത്തിനുള്ള ഡോക്ടർമാരില്ല. അടിയന്തിരമായി ഒഴിവു നികത്തണം. സ്റ്റാഫ് നേഴ്സിന്റെ കുറവു് എത്രയും വേഗം നികത്തണം. ലബോറട്ടറി, എക്സ്റേ റൂം, ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, എന്നിവ ഉണ്ടാകേണ്ടതുണ്ടു്. എം. പി. ഫണ്ടിൽ അനുവദിക്കപ്പെട്ട വാർഡിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കണം.

സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ നിലനിന്നിരുന്ന നീറുറവ പോകുന്നതിനുള്ള തോടുകളും നികത്തുന്നതു നിയമം മൂലം തടയണം. തോടുകളും നികത്തുന്നതുകൊണ്ടു വെള്ളക്കെട്ടു അനുഭവപ്പെടുന്നതും ഈച്ച, കൊതുകു് എന്നിവ പെരുകുന്നതും മാലിന്യങ്ങളും അടിഞ്ഞുകൂടുന്നതും ആരോഗ്യത്തെ ബാധിക്കുന്നതുകൊണ്ടു് വെള്ളക്കെട്ടു് ഒഴിവാക്കാനുള്ള നടപടി ആവശ്യമാണു്.

കമ്മ്യൂണിറ്റി ഹെൽത്തു് സെന്ററിലെ ഹീൽഡ് സ്റ്റാഫിന്റെയും മറ്റും സേവനം കാര്യക്ഷമമാക്കണം. പൊതുജനാരോഗ്യ സംബന്ധമായ ചർച്ചാ ക്ലാസുകളും സെമിനാറുകളും എല്ലാ വാർഡുകളിലും നടത്തേണ്ടതുണ്ടു്. പോഷകാഹാര സംബന്ധമായ ക്ലാസുകളും നടത്തണം. ബോധവൽക്കരണത്തിനായി വിവിധ വാർഡുകളിലായി 4 ക്ലാസുകളെങ്കിലും നടത്തണം. കമ്മ്യൂണിറ്റി സെന്ററിൽ മോർച്ചറി, അപകട കേസുകളും കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം, പൊതുശ്മശാനം പ്രയോജനപ്പെടുത്തൽ എന്നിവ പ്രാധാന്യമർഹിക്കുന്നു.

വിവിധ വാർഡുകളിലെ ആവശ്യങ്ങൾ

വാർഡു് 1

11-ാം പൈപ്പു് ലൈൻ നീട്ടേണ്ട പ്രദേശങ്ങളും

1 നമ്പൂരിച്ചൻ ക്ഷേത്രത്തിനു കിഴക്കോട്ടു്

2 ഭുവനേശ്വരി ക്ഷേത്ര പരിസരം

3 ചോയ്സ് കമ്പനിയുടെ പരിസരം

4 മരത്തോന്തറ പീറ്റർ എന്ന ആളുടെ വീടിനു് പരിസരം

5 ചോയ്സ് കമ്പനിയുടെ ഭാഗത്തു മെയിൻറോഡിൽനിന്നും കിഴക്കോട്ട്

6 പുളിക്കപ്പറമ്പ് കിഴക്കുവശം മരത്തോന്തറ ചാക്കോയുടെ വീടിന്റെ പരിസരം

7 ലക്ഷം വീട് ഭാഗത്ത് കിഴക്കോട്ട്

8 ആയിരംതുരത്ത് രാജീവിന്റെ വീടിനു പരിസരം

9 ചാത്തനാട് കുരിശുപള്ളിയുടെ പടിഞ്ഞാട്ട്

10 അരമന പറമ്പിന് കിഴക്കുഭാഗം

11 ന്യൂ കേരളയുടെ സമീപത്തുകൂടി കിഴക്കോട്ട്

12 പഞ്ചായത്തു ഗ്രൗണ്ടിൽനിന്നും പടിഞ്ഞാട്ട്

13 മണ്ണെത്തു പരിസരം

14 യാക്കോബാ പള്ളിയുടെ വടക്കുഭാഗം കിഴക്കോട്ട്

15 രാധാകൃഷ്ണന്റെ കടയുടെ ഭാഗത്തു പടിഞ്ഞാട്ട്

16 യാക്കോബാ പള്ളിയുടെ പരിസരത്തു നിന്നും കുറിച്ചപറമ്പിൽ

വാർഡ് 2

1 കൊമരപ്പിള്ളി റോഡിൽ

2 കടത്തുകടവ് റോഡിൽ

3 മാവേലി പറമ്പിൽ

4 ഹെൽത്തു സെന്ററിന്റെ കിഴക്കെ ഭാഗത്ത്

5 പുല്ലോളി പറമ്പിൽ

6 പനീയിരുത്തിൽ

7 കായിക്കോടത്തു

8 വഴുവാച്ചിറ

9 പുൽപ്ര റോഡിൽ കിഴക്കോട്ട്

വാർഡ് 3

1 നീണ്ടൂത്തറ പടിഞ്ഞാട്ട്

2 മണ്ണിട്ടുതറ റോഡിൽ 2 ടാപ്പ്

3 ഈട്ടുമ്മൽ റോഡിൽ വടക്കോട്ട്

4 പുളിങ്ങനാട്ട് ഭാഗത്ത്

5 തെക്കുട്ടം വഴിയിൽ

6 പറയം മുറി വഴിയിൽ തെക്കോട്ട്

7 വാക്കയിൽ കളം

8 മണിയിൽ കളത്തിലും അതിനു വടക്കു ഭാഗത്തും

9 കീറോടത്തു

10 ആശാരി പറമ്പിൽ

11 ആട്ടയിൽ കോളനിയിൽ നിലവിലുള്ള പൈപ്പ് ലൈനിൽ അറകുറപ്പണികൾ അടിയന്തിരമായി നടത്തണം.

വാർഡ് 4

1 പീച്ചനാട് ഭാഗത്തുനിന്നും കിഴക്കോട്ട്

2 ആയിപ്പിള്ളി ഭാഗത്തു തെക്കനേടത്തു വീടിന്റെ തെക്കുഭാഗം കിഴക്കോട്ട്

3 എളമന കോളനിയിൽ

4 നെല്ലിപ്പിള്ളിയിലേക്കുള്ള വഴിയിൽ

5 അംഗൻവാടിയിലേക്ക്

6 കുഴുപ്പിള്ളി പറമ്പിൽ

7 കുണ്ടേക്കാവ് റോഡിൽ കൊച്ചുകണ്ടാശേരി കുമാരന്റെ വീടിന്റെ പരിസരത്തു നിന്നും പടിഞ്ഞാട്ട്

വാർഡ് 5

1 തച്ചായി കോളനിയിൽ പടിഞ്ഞാറ് അറത്തു തെക്കോട്ട്

2 ആമ്പത്തോടിനു തെക്കുഭാഗത്ത്

വാർഡ് 6

1 പുത്തൻ മഠത്തിനു തെക്കുവശം പടിഞ്ഞാട്ട്

2 ഞാറക്കാട്ട് തെക്കുവശം പടിഞ്ഞാട്ട്

3 മസ്ജിദ് റോഡിനു തെക്കേ റോഡിൽ പടിഞ്ഞാററത്തുനിന്നും വടക്കോട്ട്

വാർഡ് 7

1 N. B. പുരുഷോത്തമന്റെ വീടിനു പരിസരം

2 ചാക്കോത്തറ ക്ഷേത്രത്തിനു സമീപം

3 കരിക്കുംപറമ്പ് റോഡിൽ വടക്കുവശം

4 ആലിങ്കൽ തോടിനു തെക്കെകര ടൈലർ ജോസിയുടെ വീടിനു പരിസരം

5 ഇല്ലത്തു ലക്ഷം കോളനിയിൽ

6 ചീതുക്കളം തെക്കെ അറം

7 പുതുവേലിൽ—തലക്കാട്ട് ക്ഷേത്രത്തിനു പടിഞ്ഞാറ്

8 ശൂലപാണിയുടെ വീടിനു വടക്കുഭാഗം

9 ഇല്ലത്തു പറമ്പിനു മുൻവശം

10 V. M. സഭാ ആഫീസിനു കിഴക്കു അണിക്കോരത്തു

11 കെടാമംഗലം സദാനന്ദന്റെ വീടിനു തെക്കുവശം

12 കെടാമംഗലം L P S നു വടക്കു വീടുകളിലേക്ക് വാട്ടർ കണക്ഷനും ഗ്യാസ് കണക്ഷനും നൽകാനുള്ള നടപടിയുണ്ടാകണം.

വാർഡ് 8

1 ചാക്കോത്തറ നികത്തു ഭാഗത്തുള്ള പൈപ്പ് ലൈനിൽ ടാപ്പിട്ടിട്ടില്ല. ഉടനെ ഇടണം.

2 കൂനന്തറ ഭാഗത്തു

3 മണ്ണുചിറയിൽ അഞ്ചിൽ പടിഞ്ഞാറുള്ള ടാപ്പിന്റെ കേടുപാടു തീർക്കണം.

4 കല്ലുചിറയിൽ രണ്ടു ടാപ്പ്

വാർഡ് 9

1 ചാപ്പായി പറമ്പ് ഭാഗത്ത്

2 വൈപ്പിൻപേരി കോളനിയിൽ

3 കീഴോത്തു കോളനിയിൽ

4 അമ്പാട്ടു കോളനിയിൽ

5 ക്ഷേമോദയം ക്ഷേത്രത്തിന്നു കിഴക്കു

6 തെറ്റാലി മാട്ടുപുറം റോഡിൽ

വനിത

വ്യ്യുപത്തിമൂന്നാം ഭരണ ഘടനാ ഭേഗതിയോടെ ഗ്രാമ പഞ്ചായത്തു ഭരണത്തിൽ സ്ത്രീകൾക്കുള്ള പ്രാതിനിധ്യം ഉയർന്നിരിക്കുന്നു. പാർലമെൻറ്, അസംബ്ലി തെരഞ്ഞെടുപ്പുകളിലും സ്ത്രീകൾക്കുള്ള പ്രാതിനിധ്യം വർദ്ധിക്കുമെന്നുതന്നെ കരുതാം. സ്ത്രീയും പുരുഷനും സമൂഹത്തിൻെറ അവിഭാജ്യ ഘടകമാണെന്നും തുല്യ പദവിയും തുല്യ ഉത്തരവാദിത്വവും ഉണ്ടെന്നു എല്ലാവരും അംഗീകരിച്ചു കഴിഞ്ഞു. ഇന്ത്യയിൽ സ്ത്രീ പീഡനവും അവർക്കു നേരെയുള്ള അതിക്രമവും വർദ്ധിച്ചു വരുന്നതു തടയേണ്ടതുണ്ട്. രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ അവരെ മുഖ്യധാരയിലേക്കു കൊണ്ടു വന്നേതീരൂ. ''നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്ന ചൊല്ലിനെ മുറുകെ പിടിക്കുന്ന ഒരു വിഭാഗം പുരുഷൻമാർ ഇന്നും നമ്മുടെ സമൂഹത്തിലുണ്ട്. സ്ത്രീകളെ പൊതുരംഗത്തേക്കു നയിക്കുന്നതിനു നിരന്തരമായ ബോധവൽക്കരണം ആവശ്യമാണ്. വനിതാ സംഘടനകളും തൊഴിൽ സംരംഭങ്ങളും നിയമ സഹായത്തിനുള്ള നടപടികളും ഓരോ വാർഡിലും ഉണ്ടാകണം. കുടുംബ ഭരണവും ശിശുപരിപാലനവും നിലനിർത്തിക്കൊണ്ടുതന്നെ സമൂഹത്തിലെ സ്ഥാനവും ഗ്രാമ വികസന പ്രവർത്തനങ്ങളിൽ സ്ത്രീകൾക്കുള്ള പങ്കും ഉന്നിക്കൊണ്ടുള്ള പുതിയൊരു വികസനക്ഷമമായ പന്ഥാവ് തുറന്നിട്ടുകൊണ്ട് തൊഴിൽ സൗകര്യവും സാമ്പത്തിക പുരോഗതിയും ലക്ഷ്യമാക്കേണ്ടതുണ്ട്. അതിനു താഴെ പറയുന്ന നിർദ്ദേശങ്ങളാണുള്ളത്.

പ്രധാന പ്രശ്നങ്ങൾ

1 പൊതുരംഗത്തു സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2 വനിതകളുടെ സമഗ്രമായ ക്ഷേമത്തിനുള്ള പരിപാടികൾ ഫലപ്രദമല്ല.

3 തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമം അപര്യാപ്തമാണ്.

ഗ്രാമ സഭകളിലെ പൊതു നിർദ്ദേശങ്ങൾ

ക്ഷീരോൽപ്പാദനം, പച്ചക്കറി കൃഷി, കോഴി വളർത്തൽ കേന്ദ്രങ്ങൾ, തെങ്ങ്, ചിരട്ട തുടങ്ങിയവ കൊണ്ടുണ്ടാക്കാവുന്ന ഹാൻഡിക്രാഫ്റ്റ് യൂണിറ്റ്, കൈത്തറി വസ്ത്രനിർമ്മാണം, റെഡിമെയ്ഡ് ഉൽപ്പന്ന യൂണിറ്റ്, തയ്യൽ, ചപ്പൽ നിർമ്മാണം, ചകിരി, പൂമുല്ല കൃഷി തുടങ്ങി നിരവധി തൊഴിൽ സംരംഭങ്ങൾക്കുള്ള സാദ്ധ്യതകൾ പഞ്ചായത്ത് പ്രദേശങ്ങളിൽ അതാതിടങ്ങളിൽ യോജിച്ച വിധത്തിൽ നടപ്പിലാക്കണം. മഹിളാ സംഘടനകളുടെ നേതൃത്വത്തിൽ സഹകരണാടിസ്ഥാനത്തിൽ നല്ല നിലയിൽ ഇവ നടപ്പിലാക്കുവാൻ കഴിയും. വാർഡു തലത്തിലും തുടർന്നു പഞ്ചായത്തു തലത്തിലും സുസംഘടിതമായ ഒരു വനിതാ പ്രസ്ഥാനം രൂപീകരിച്ച് സാമൂഹ്യ സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടതും അനിവാര്യമാണ്. ഇതിനുള്ള കർമ്മപരിപാടികൾക്കു പഞ്ചായത്ത് മുൻകൈ എടുക്കണം.

വാർഡുകളിലെ നിർദ്ദേശങ്ങൾ

വാർഡ് 1

1 ബസ്സിൽ 'സ്ത്രീകളുടെ സീറ്റ് സ്ത്രീകൾക്ക്' എന്ന് ഉറപ്പ് വരുത്തണം.

2 പെൺകുട്ടികൾക്ക് മാത്രമുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം ആവശ്യമാണ്.

3 കർഷക തൊഴിലാളിസ്ത്രീകളുടെ കൂലി വർദ്ധിപ്പിക്കണം.

4 തൊഴിൽ ശാലകളിൽ പ്രാഥമിക സൗകര്യത്തിനുള്ള സ്ഥലം സ്ത്രീകൾക്ക് പ്രത്യേകം ഉണ്ടായിരിക്കണം.

5 ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കണം.

6 പഞ്ചായത്ത് തീരുമാനങ്ങൾ അറിയുന്നതിനുവേണ്ടി ഒന്നോ രണ്ടോ സ്ഥലങ്ങളിൽ നോട്ടീസ് ബോർഡ് സ്ഥാപിക്കണം.

7 സ്ത്രീകളുടെ നേതൃത്വത്തിൽ ഒരു പബ്ലിക് ടെലിഫോൺ ബൂത്ത് സ്ഥാപിക്കണം.

8 പണിതീരാതെയുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം കിട്ടണം.

9 യാത്രാക്ലേശം പരിഹരിക്കണം.

10 D. W. C. R. A. യൂണിറ്റിന്റെ തോട് ചിറകെട്ടി സംരക്ഷിക്കാൻ സഹായം നൽകണം.

വാർഡ് 2

1 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

വാർഡ് 3

1 പട്ടിക ജാതി പട്ടിക വർഗ്ഗ സ്ത്രീകൾക്ക് തൊഴിൽ ചെയ്യാനുള്ള തൊഴിൽ സ്ഥാപനം ഉണ്ടാകണം.

2 ഈട്ടുമ്മൽ കോളനി മിനി അംബേദ്കർ കോളനി ആയി രൂപാന്തരപ്പെടുത്താനുള്ള നീക്കം അടിയന്തിരമായി നടപ്പിലാക്കണം.

3 അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, നടവഴി, വൈദ്യുതി മുതലായ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

4 ആട്ടേ കോളനിയിൽ ഭദ്രമല്ലാത്ത വീടുകൾ പുനർനിർമ്മാണം നടത്തി ഭദ്രമാക്കണം.

5 കായലിനോടു ചേർന്നുള്ള ഭാഗം കരിങ്കൽ ചേർത്ത് പണിത് ഭദ്രമാക്കണം.

6 ഈ വാർഡിൽ 16 ചെറ്റപ്പുരകളും 16 വീടില്ലാത്ത കുടുംബങ്ങളും ഉണ്ട്. ഇവർക്ക് വീടും സ്ഥലവും നൽകാനുള്ള നടപടി ഉണ്ടാകണം.

7 പട്ടികജാതി സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടിയുണ്ടാകണം.

വാർഡ് 4

1 സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് 10 പേർ അടങ്ങുന്ന യൂണിറ്റുകൾ സ്ഥാപിച്ച് വിവിധ കൈത്തൊഴിലുകൾ ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

2 ഗവ: L. P. S.-ൽ ഒരു ഡേ-കെയർ ആരംഭിക്കാൻ നടപടി എടുക്കണം.

3 അടുക്കളതോട്ട നിർമ്മാണത്തിന് ആവശ്യമായ വിത്തും വളവും സാങ്കേതിക ഉപദേശവും കിട്ടാനുള്ള സൗകര്യം ചെയ്യേണ്ടതാണ്.

4 ആയിപ്പള്ളി കുളത്തിന്റെ വടക്കുഭാഗത്തുകൂടി കിഴക്കോട്ട് ഒരു ടാപ്പ് സ്ഥാപിക്കണം.

5 വഴിക്കുളത്തിന്റെ ചുറ്റും വർഷക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ശ്രമം ചെയ്യേണ്ടതാണ്.

6 ഇളമന റോഡിൽനിന്നും കിഴക്കോട്ട് പോകുന്ന വഴിയിൽ തോടുകൾക്ക് കലുങ്കുകൾ കെട്ടണം.

7 ഈ വഴിയിൽ വഴിവിളക്ക് സ്ഥാപിക്കണം.

വാർഡ് 5

1 വനിതകൾക്ക് തൊഴിലിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം നൽകണം.

വാർഡ് 6

1 പാചകത്തിന് ആവശ്യമായ മണ്ണെണ്ണയുടെ ദൗർലഭ്യം പരിഹരിക്കുക.

2 പഞ്ചായത്ത് തലത്തിൽ ഗ്യാസ് കണക്ഷൻ കിട്ടാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

3 മയക്കുമരുന്ന് ഉൾപ്പെട്ട മിഠായികൾ സ്കൂൾ പരിസരത്ത് വിൽക്കുന്ന സമ്പ്രദായം ഒഴിവാക്കണം.

4 സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കർശനമായി നിരോധിക്കണം.

5 തുല്യ ജോലിക്ക് തുല്യവേതനം ലഭ്യമാക്കണം.

6 പഞ്ചായത്ത് മുൻകൈ എടുത്ത് സമൂഹവിവാഹം പ്രോൽസാഹിപ്പിക്കണം.

വാർഡ് 7

1 ക്ഷീരോൽപാദന വിപണനത്തിനുള്ള ഡയറികും സ്ഥാപിക്കണം.

2 ഗുർബ്ബല വിഭാഗത്തിൽപ്പെട്ട സ്ത്രീ കൂട്ടായ്മക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഉണ്ടാകണം.

വാർഡ് 8

1 വനിതകളുടെ തൊഴിൽ സൗകര്യത്തിനായി വനിതാ സഹകരണ സംഘം രൂപീകരിക്കണം.

വാർഡ് 9

1 സ്ത്രീകൂട്ടായ്മക്ക് സമൂഹത്തിൽ മുൻഗണന കൊടുത്ത് പ്രോൽസാഹിപ്പിക്കാനുള്ള സംവിധാനം ചെയ്യണം.

പാർപ്പിടവും സാമൂഹ്യക്ഷേമവും

വഴിക്കര ഗ്രാമ പഞ്ചായത്ത് പ്രദേശം ദുർബല വിഭാഗത്തിൽപ്പെട്ടവരും പട്ടിക ജാതിയിൽപ്പെട്ടവരും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ വിവിധ തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പെൻഷൻ, പട്ടികജാതിക്കാർക്ക് വീടും വൈദ്യുതീകരണത്തിന് വേണ്ട സഹായവും, കുടിലുകൾ കെട്ടിമേയുന്നതിനുള്ള സഹായം, വിധവകളായവരുടെ കുട്ടികൾക്ക് വിവാഹാവശ്യത്തിനുള്ള ധനസഹായങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നൽകിയിരുന്നത്. IRDP പദ്ധതിയിൽ ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നും വീടുണ്ടാക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും സഹായം നൽകിയിട്ടുണ്ട്. സ്വയം തൊഴിൽ ചെയ്യുന്നതിന് 8-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് IRDP പദ്ധതിയിൽ ബ്ലോക്കിൽനിന്നും 354 കുടുംബങ്ങൾക്ക് ധനസഹായം ചെയ്തിട്ടുള്ളതിൽ 145 കുടുംബങ്ങൾ പട്ടികജാതി/വർഗത്തിൽപ്പെട്ടതാണ്. കൂടാതെ പട്ടികജാതിയിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവയും നൽകിയിട്ടുണ്ട്.

സാമൂഹ്യ ക്ഷേമവകുപ്പിൽ നിന്നും നടത്തുന്ന അംഗൻവാടികളുടെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. കുട്ടികൾക്ക് കളിക്കുന്നതിനും അവരെ വിദ്യ അഭ്യസിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള കളിസാമാനങ്ങളും പഠനോപകരണങ്ങളും കുറെക്കൂടി നൽകണം. കുട്ടികളെ പഠിപ്പിക്കുന്ന വർക്കർമാരും ഹെൽപ്പർമാരും സമൂഹത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ജീവിക്കാനാവശ്യമായ വേതനം ഇപ്പോൾ കിട്ടുന്നില്ല. തൻമൂലം അവരുടെ ആത്മാർത്ഥത ചോർന്നുകൊണ്ടിരിക്കുകയാണോ എന്ന് ശങ്കിക്കുന്നു- ജീവിക്കാനുള്ള വേതനം കൊടുക്കണം.

പാർപ്പിടം

ദുർബല വിഭാഗത്തിൽപ്പെട്ടവരും പട്ടിക ജാതി / വർഗ്ഗത്തിൽപെട്ടവരുമായവരുടെ വീടുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ മൊത്തം 816 വീടുകൾ ആവശ്യമായി വന്നിരിക്കുന്നു. ഇതിനു പുറമെ 2350 കക്കൂസുകളും ഇവർക്കായി നൽകേണ്ടതുണ്ട്. അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും അതാതു വിഭാഗത്തിൽനിന്നുള്ള പെൻഷനുകൾ കിട്ടാനുള്ള സാദ്ധ്യതയുണ്ടാകണം. വരുമാന പരിധി ഇതിനൊരു തടസ്സമാണ്. കാലഘട്ടം അനുസരിച്ച് വരുമാന പരിധി ഉയർത്തി വിവിധ വിഭാഗത്തിൽ പണിയെടുക്കുന്നവർക്കുള്ള പെൻഷനുകൾ കാലവിളംബം കൂടാതെ കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാകണം. തൊഴിൽ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുന്നതോടെ ജനങ്ങളുടെ ജീവിത നിലവാരവും ഉയരുമെന്നുള്ളതുകൊണ്ട് കൂടുതൽ അഭിവൃദ്ധി പ്രതീക്ഷിക്കാം.

വാർഡുതല ആവശ്യങ്ങൾ

വാർഡ് 1

1 പെൻഷൻ അർഹതയുള്ള നിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ നൽകണം.

2 ഭവന നിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷകർക്ക് വീട് കൊടുക്കണം.

3 പഞ്ചായത്ത് കമ്മ്യൂണിറ്റി സെൻറിൽ ഒരു ടി വി സ്ഥാപിക്കണം.

4 അംഗൻവാടികളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കണം.

വാർഡ് 2

1 അംഗൻവാടി ഒന്നും തന്നെ അനുവദിച്ചിട്ടില്ല. ഈ വാർഡിൽ ഒരു അംഗൻവാടി ഉടനെ ആരംഭിക്കണം.

2 ദുർബ്ബല വിഭാഗത്തിൽപെട്ട ഏതാനും പേർ ധനസഹായത്തിനപേക്ഷിച്ചതിന് എത്രയും വേഗം തീരുമാനമുണ്ടാകണം.

3 ലക്ഷം വീട് കോളനികളിലെ വീടുകൾ പുനർനിർമ്മിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകണം.

വാർഡ് 3

1 വീടുകൾക്കു നൽകുന്ന വായ്പാ പരിധി കാലോചിതമായി വർദ്ധിപ്പിക്കണം.

2 ചോർന്നൊലിക്കുന്നതും ഇടിഞ്ഞുപോകുവാൻ സാദ്ധ്യതയുള്ളതുമായ ദുർബ്ബലവിഭാഗത്തിൽപെട്ടവരുടെ വീടുകൾ പുതുക്കി പണിയുന്നതിനുള്ള സഹായം ചെയ്യണം.

വാർഡ് 4

1 കോളനികളിലേക്ക് പോകുന്ന വഴികൾ വീതി കുറഞ്ഞതാണ്. വീതി കൂട്ടുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

വാർഡ് 5

1 കടക്കര അംഗൻവാടിയിൽ കുട്ടികൾക്ക് പോകുന്നതിന് വഴിയില്ല. വഴിയുണ്ടാകണം. ഈ അംഗൻവാടി പുതുക്കി പണിയേണ്ടതാണ്.

വാർഡ് 6

1 വീടുകളും സാമ്പത്തിക സഹായങ്ങളും നൽകുമ്പോൾ വിധവകളായ അപേക്ഷകർക്ക് മുൻഗണന നൽകേണ്ടതാണ്.

2 ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന പെൻഷനുകൾ 50% എങ്കിലും കൂട്ടി വർദ്ധിപ്പിക്കണം.

വാർഡ് 7

1 അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ ഒരു സമിതി രൂപീകരിക്കണം.

2 അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

3 കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ കുടിശ്ശികയില്ലാതെ അതാതു മാസം ലഭിക്കണം.

4 സ്വന്തമായി വീടില്ലാത്ത എല്ലാവർക്കും വീട് നൽകണം.

5 പെൺമക്കൾ മാത്രമുള്ള വിധവകൾക്ക് സൗജന്യമായി വീട് അനുവദിക്കണം.

വാർഡ് 8

1 ഭൂരഹിത ഭവനരഹിതരായ ദുർബ്ബല വിഭാഗത്തിൽ പെട്ടവർക്ക് ഭൂമിയും വീടുമുണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം ഉണ്ടാകണം.

2 ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം നിയമം മൂലം തടയണം.

3 കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വില നിയന്ത്രിക്കണം.

4 വീട് നിർമ്മിക്കുന്നതിന് ഘട്ടം ഘട്ടമായി കൊടുക്കുന്ന തുക യഥാസമയം കിട്ടുന്നതിനുള്ള നടപടി ഉണ്ടാകണം.

5 നിലവിലുള്ള അംഗൻവാടി കെട്ടിടം വാടക കെട്ടിടത്തിലാണ്. ഈ വാർഡിൽ അംഗൻവാടി പണിയുവാൻ യോജിച്ച നിലയിൽ മിച്ച ഭൂമിയുണ്ട്. അത് ഏറ്റെടുത്ത് അംഗൻവാടി പണിയുവാനുള്ള സൗകര്യം ഉണ്ടാക്കണം.

വാർഡ് 9

1 ഈ വാർഡിൽ കൂടുതലായി കണ്ടുവരുന്ന കുടിലുകൾ പൊളിച്ചുമാറ്റി വീടുണ്ടാക്കുന്നതിനുള്ള സഹായം ഉണ്ടാകണം.

2 ഒരു വൃദ്ധ മന്ദിരം വേണം.

സഹകരണമേഖല

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി, സാമൂഹ്യ പുരോഗതിക്കു വേണ്ടിയുള്ള സർക്കാരിന്റെ 'ഒരുപകരണം' എന്ന നിലയിൽ, 1904-ലെ സഹകരണ വായ്പാ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടിയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന് ഔദ്യോഗികമായ തുടക്കംകുറിച്ചത്. ബ്രിട്ടീഷ് സർക്കാർ നാട്ടുരാജ്യങ്ങൾക്ക് അനുവദിച്ചുകൊടുത്തിരുന്ന പ്രത്യേക നിയമനിർമ്മാണാധികാരം ഉപയോഗിച്ച് 1913-ൽ കൊച്ചിയിലും, 1914-ൽ തിരുവിതാംകൂറിലും പ്രത്യേക സഹകരണനിയമങ്ങൾ നിലവിൽ വന്നു. തിരു-കൊച്ചി സംയോജനത്തെ തുടർന്ന് 1952-ലെ തിരുവിതാംകൂർ കൊച്ചി സഹകരണ നിയമം പ്രാബല്യത്തിൽ വന്നു. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർനിർണ്ണയം ചെയ്തത്, തിരു-കൊച്ചിയും, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാറും കൂട്ടി ചേർത്ത് 1956 നവംബർ 1-ാം തീയതി കേരള സംസ്ഥാനം രൂപംകൊള്ളുന്നതിനു മുൻപുതന്നെ മലബാറിലും, കൊച്ചിയിലും തിരുവിതാംകൂറിലും സഹകരണ പ്രസ്ഥാനം ആരംഭിച്ച്, തനതായരീതിയിൽ പുരോഗതി പ്രാപിച്ചു കഴിഞ്ഞിരുന്നു. കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ ഒരേകീകൃത സഹകരണ നിയമത്തിന്റെ ആവശ്യകത ഉണ്ടാവുകയും, 1969-ലെ കേരള സഹകരണ ആക്റ്റ് പ്രാബല്യത്തിൽ വരുകയും ചെയ്തു.

ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്ക് ഇരുപത്തിയൊന്ന് വർഷങ്ങൾക്കുമുൻപ് കൊല്ലവർഷം 1101 മിഥുനമാസം 28-ാം തീയതി (12-7-1926) രജിസ്റ്റർ ചെയ്ത 1102 കർക്കിടക മാസം 22-ാം തീയതി (7-8-1927) പ്രവർത്തനം ആരംഭിച്ച 'കെടാമംഗലം പരസ്പര സഹായ സംഘം' ആണ് ഏഴിക്കരയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആധാരശില. ഇന്ത്യയുടെ ഹൃദയം ഗ്രാമങ്ങളിലാണെന്ന് ഉദ്ഘോഷിച്ച, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്മരണക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിച്ചുകൊണ്ട് ഏഴിക്കര പഞ്ചായത്തിന്റെ ഒൻപതാം വാർഡായ 'നന്ത്യാട്ടുകുന്നം' ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന 1349-ാം നമ്പർ ഗാന്ധിസ്മാരക സർവ്വീസ് സഹകരണ ബാങ്കിന്റെ ആദിമ രൂപമായിരുന്നു ഇത്.

ഗാന്ധി സ്മാരക സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1349

സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേണോവർ	ലാഭം/നഷ്ടം
1926	7548	9	1553845	6 കോടി	നഷ്ടം

ഏഴിക്കര പഞ്ചായത്തിലെ പള്ളിയാക്കൽ, ഏഴിക്കര തെക്കും ഭാഗം, വടക്കും ഭാഗം, കടക്കര എന്നിവ ഒഴികെയുള്ള ഭാഗങ്ങളും, കോട്ടുവള്ളി പഞ്ചായത്തിലെ ചില പ്രദേശങ്ങളും, പറവൂർ പട്ടണവുമാണ് പ്രവർത്തന പരിധി.

ഹെഡ് ഓഫീസ്	—	നന്ത്യാട്ടുകുന്നം
ബ്രാഞ്ച്	—	പെരുമ്പടന്ന
അംഗീകൃത ഓഹരി മൂലധനം	—	20 ലക്ഷം രൂപ
സർക്കാർ ഓഹരി	—	1,38,800 രൂപ

ആകർഷകമായ പലിശ നിരക്കിൽ വിവിധ പദ്ധതികളിലായി നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. കാർഷിക, കാർഷികേതര വായ്പകൾ നൽകി വരുന്നു. വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ, ഭവന നിർമ്മാണ വായ്പ, ഐ. ആർ. ഡി. പി. വായ്പ, സ്വർണ്ണാഭരണ പണയ വായ്പ മുതലായവ നൽകി വരുന്നു. ചിട്ടികൾ നടത്തി വരുന്നുണ്ട്. പെരുമ്പടന്നയിൽ ഒരു കൺസ്യൂമർ സ്റ്റോർ നടത്തി വരുന്നു.

30-6-1996 വരെയുള്ള പ്രവർത്തനത്തിന്റെ അവലോകനം (ബാക്കിനിൽപ്പ്):

1. സ്വീകരിച്ച നിക്ഷേപങ്ങൾ — 134 ലക്ഷം രൂപ
2. നൽകിയ വായ്പകൾ — 97 ലക്ഷം രൂപ
3. വായ്പാ കുടിശിക — 26 ലക്ഷം രൂപ
4. കുടിശിക % — 26.80 %
5. കാർഷിക വായ്പ — 14784 രൂപ
6. കാർഷിക വായ്പ — 0.15%

വായ്പാ കുടിശികയിലുള്ള വർദ്ധനവാണ് ഈ ബാങ്കിന്റെ പ്രവർത്തനം നഷ്ടത്തിലാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ നാമമാത്രമായ താൽപര്യം മാത്രമേ അംഗങ്ങൾക്കുള്ളൂവെന്ന് ബാങ്കിന്റെ കാർഷിക വായ്പാത്തോത് സൂചിപ്പിക്കുന്നു. ഇതുമൂലം ഈ ബാങ്കിന്റെ പ്രവർത്തനം കാർഷിക മേഖലയിൽ നിന്നും വ്യതിചലിച്ച് മറ്റ് മേഖലകളിലേക്ക് വ്യാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്നു.

പള്ളിയാക്കൽ സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 2232

സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേണോവർ	ലാഭം/നഷ്ടം
1943	4323	7	1557474	5.85 കോടി	നഷ്ടം

ഏഴിക്കര പഞ്ചായത്തിലെ പള്ളിയാക്കൽ, ഏഴിക്കര തെക്കും ഭാഗം, വടക്കും ഭാഗം, കടക്കര എന്നിവ ഉൾപ്പെട്ട ഒന്നു മുതൽ അഞ്ച് വരെയുള്ള വാർഡുകളാണ് പ്രവർത്തനപരിധി.

ആസ്ഥാനം — പള്ളിയാക്കൽ (വാർഡ് 2)

അംഗീകൃത ഓഹരി മൂലധനം — 21.5 ലക്ഷം രൂപ

സർക്കാർ ഓഹരി — ഇല്ല

വിവിധ പദ്ധതികളിലായി നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. പെൺകുട്ടികളുടെ വിവാഹാവശ്യങ്ങൾക്കായി രൂപം നൽകിയിട്ടുള്ള 'മംഗല്യ' നിക്ഷേപം ഈ സംഘത്തിന്റെ എടുത്തുപറയത്തക്ക പ്രത്യേകതയാണ്. അംഗങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന മരണാവശ്യങ്ങൾ നേരിടുന്നതിനു വേണ്ടി 'മരണഫണ്ട്' എന്ന പേരിൽ ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. കാർഷിക കാർഷികേതര വായ്പകൾ നൽകി വരുന്നു. വിദ്യാഭ്യാസ വായ്പ, ഐ. ആർ. ഡി. പി. വായ്പ, ഗൃഹോപകരണ വായ്പ, ഭവന നിർമ്മാണ വായ്പ, സ്വർണ്ണാഭരണ പണയ വായ്പ, സ്വയം തൊഴിൽ വായ്പ എന്നിവക്കു പുറമേ, ഏഴിക്കരയുടെ സമ്പദ് വ്യവസ്ഥയിൽ മുഖ്യ പങ്ക് വഹിക്കുന്ന 'ചെമ്മീൻ കെട്ട്' നടത്തുന്നതിനു വേണ്ടിയുള്ള വായ്പയും, ചെറുകിട കച്ചവടക്കാർക്കും വ്യവസായികൾക്കും ഓവർഡ്രാഫ്റ്റും നൽകി വരുന്നു. കേരകർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടിയും, വായ്പയെടുത്തിട്ടുള്ള അംഗങ്ങൾക്ക് വായ്പ എളുപ്പത്തിൽ അടച്ചു തീർക്കുന്നതിനു വേണ്ടിയും കെട്ടുതെങ്ങ്

നാളികേര നിക്ഷേപ പദ്ധതിയും നടപ്പിലാക്കി വരുന്നു. അംഗങ്ങൾക്ക് പ്രതിമാസ പെൻഷൻ എന്ന നിലയിൽ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി പെൻഷൻ പദ്ധതി എന്ന പേരിൽ ഒരു നിക്ഷേപ പദ്ധതിയും നടപ്പിലാക്കി വരുന്നു. ബാങ്ക് ഓഫീസിനോടനുബന്ധിച്ച് ഒരു സഹകരണ സ്റ്റോർ നടത്തി വരുന്നു. കൂടാതെ എല്ലാ വർഷവും ഓണക്കാലത്ത് ഏഴിക്കര ഗവ: ഹൈസ്ക്കൂളിൽ വച്ച് നടത്തിവരാറുള്ള ഓണച്ചന്ത എടുത്തു പറയത്തക്കതാണ്.

30-6-1996 വരെയുള്ള പ്രവർത്തനത്തിന്റെ അവലോകനം (ബാക്കിനിൽപ്പ്):

1.	സ്വീകരിച്ച നിക്ഷേപങ്ങൾ	—	130 ലക്ഷം
2.	നൽകിയ വായ്പകൾ	—	119 ലക്ഷം
3.	വായ്പ കുടിശിക	—	19 ലക്ഷം
4.	കുടിശിക %	—	15.97%
5.	കാർഷിക വായ്പ	—	3.40 ലക്ഷം
6.	കാർഷിക വായ്പ %	—	2.86%

ഈ സംഘം നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള മുഖ്യ കാരണം വായ്പ കുടിശികയിലുള്ള വർദ്ധനവ് ആണ്. ഈ പ്രദേശത്തുള്ള കാർഷിക രംഗത്തെ മുരടിപ്പ്, സംഘത്തിന്റെ കാർഷികവായ്പ ത്തോത് വ്യക്തമാക്കുന്നു.

ഏഴിക്കര പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഇ 806

സ്ഥാപന വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേണോവർ	ലാഭം/നഷ്ടം
1986	940	1	111251	7.5 ലക്ഷം	നഷ്ടം

പ്രവർത്തന പരിധി — ഏഴിക്കര പഞ്ചായത്ത്
ആസ്ഥാനം — ഏഴിക്കര വാർഡ് 4
അംഗീകൃത
ഓഹരി മൂലധനം — 3 ലക്ഷം രൂപ
സർക്കാർ ഓഹരി ഇല്ല.

ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. ജില്ലാ ബാങ്കിൽ നിന്നും കുറഞ്ഞ പലിശക്ക് വായ്പ വാങ്ങി അംഗങ്ങളുടെ ഇടയിൽ വായ്പ നൽകുന്നു, ബുക്ക് ബൈൻറിംഗ് യൂണിറ്റ് നടത്തി വരുന്നു.

30-6-1996 വരെയുള്ള പ്രവർത്തനത്തിന്റെ അവലോകനം (ബാക്കിനിൽപ്പ്):

1	നിക്ഷേപങ്ങൾ	—	0.6 ലക്ഷം
2	വായ്പ	—	2.87 ലക്ഷം
3	വായ്പ കുടിശിക	—	1.72 ലക്ഷം
4	വായ്പ കുടിശിക	—	59.9 %

അനിയന്ത്രിതമായ രീതിയിൽ വായ്പാ കുടിശിക വർദ്ധിച്ചുവരുന്നതാണ്, ഈ സംഘം നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള മുഖ്യ കാരണം.

എഴിക്കര ഗവ: ഹൈസ്ക്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 365

രജിസ്റ്റർ ചെയ്ത തീയതി : 21-11-1975

പ്രവർത്തനം ആരംഭിച്ച തീയതി : 17-12-1975

പ്രവർത്തന പരിധി : എഴിക്കര ഗവ: ഹൈസ്ക്കൂൾ,
എഴിക്കര എൽ. പി. ജി. സ്ക്കൂൾ,
ചാത്തനാട് സെൻറ് വിൻസെൻറ് ലോവർ
പ്രൈമറി സ്ക്കൂൾ

പ്രവർത്തന പരിധിയിലുള്ള സ്ക്കൂൾ കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ നൽകി നല്ല രീതിതിലുള്ള പ്രവർത്തനം കാഴ്ച വയ്ക്കുന്നു.

പറവൂർ ടൗൺ വെസ്റ്റ് പ്രൈമറി സ്ക്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ 475

രജിസ്റ്റർ ചെയ്ത തീയതി : 22-1-1976

പ്രവർത്തനം ആരംഭിച്ച തീയതി : 29-3-1976

പ്രവർത്തന പരിധി : ജി. എൽ. പി. സ്ക്കൂൾ, പെരുമ്പടന്ന
ജി. എൽ. പി. സ്ക്കൂൾ, കെടാമംഗലം
ടൗൺ മോഡൽ യു. പി. സ്ക്കൂൾ, പറവൂർ
ജി. എൽ. പി. സ്ക്കൂൾ, നന്ത്യാട്ടുകുന്നം

ആസ്ഥാനം : ജി. എൽ. പി. സ്ക്കൂൾ, നന്ത്യാട്ടുകുന്നം

പ്രവർത്തന പരിധിയിലെ സ്ക്കൂൾ കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ നൽകി നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ച വയ്ക്കുന്നു.

എഴിക്കര പഞ്ചായത്ത് ഗ്രാമ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ K. V. IND (E) 43

രജിസ്റ്റർ ചെയ്ത തീയതി : 5-3-1980

പ്രവർത്തനം ആരംഭിച്ച തീയതി : 9-7-1980

പ്രവർത്തന പരിധി : എഴിക്കര പഞ്ചായത്ത്

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ തീപ്പെട്ടി വ്യവസായം ഏർപ്പെടുത്തി തൊഴിൽ രഹിതർക്ക് തൊഴിൽ നൽകി സാമ്പത്തിക നേട്ടം കൈവരുത്തുക എന്ന ഉദ്ദേശത്തോടെ പ്രവർത്തനമാരംഭിച്ച ഈ സംഘം, തീപ്പെട്ടി വ്യവസായ രംഗത്തുള്ള പരിചയക്കുറവുമൂലം, ഉൽപ്പന്നത്തിന്റെ ഗുണമേൻമ നിലനിർത്താൻ കഴിയാതെ വരുകയും തൻമൂലം പ്രവർത്തനം നിർത്തിവെക്കേണ്ടി വരുകയും ചെയ്തു. എഴിക്കര പഞ്ചായത്തിലെ 3.ാം വാർഡിൽ റോഡരുകിൽ 7 സെൻറ് സ്ഥലം സ്വന്തമായുള്ള ഈ സംഘം വർഷങ്ങളായി പ്രവർത്തനരഹിതമാണ്.

അകാലത്തിൽ പൊലിഞ്ഞുപോയ ശുക്ര നക്ഷത്രം

ഏഴിക്കര പഞ്ചായത്തിന്റെ ചരിത്രത്തിൽ ഒരു ദുഃഖസ്മൃതിയായി ഇന്നും നിലകൊള്ളുന്ന ഒരു സഹകരണ സംഘമാണ് ഏഴിക്കര പഞ്ചായത്ത് മൾട്ടി പർപ്പസ് സഹകരണ സംഘം. ചാത്തനാട്-പറവൂർ റോഡിൽ കൂടി ഏഴിക്കര ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക്, ആദ്യമായി, ബസ് ഗതാഗതം ഏർപ്പെടുത്തിക്കൊണ്ട് ചരിത്രം തിരുത്തിക്കുറിച്ച സഹകരണ സംഘം. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പ നൽകുകയും, റേഷൻകട, തുണിക്കട എന്നിവ നടത്തുകയും, ചിട്ടികൾ നടത്തുകയും എന്നു വേണ്ട എല്ലാ പ്രവർത്തനങ്ങളും കാഴ്ച വച്ചുകൊണ്ട്, പേരിനെ അന്വർത്ഥമാക്കിയ സഹകരണ സംഘം പ്രവർത്തനത്തിലുള്ള പരിചയക്കുറവുമൂലമോ, കാര്യക്ഷമതയില്ലാത്ത മാനേജ്മെന്റ് മൂലമോ, ഏഴിക്കരക്കാരുടെ ദൗർഭാഗ്യം നിമിത്തമോ; ഏഴിക്കരയിലെ സഹകരണ പ്രസ്ഥാനത്തിലെ ആ ശുക്ര നക്ഷത്രം സഹകാരികളെ മുഴുവൻ വേദനിപ്പിച്ചുകൊണ്ട് അകാലത്തിൽ പൊലിഞ്ഞുപോയി. ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് അന്ന് സംഭവിച്ച മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല. എന്നിരുന്നാൽപോലും ഈ സഹകരണ സംഘത്തെ സ്മരിക്കാതെ ഏഴിക്കരയുടെ ചരിത്രം പൂർണ്ണമാവുന്നില്ല. ഈ സഹകരണ സംഘത്തിന്റെ തകർച്ച, ഏഴിക്കരക്കാരുടെ മനസിൽ സഹകരണ പ്രസ്ഥാനത്തിനോടുള്ള ഒരു വിമുഖത വളർത്തിയെടുത്തു എന്നു പറഞ്ഞാൽ അതിശയോക്തിയാവുകയില്ല.

ഭവന നിർമ്മാണ വായ്പ

പറവൂർ ടൗൺ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'പറവൂർ ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഇ 305' ന്റെ പ്രവർത്തന പരിധിയിലാണ് ഏഴിക്കര പഞ്ചായത്ത്. 80 വായ്പകളിലായി 29 ലക്ഷം രൂപ ഭവനനിർമ്മാണത്തിനുള്ള ദീർഘകാല വായ്പയായി ഈ സംഘത്തിൽനിന്നും ഏഴിക്കര പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

കാർഷിക വികസന ദീർഘകാല വായ്പ

മണ്ണൊലിപ്പ് നിവാരണ പദ്ധതി, വാഹന വായ്പ, ചെമ്മീൻ കൃഷി, പന്നി വളർത്തൽ, സാധാരണ വായ്പ, തെങ്ങു പുനരുദ്ധാരണ പദ്ധതി, ചെറുകിട ജലസേചന പദ്ധതി, ഭവന നിർമ്മാണ വായ്പ എന്നീ മേഖലകളിലായി ഈ പഞ്ചായത്തിലെ 28 ഗുണഭോക്താക്കൾക്ക് 18,35,500 രൂപ ദീർഘകാല വായ്പയായി കാർഷിക വികസന ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്.

സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളായ 'ഗാന്ധി സ്മാരക സർവ്വീസ് സഹകരണ ബാങ്ക്', പള്ളിപ്പാക്കൽ സർവ്വീസ് സഹകരണ സംഘം' എന്നിവയും, കാർഷികേതര വായ്പാ സഹകരണ സംഘമായ 'ഏഴിക്കര പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘവും അറനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അനിയന്ത്രിതമായ രീതിയിൽ വായ്പാ കുടിശ്ശിക വർദ്ധിച്ചു വരുന്നത്, സംഘങ്ങൾ നഷ്ടത്തിലാവാനുള്ള മുഖ്യ കാരണമാണ്. കാർഷിക രംഗത്തുള്ള നമ്മുടെ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പങ്ക് പരിതാപകരമാണെന്ന് സംഘങ്ങളുടെ പ്രവർത്തനം വിശകലനം ചെയ്ത സന്ദർഭത്തിൽ വ്യക്തമാക്കുകയുണ്ടായി. പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലകളിലേക്ക് വായ്പകൾ കൂടുതൽ പോകുന്നതുകൊണ്ട്, വായ്പകളുടെ തിരിച്ചടവു വളരെ കുറവാണ്.

2. ഈ പഞ്ചായത്തിൽ രണ്ടു നാഷനലൈസ്ഡ് വാണിജ്യബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കുകളുടെ ലഘൂകരിക്കപ്പെട്ട വായ്പാ നപടികളും, പലിശ നിരക്കിൽ ഉള്ളകുറവും സഹകരണ ബാങ്കുകളേക്കാൾ കൂടുതലായി ഈ ബാങ്കുകളെ ആശ്രയിക്കുവാൻ വ്യക്തികളെ പ്രേരിപ്പിക്കുന്നു.

3 ക്ഷീരവികസന സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നില്ല.

4 വനിതാ സഹകരണ സംഘം, മൽസ്യത്തൊഴിലാളി സഹകരണ സംഘം, ആർട്ടിസാൻസ് വികസന സഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നില്ല.

5 ഈ പ്രദേശത്തെ പ്രധാന കൃഷികളായ നെല്ല്, തെങ്ങ്, ചെമ്മീൻ, പച്ചക്കറി എന്നിവക്കാവശ്യമായ സാമ്പത്തിക സഹായം മിതമായ പലിശ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നില്ല.

6 കേരസംസ്ക്കരണം-വിപണനം, കേരോൽപ്പന്ന നിർമ്മാണം-വിപണനം എന്നിവ സഹകരണ മേഖലയിൽ ഇല്ല.

7 ഊർജ്ജിതമായ ഒരു പൊതുവിതരണ സമ്പ്രദായം ഇല്ല.

വാർഡ്തല പ്രശ്നങ്ങൾ

വാർഡ് 1

1 നെൽകൃഷിക്കുവേണ്ടി ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളും രൂപീകരിക്കണം.

2 2232-ാംനമ്പർ പള്ളിയാക്കൽ സർവ്വീസ് സഹകരണ സംഘത്തിൽനിന്നും ഓരോ പ്രാവശ്യം വായ്പയെടുക്കുമ്പോഴും 'കെട്ടിട ഫണ്ട്' ഈടാക്കുന്ന രീതി നിർത്തൽ ചെയ്യണം.

3 വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യണം.

4 തൊഴിൽ രഹിതരായ വ്യക്തികൾക്ക് തൊഴിൽ ചെയ്യുന്നതിനുവേണ്ടി ആവശ്യമായ ധനസഹായം വായ്പയായി നൽകണം.

വാർഡ് 2

1 കൃഷി ശാസ്ത്രജ്ഞരും, ഉദ്യോഗസ്ഥരും, സംഘാംഗങ്ങളും നിരന്തരം സമ്പർക്കം പുലർത്തി തെങ്ങുരോഗ നിവാരണ മാർഗ്ഗങ്ങളും നടപ്പിലാക്കണം.

2 പൊക്കാളി നെല്ല് ആധുനിക സജ്ജീകരണങ്ങളും ഉപയോഗിച്ച് അരിയാക്കി വിപണനം ചെയ്യണം.

3 18 വയസ് പൂർത്തിയാക്കിയ എല്ലാ വ്യക്തികളേയും സഹകരണ സംഘാംഗങ്ങളും ആക്കി തീർക്കുക.

4 നിക്ഷേപ സമാഹരണം ഊർജ്ജിതമാക്കുക.

5 അംഗങ്ങൾക്കെന്നപോലെ പൊതു ആവശ്യങ്ങൾക്കും വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തുക.

വാർഡ് 3

1 പള്ളിയാക്കൽ സർവ്വീസ് സഹകരണ സംഘം നടത്തുന്ന 'മരണ ഫണ്ട്' സ്കീമിൽ മുഴുവൻ അംഗങ്ങളേയും ചേർക്കുക.

2 പ്രവർത്തനരഹിതമായി കിടക്കുന്ന തീപ്പെട്ടി നിർമ്മാണ യൂണിറ്റ് പുനരുദ്ധരിക്കുക.

വാർഡ് 4

1 ക്ഷീരോൽപാദന-വിപണന സഹകരണ സംഘം സ്ഥാപിക്കുന്നതിനോടനുബന്ധമായി ഫ്രീസിംഗ് പ്ലാൻറ്, പാസ് ചറൈസേഷൻ പ്ലാൻറ് എന്നിവയും, പശുക്കളെ വളർത്തുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകളും നിർമ്മിക്കുക.

2 പ്രവർത്തന രഹിതമായി കിടക്കുന്ന 'ഏഴിക്കര പഞ്ചായത്ത് ഗ്രാമ വ്യവസായ സഹകരണ സംഘം' പുനരുദ്ധരിച്ച് തീപ്പെട്ടി നിർമ്മാണത്തോടൊപ്പം, കൈത്തറി മെഴുകുതിരി നിർമ്മാണം എന്നിവ കൂടി ആരംഭിക്കുക.

3 പച്ചക്കറി ഉൽപാദന-വിപണന സഹകരണ സംഘം സ്ഥാപിക്കുന്നതിനോടൊപ്പം, മഞ്ചാറി, ചിപ്പി കൂൺ, കുററി മുല്ല, ഓർക്കിഡ് മുതലായവ ഉൽപ്പാദിപ്പിക്കുവാനും വിപണനം ചെയ്യുവാനും നടപടിയെടുക്കുക.

വാർഡ് 5

പ്രശ്നങ്ങളൊന്നും ഇല്ല.

വാർഡ് 6

1 പശുക്കളെ വാങ്ങുന്നതിനാവശ്യമായ വായ്പകളും സംഘം മുഖേന അനുവദിക്കേണ്ടതാണ്.

2 തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് P. M. R. Y. പദ്ധതി സഹകരണ സംഘം വഴി നടപ്പിലാക്കുക.

3 ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ മുടക്കുമുതലിന്റെ 5% കൈവശമുള്ള വ്യക്തികൾക്ക്, വ്യവസായം തുടങ്ങുന്നതിനാവശ്യമായ തുക കുറഞ്ഞ പലിശനിരക്കിൽ ദീർഘകാല വായ്പയായി നൽകുക.

4 ഗുണഭോക്താക്കൾ ആരംഭിക്കുന്ന തൊഴിൽ സ്ഥാപനങ്ങൾ ഈടുവാങ്ങി വായ്പ നൽകുന്നതിനുള്ള സംവിധാനം സ്വീകരിക്കണം.

5 സഹകരണ സംഘങ്ങൾ നൽകുന്ന വായ്പകളുടെ വിനിയോഗം ശരിയായ രീതിയിൽ ആണോ എന്ന് ഉറപ്പ് വരുത്തണം.

6 വിപണനം ഉറപ്പുവരുത്തുന്നതിന് സഹകരണ മേഖലയിൽ ഒരു പൊതു വിപണനകേന്ദ്രം ആരംഭിക്കേണ്ടതാണ്.

വാർഡ് 7

1 നെയ്ത്ത്, കയർ എന്നീ മേഖലകളിൽ സംഘം രൂപീകരിക്കണം.

2 വായ്പ നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ ലഘൂകരിക്കണം.

വാർഡ് 8

1 സഹകരണാടിസ്ഥാനത്തിൽ നെല്ല് കുത്തുന്ന മിൽ, ധാന്യങ്ങൾ പൊടിക്കുന്ന മിൽ എന്നിവ സ്ഥാപിക്കണം.

2 സഹകരണ ബാങ്ക് സ്ഥാപിക്കണം.

വാർഡ് 9

1 ഗാന്ധി സ്മാരക സർവ്വീസ് സഹകരണ ബാങ്കിൽ ചെമ്മീൻ വളർത്തൽ, മൽസ്യം വളർത്തൽ, നെൽകൃഷി മുതലായവക്ക് വായ്പ നൽകുന്നതിനു വേണ്ടി പുതിയ സ്കീമുകൾ ആരംഭിക്കേണ്ടതാണ്.

2 ആർട്ടിസാൻസ് സഹകരണ സംഘം സ്ഥാപിക്കണം.

സഹകരണ മേഖലയിലെ സാദ്ധ്യതകൾ

1 നിലവിലുള്ള വായ്പാ സംഘങ്ങളുടെ നഷ്ടം നികത്തുന്നതിനുവേണ്ടി, 3 വർഷത്തിനു മുകളിൽ പഴക്കമുള്ള എല്ലാ വായ്പകളും അവസാനിപ്പിക്കുന്നതിനുവേണ്ട നിയമ നടപടികൾ സ്വീകരിക്കണം.

2 വായ്പകളുടെ വിനിയോഗം ഉറപ്പു വരുത്തുക.

3 വായ്പയെടുക്കുന്ന സമയത്ത് സംഘാംഗങ്ങളിൽ നിന്നും ഈടാക്കി വരുന്ന നിയമവിധേയമല്ലാത്ത എല്ലാ തുകകളും ഈടാക്കുന്ന നടപടി അവസാനിപ്പിക്കുകയും, ജില്ലാ ബാങ്കുകൾ മുഖേന ലഭിക്കുന്ന പലിശ കുറഞ്ഞ എല്ലാ വായ്പകളും കഴിയുന്നത്ര വിതരണം ചെയ്ത് മറന് നാഷനലൈസ്ഡ് ബാങ്കുകളുമായി മൽസരിക്കുന്നതിന് തയ്യാറെടുക്കുകയും ചെയ്യുക.

4 വാർഡുകൾതോറും കൂട്ടായ ഒരു സർവ്വേയും, ബോധവൽക്കരണവും നടത്തി അതിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

5 പശുക്കളെ വളർത്തുന്ന വീടുകളിൽ സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ക്ഷീരവികസന സംഘങ്ങൾ മുഖേന മുൻകൈ എടുക്കുക.

9 ഇറച്ചി കോഴികളേയും മുട്ടകോഴികളേയും വിതരണം ചെയ്യുക.

10 ഇൻഷുറൻസ് നടപ്പിലാക്കുക.

11 അനധികൃത ഇറച്ചി വിൽപ്പന തടയുക.

12 ഗോവർധന നടപടി നടപ്പിലാക്കുക.

13 ബയോഗ്യാസ് പദ്ധതി കാര്യക്ഷമമാക്കുക.

സാദ്ധ്യതകൾ

1 തീറപ്പുൽകൃഷി നടത്താൻ കഴിയും.

2 കുറഞ്ഞത് 500 പശുക്കളെ വളർത്താൻ കഴിയും.

3 പശുക്കളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും വായ്പയും സബ്സിഡിയും ലഭ്യമാക്കുക.

4 പന്നി വളർത്തൽ പ്രോൽസാഹിപ്പിക്കുക.

5 കോഴി, താറാവ് ഇവയുടെ രോഗപ്രതിരോധചികിൽസ മെച്ചപ്പെടുത്തുകയും ഇൻഷുറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

6 മുയൽ വളർത്തൽ പ്രോൽസാഹിപ്പിക്കുക.

7 ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുക.

8 പ്രവർത്തന രഹിതമായ ബയോഗ്യാസ് പ്ലാൻറുകളും പുനരുദ്ധരിക്കുകയും പുതിയവ തുടങ്ങുകയും ചെയ്യുക.

9 പുതിയതായി ആരംഭിച്ച മൃഗാശുപത്രി വികസിപ്പിക്കുക.

10 മൽസ്യ മാംസാദികളും വിൽക്കുന്നതിനു ആരോഗ്യകരമായ സംവിധാനം ഏർപ്പെടുത്തുക.

11 ക്ഷീര സഹകരണ സംഘം സ്ഥാപിക്കാൻ കഴിയും.

മൽസ്യബന്ധനം

പരമ്പരാഗതമായ മൽസ്യബന്ധനരീതികളാണ് ഇപ്പോഴും തുടരുന്നത്. മൽസ്യത്തൊഴിലാളികളും സംഘടിതരാണെങ്കിലും ഉൽപ്പാദനക്ഷമത നിലനിർത്തി സാമ്പത്തികോന്നമനത്തിനു പ്രയോജനപ്പെടുന്ന പ്രവർത്തനങ്ങളൊന്നും മൽസ്യത്തൊഴിലാളികളുടെ ഇടയിൽ ഇല്ല. ഈ നില മാറുന്നതിനും മൽസ്യത്തൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങൾ കണക്കിലെടുത്തു സഹകരണ സംഘങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തു പ്രദേശത്ത് ചുരുങ്ങിയതു 4 മൽസ്യത്തൊഴിലാളി സഹകരണ സംഘവും ഒരു വനിതാ മൽസ്യത്തൊഴിലാളി സഹകരണ സംഘവും രൂപീകരിച്ചു പ്രവർത്തിക്കണം. തൻമൂലം സാമൂഹ്യ സാമ്പത്തിക രംഗത്തു മൽസ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അങ്ങിനെ മൊത്തത്തിൽ സമൂഹത്തിന്റെ ഉയർച്ചക്കും വഴിവക്കും.

പ്രശ്നങ്ങളും സാദ്ധ്യതകളും

ഉംനാടൻ മൽസ്യബന്ധനമാണ് ഈ മേഖലയിലെ തൊഴിൽരീതി. ഇന്നിപ്പോഴും സമുദ്ര വെള്ളത്തിന്റെ കയറ്റിറക്കു കായലിൽകൂടി പുഴകളിലേക്കും തോടുകളിലേക്കും തുടർന്ന് ചെമ്മീൻ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിലേക്കും എത്തിച്ചേരുന്നതിനും പുഴയും തോടുകളും നികന്നു ആഴമില്ലാത്ത അവസ്ഥയിലേക്കു എത്തിയിരിക്കുന്നു. തോടുകളും പുഴകളും കായലിൽ തന്നെ നല്ലൊരു ഭാഗവും താഴ്ത്തേണ്ടതുണ്ട്. ഉദാഹരണമായി ചാത്തനാട് കായൽ, പുത്തൻതോട് തോട്, ആമ്പല്ലൂർതോട്, കണ്ണൻചിറ മുതൽ കുണ്ടേക്കാവ് വരെയും അവിടെനിന്നു ചാത്തനാട് കായൽ വരേയുമുള്ള പുഴ. ഇതിനു പുറമെ പെരുതും വലുതുമായ മറ്റു പെരുതോടുകളും എല്ലാംതന്നെ നികന്നതിന്റെ ഫലമായി വെള്ളത്തിന്റെ കയറ്റിറക്കു കാര്യക്ഷമമാകുന്നില്ല. ഇതിനു പുറമെ പറവൂർ ലേബർ കോഡവലപ്പ്മെന്റ് ബാങ്കിന്റെ ഫിഷ്പോണ്ട് ചിറ വെള്ളത്തിന്റെ കയറ്റിറക്കിനെ കാര്യമായി ബാധിച്ചതിന്റെ ഫലമായി വെള്ളം കയറാനും ഇറങ്ങാനും കഴിയാതെ സ്തംഭനം ഉണ്ടാക്കു

കയും മണ്ണും ചെളിയും അടിഞ്ഞുകൂടി ഈ ഭാഗങ്ങളെല്ലാം ഉയർന്നു പുഴയുടെ ആഴം കുറക്കുകയും ചെയ്തിരിക്കുന്നു. ഇതിനു ഫിഷ്പോണ്ടുചില അമ്പതു മീറ്ററിൽ കുറയാതെ നീക്കി സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

മൽസ്യരോഗങ്ങളും പുതിയൊരു വെല്ലുവിളിയായി തീർന്നിരിക്കുന്നു. വ്യവസ്ഥയ മേഖലയിലെ മാലിന്യങ്ങളും ജലാശയങ്ങളിലേക്കു തള്ളുന്നതു കൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നതെന്നു കൃഷിക്കാരും മൽസ്യത്തൊഴിലാളികളും സംശയിക്കുന്നു. അങ്ങിനെയെങ്കിൽ അതിന് ഉന്നത വിദഗ്ദ്ധരുടെയും ജനപ്രതിനിധികളുടെയും പരീക്ഷണ നീരീക്ഷണങ്ങൾക്കു ഇതു വിഷയീഭവിക്കുകയും പ്രതിവിധിയുണ്ടാകുകയും വേണം.

വാർഡുതല ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ

1 വീരമ്പുഴ കായലും ചാത്തനാടിന്റെ കിഴക്കു ഭാഗത്തെ കായലും തമ്മിൽ യോജിപ്പിച്ച് കൃഷിക്കും. മൽസ്യ ബന്ധനത്തിനും ഉപകാരപ്രദമാക്കണം.

2 മൽസ്യ മാർക്കറ്റും മൽസ്യ തൊഴിലാളി സഹകരണ സംഘവും സ്ഥാപിക്കണം.

3 പഞ്ചമാസ റിലീഫ് കായലോര മൽസ്യ തൊഴിലാളികൾക്ക് ലഭ്യമാക്കണം.

4 കൊച്ചി അഴി മുതൽ കായലിന്റെ ആഴം വർദ്ധിപ്പിക്കണം.

5 മൽസ്യ ബന്ധനത്തിന് ഒരു കടവും കുഴിപ്പനത്ത് ഒരു റോഡും ഉണ്ടാകണം.

6 മൽസ്യ ബന്ധന ഉപകരണങ്ങൾ ന്യായമായ വിലക്ക് വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാകണം.

വാർഡ് 5

1 ചീനവല തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് ലഭ്യമാക്കണം.

വാർഡ് 6

1 കായലുകളിൽ 'പടുത്തു' ഇടുന്ന നടപടി തടയുക.

2 ഭവന നിർമ്മാണ വായ്പക്കുള്ള കാലതാമസം ഒഴിവാക്കുക.

3 മൽസ്യ തൊഴിലാളി കുട്ടികൾക്കു വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തുക.

4 കായൽനികത്തു പൂർണ്ണമായി തടയുക.

5 ബസ് സർവ്വീസ് കാര്യക്ഷമമാക്കുക.

6 അനധികൃത മൽസ്യ ബന്ധനം തടയുക.

വാർഡ് 7

1 മൽസ്യ മാർക്കറ്റും കോൾഡ് സ്റ്റോറേജും സ്ഥാപിക്കുക.

വാർഡ് 8

1 പുറമ്പോക്കു കായലുകളെ പഞ്ചായത്തു സ്വന്തമാക്കുക.

2 കുളങ്ങളിൽ മൽസ്യം വളർത്തൽ നടത്തുന്നതിനു വേണ്ടതു ചെയ്യുക.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തതൃത്തിയിൽ മൊത്തം 4092 പട്ടിക ജാതിക്കാരും 13 പട്ടിക വർഗ്ഗക്കാരുമാണുള്ളത്. സാമൂഹ്യമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമാണിത്. വിദ്യാഭ്യാസപരമായും വലിയ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസംവരെ എത്തി നിൽക്കുന്നവരാണു ബഹഭൂരിപക്ഷവും. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം 100ൽ താഴെ മാത്രമാണ്. അടിസ്ഥാന വർഗ്ഗമായി കരുതിപോരുന്ന ഇവർ കർഷക തൊഴിലാളികളാണ്. ഉച്ചനീചത്വങ്ങൾ ഇപ്പോഴും കുറച്ചൊക്കെയുണ്ട്. കാർഷിക തൊഴിലിൽനിന്നും കിട്ടുന്ന വരുമാനം മറ്റു മേഖലകളിൽനിന്നും കിട്ടുന്നതിനേക്കാൾ കുറവാണ്. ഇതുമൂലം കാർഷിക മേഖലയിൽനിന്നും മറ്റു മേഖലകളിലേക്കു തൊഴിലന്വേഷിച്ചു പോകുന്ന പ്രവണത അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

പാടത്തിന്റെ കരകളിലും പുഴയോരങ്ങളിലും ഉൾഭാഗത്തുമായി വീടുവച്ചു ജീവിക്കുന്ന ഇവർക്കു ഗതാഗത സൗകര്യം തീരെയില്ല. വൈദ്യുതി എത്താത്ത വീടുകളാണധികവും. കുടിവെള്ളം പൊതു ടാപ്പുകളെ ആശ്രയിച്ചാണ് കഴിയുന്നത്. JRY പദ്ധതി, പട്ടികജാതി ക്ഷേമ വകുപ്പ്, പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവ മുഖേന വീടുകൾ കിട്ടിയ 400-ഓളം കുടുംബക്കാരുണ്ട്. സ്വന്തമായി വീട് പണിതു താമസിക്കുന്നവരും ഏതാണ്ട് 100 പേർ വരും. ഇനിയും 300-നും 400-നും ഇടയ്ക്ക് വീട്ടുകാർ ഓലപ്പുരയിലും മറ്റും താമസിക്കുന്നു. സ്വന്തമായി ഭൂമിയില്ലാത്തവരുമുണ്ട്. ഇവർക്കെല്ലാം വീടുണ്ടാകണം. വൈദ്യുതി എത്തണം. കുടിവെള്ളം എത്തണം.

സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യങ്ങളൊന്നും തന്നെയില്ല. ഏഴിക്കര പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം മുഖേന കുറെ യുവതികൾക്ക് ബുക്ക് ബൈൻറിംഗ് പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും ഈ രംഗത്ത് പിടിച്ചുനിൽക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ബ്ലോക്കിലെ ലൈസൻ പരിപാടിയനുസരിച്ചും ഏതാനും പേർക്ക് പരിശീലനം കിട്ടി. അതിലും പിടിച്ചുനിൽക്കുന്നവർ കൈവിരലിലെണ്ണാവുന്ന വർമാത്രമേയുള്ളു. തൊഴിൽ പരിശീലനം കൊണ്ട് മാത്രമായില്ല, ആ രംഗത്ത് അവരെ നിലനിർത്തുന്നതിനുള്ള സാമ്പത്തിക സഹായവും ബോധവൽക്കരണവും ആവശ്യമാണ്.

വിവിധ ക്ഷേമ പ്രവർത്തനങ്ങളിൽ പുരകെട്ടിമേയുന്നതിനും, വിധവകളുടെ കുട്ടികളുടെ ധനസഹായം കിട്ടിയവരുണ്ട്, വീടു വൈദ്യുതീകരിക്കുന്നതിനും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനും പഞ്ചായത്തും ബ്ലോക്കും പട്ടികജാതി വികസന വകുപ്പും ധനസഹായം ചെയ്തിട്ടുണ്ട്. എന്നാൽ തന്നെ അതൊന്നും വേണ്ടത്ര ആയിട്ടില്ല. നല്ലൊരു വിഭാഗം പേരും ഈ രംഗത്ത് ആവശ്യക്കാരായിട്ടുണ്ട്. വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല. അതാകട്ടെ തുച്ഛമായ സംഖ്യയുമാണ്. മിച്ചഭൂമി കിട്ടിയ പട്ടിക ജാതിക്കാർ ഉണ്ട്. അവരുടെ ഭൂമി സംരക്ഷിക്കുന്നതിനു കൽചിറ കെട്ടി കൊടുത്തിട്ടുമുണ്ട്. എന്നാൽ ഇതുകൊണ്ടും അവർക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല.

വിദ്യാഭ്യാസപരമായി നോക്കുമ്പോൾ പത്താം ക്ലാസുവരെയുള്ള വിദ്യഭ്യാസമാണു ബഹുഭൂരിപക്ഷം പേർക്കുമുള്ളത്. ഇതുമൂലം പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനുള്ള മനസ് അവരിൽ നഷ്ടപ്പെടുന്നു. ഉയർന്ന തൊഴിൽ ചെയ്യുന്നതിനുള്ള വിദ്യാഭ്യാസമോ സാങ്കേതിക പഠിപ്പോ ഇല്ലാത്തതുകൊണ്ടും ഒരിടത്തും നിലയുറപ്പിക്കാൻ കഴിയാതെ യുവതീയുവാക്കൾ അലയുന്ന കാഴ്ച ഈ പഞ്ചായത്തിൽ ഉടനീളമുണ്ട്. എങ്ങിനെയെങ്കിലും ജീവിക്കുക എന്ന ലക്ഷ്യം മാത്രമാണ് ഇപ്പോൾ അവരെ നയിക്കുന്നത്.

പട്ടികജാതിക്കാർക്കു മുൻതൂക്കമുള്ള 19 കോളനികൾ ഈ പഞ്ചായത്ത് അതിർത്തിയിലുണ്ട്. മാവേലിത്തറ മണ്ണുചിറ കോളനി മിനി അംബേദ്കർ കോളനിയായി പ്രഖ്യാപിച്ച് വീടുകളും കക്കൂസും മൽസ്യബന്ധനോപകരണങ്ങളും വൈദ്യുതിയും എത്തിച്ചിട്ടുണ്ടെങ്കിലും ഇതൊന്നും കിട്ടാത്ത

കുടുംബക്കാരും അവിടെയുണ്ട്. റോഡു വികസനത്തിന്റെ കാര്യത്തിൽ മാവേലിത്തറ മണ്ണുചിറ റോഡ് പഞ്ചായത്തിന്റെ JRY പദ്ധതിയിലും ഉപാധി രഹിത ഫണ്ടും ഉപയോഗിച്ച് നല്ലൊരു ഭാഗം പണി പൂർത്തിയായിട്ടുണ്ടെങ്കിലും ഇനിയും പണിയൊന്നും നടക്കാതെ കുറെ ഭാഗങ്ങളും കൂടിയുണ്ട്.

മൊത്തത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കു ഇനിയും പരാധീനതകളേറെയുണ്ട്. വാർഡു തല ആവശ്യങ്ങളും താഴെ കൊടുക്കുന്നു.

വാർഡ് 1

1 പട്ടികജാതി യുവതീ യുവാക്കൾക്കു തൊഴിൽ സൗകര്യങ്ങളും എർപ്പെടുത്തുക.

2 ഭവന നിർമ്മാണത്തിനുള്ള ഗ്രാന്റ് കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യുക.

3 ഭൂരഹിത ഭവന രഹിതർക്കു ധനസഹായം ചെയ്യുക.

വാർഡ് 2

1 വെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ അതില്ലാത്തവർക്ക് നൽകുക.

2 വീടില്ലാത്ത 20 കുടുംബക്കാർക്ക് വീടുണ്ടാക്കുന്നതിനു സഹായം നൽകുക.

3 കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു പ്രത്യേക റിസ്സൂഷൻ ഏർപ്പെടുത്തുക.

4 ഗതാഗത സൗകര്യം ഏർപ്പെടുത്തുക.

5 55 വയസ് പൂർത്തിയാക്കിയ കർഷക തൊഴിലാളികൾക്കും മൽസ്യതൊഴിലാളികൾക്കും പെൻഷൻ നൽകുക.

വാർഡ് 3

1 ആട്ടയിൽ കോളനിയിലും ഈട്ടുമ്മൽ കോളനിയിലും വീടുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടത്തുക.

2 പൊതുശ്മശാനത്തിലേക്ക് റോഡുണ്ടാക്കുക.

3 പൂർത്തിയാക്കാൻ കഴിയാത്ത വീടുകൾ പൂർത്തിയാക്കുന്നതിനു സഹായം നൽകുക.

വാർഡ് 4

1 വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നതിനു നടപടിയുണ്ടാക്കുക.

2 ഓലകൊണ്ടുള്ള വീടുകൾ മാറി പണിയുന്നതിനു നടപടി സ്വീകരിക്കുക.

വാർഡ് 5

1 കുടിവെള്ളത്തിനു മണിയൻ പറമ്പിൽ ടാപ്പ് വെക്കുക.

2 തറേപ്പറമ്പ് മുതൽ എട്ടിൽ വീടു വരേയും എടത്തുരുത്തു കോളനിയിലും സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തുക.

3 ലങ്കാപാലം റോഡ് പുളിയാംപള്ളി റോഡുമായി ബന്ധിപ്പിക്കുക.

4 കൊച്ചു ലങ്കാപാലം പുതുക്കി പണിയുക.

വാർഡ് 6

1 കൃഷിഭൂമി നികത്തുന്നതു തടയുക.

2 വിലക്കയറ്റത്തിനനുസരിച്ച് കൂലി വർദ്ധിപ്പിക്കുക.

3 അംഗങ്ങൾ കൂടുതലുള്ള വീട്ടുകാരെ പുനരധിവസിപ്പിക്കുക.

4 മാരകമായ രോഗം പിടിപെട്ടവർക്കു ധനസഹായം നൽകുക.

5 പടിഞ്ഞാറെ പോട്ടയും അമ്പലക്കടവു റോഡുമായി ബന്ധിപ്പിച്ച് ടാപ്പ് സ്ഥാപിക്കുക.

6 കുടിയാക്കുളങ്ങര 4 സെന്റ് കോളനിയിലെ തെക്കുള്ള വീട്ടുകാർക്കു സഞ്ചാര സൗകര്യം ഏർപ്പെടുത്തുക.

7 പടിഞ്ഞാറെ പോട്ടയിൽ പടിഞ്ഞാറെ അതിരിലെ വഴി സംരക്ഷിക്കുക.

വാർഡ് 7

1 പീടികേയ്ക്കൽപറമ്പ് കോളനിയിലെ വഴി കയ്യേറ്റം ഒഴിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.

2 കാട്ടേത്തു കോറാഴത്തു കോളനികളിലേക്കുള്ള വഴി വീതി കൂട്ടുക.

3 വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുക.

4 തോടുകളിലെ കക്കൂസുകൾ മാറ്റുക.

വാർഡ് 8

1 മാവേലിത്തറ മണ്ണുചിറ റോഡിൽ നിന്നും പടിഞ്ഞാട്ട് പുതിയ റോഡുണ്ടാക്കണം.

2 ആലുകൾ പെരുമ്പടന്ന റോഡിൽ കാന നിർമ്മിക്കുക.

3 ടാപ്പുകളുടെ അറ്റകുറ്റ പണി നടത്തുക.

4 15 ദിവസംമാത്രം തൊഴിൽ കിട്ടുന്നവരുടെ മക്കൾക്കു തൊഴിൽ സൗകര്യം ഏർപ്പെടുത്തുക.

5 പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലത്തു വോൾട്ടേജ് ഏർപ്പെടുത്തുക.

6 മാവേലി സ്റ്റോർ തുടങ്ങുക.

7 വിത്തും വളവും തൊഴിൽ ഉപകരണങ്ങളും യഥാസമയം കൊടുക്കുക.

8 ഒരു അംഗൻവാടികൂടി സ്ഥാപിക്കുക.

വാർഡ് 9

1 ഉത്രംപിള്ളി, അമ്പാട്ട് എന്നീ കോളനികളിലെ വെള്ളക്കെട്ട് ഒഴിവാക്കുക.

9 ഉത്രംപിള്ളി, അമ്പാട്ട് എന്നീ കോളനികളുടെ സമീപത്തുള്ള 23 പട്ടികജാതി കുടുംബങ്ങളെ കോളനി ആനുകൂല്യത്തിൽ പെടുത്തുക.

പ്രശ്നങ്ങൾ

കോളനികളിലെ വെള്ളക്കെട്ട്, വൈദ്യുതീകരണം, കക്കൂസ് നിർമ്മാണം, പെൻഷൻ സംഖ്യ ഉയർത്തൽ, കുടിവെള്ളം എത്തിക്കൽ എന്നിവ പ്രശ്നങ്ങളായി തുടരുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

പരിഹാരം

ഫലപ്രദമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഓരോ വാർഡിലേയും പൊതു ആവശ്യങ്ങളും അതാതു വാർഡിലെ പ്രശ്നങ്ങളും കഴിവതും പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വിഭവ സമാഹരണം

സ്വാതന്ത്ര്യാനന്തര ഭാരതം എട്ടു പഞ്ചവൽസര പദ്ധതികൾക്കുരൂപംനൽകികഴിഞ്ഞു. എന്നാൽ ഈ കാലഘട്ടത്തിൽ സമഗ്രമായ വിഭവ സമാഹരണത്തിന്റെ ആവശ്യകത ഉറപ്പുവരുത്തിയിരുന്നില്ല. തൽമൂലം ആസൂത്രണം സംബന്ധിച്ച തീരുമാനങ്ങളിലോ നിർവ്വഹണത്തിലോ ജനപങ്കാളിത്തത്തിന്റെ അഭാവമാണ് അനുഭവപ്പെട്ടത്. ആസൂത്രണം തികച്ചും ഉദ്യോഗസ്ഥമേധാവിത്വപരമായിത്തീർന്നു. വിഭവപരിമിതി കണക്കിലെടുക്കാതെ ഒട്ടനവധി പദ്ധതികൾ ഒരേ സമയം ഏറ്റെടുക്കുന്ന രീതിയാണു നിലവിലിരുന്നത്.

73-ാം ഭരണഘടനാ ഭേദഗതി പ്രകാരം അധികാരം വികേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്കു കിട്ടിയ പരമപ്രധാനമായ സംഗതിയാണ് ഗുണഭോക്തൃനിരൂപണത്തിനും വിലയിരുത്തലിനുമുള്ള അധികാരം. മുൻകാലങ്ങളിലെ പദ്ധതി വിഹിതത്തിലുണ്ടായിട്ടുള്ള ചോർച്ച തടഞ്ഞ് ലക്ഷ്യപ്രാപ്തിയിലെത്തുന്നതിന് പ്രാദേശിക വിഭവ സമാഹരണം കൂടിയേതീരൂ.

പ്രാദേശിക വിഭവ സമാഹരണം + പ്രാദേശിക വൈദഗ്ദ്ധ്യം —> പ്രാദേശിക പ്രശ്നപരിഹാരം

ഇതിൽ ഊന്നി നിന്നുകൊണ്ടാവണം നമ്മുടെ പദ്ധതി രൂപീകരണം.

1995-96ലെ ഏഴിക്കര ഗ്രാമപഞ്ചായത്ത് രേഖകൾ പ്രകാരമുള്ള

വരുമാനം

		രൂ.
തൊഴിൽ നികുതി	:	72000 00
കെട്ടിട നികുതി	:	14000 00
വിനോദ നികുതി	:	—
നികുതിയേതരം	:	35000 00
ഗ്രാൻറുകൾ	:	48997 00

ചെലവ്

		രൂ.
എസ്റ്റാബ്ളിഷ്മെൻറ്	:	245000 00
പൊതുമരാമത്ത്	:	158900 00
മറ്റുള്ളവ	:	11316 00
തെരുവുവിളക്ക്	:	77660 00
കടം തിരിച്ചടവ്	:	24500 00

മറ്റു ഡിപ്പാർട്ട്മെൻറിൽ നിന്നുള്ള വരുമാനം

		രൂ,
അഗ്രികൾച്ചർ ഡിപ്പാർട്ടുമെൻറ്	:	61597
ഡയറി ഡവലപ്പ്മെൻറ്	:	9020
റവന്യൂ ഡിപ്പാർട്ട്മെൻറ്	:	9975
വിദ്യാഭ്യാസ ,,	:	3369
പട്ടികജാതി ക്ഷേമവകുപ്പ്	:	34000
പട്ടികവർഗ ക്ഷേമവകുപ്പ്	:	300

പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കാൻ വഴി കാണുന്നില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വായ്പ ലഭിക്കുന്നതിൽ ഇന്നു നിലനിൽക്കുന്ന പരിമിതി പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന ഈ പരിമിതിക്കുകാരണം ലക്ഷ്യം വിട്ടുള്ള വിനിയോഗമാണോ എന്നു പരിശോധിക്കേണ്ടിയി

രിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ ലഭ്യത വളരെ കുറവാണ്. കാർഷിക ഉൽപ്പാദന രംഗത്ത് ചിലവേറുകയും ഉൽപ്പന്നങ്ങൾ ഉൽപ്പാദന ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ചിലവു മുന്നിട്ടു നിൽക്കുന്നതായും കാണാം. രൂപയുടെ മൂല്യ ശോഷണവും പണപ്പെരുപ്പവും വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തുടങ്ങിയകാലം മുതൽ ഇതുവരെ എന്നും മൈനസ് ഫണ്ടിലാണ് പ്രവർത്തിച്ചിട്ടുള്ളത്. തൻമൂലം പഞ്ചായത്തുഫണ്ടുപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്നു കാണാം. എന്നാൽ ജെ. ആർ. വൈ. പദ്ധതി, അൺടൈഡ് ഫണ്ട്, പ്രത്യേക ഗ്രാൻറുകൾ എന്നിവയിലൂടെ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നിട്ടുമുണ്ട്.

ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്തതൃത്തിയിൽ രണ്ടു ദേശവൽകൃത ബാങ്കുകളും രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളും ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. കനറാബാങ്കും ബാങ്ക് ഓഫ് ഇന്ത്യയും ദേശവൽകൃത ബാങ്കുകളാണ്. ഇവയും നന്ത്യാട്ടുകുന്നം ഗാന്ധി സ്മാരക സഹകരണ ബാങ്ക് പള്ളിയാക്കൽ സഹകരണ സംഘം, ഏഴിക്കര പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം എന്നിവ മുഖേന കൊടുത്തിട്ടുള്ള വായ്പകൾ വ്യക്തിഗതവികസനത്തിനാണെങ്കിലും ഈ വായ്പകൾ കൊണ്ട് ലക്ഷ്യമിട്ടിരുന്ന പുരോഗതിക്കു അനുസരണമായാണോ ഇതിൻെറ വിനിയോഗമെന്ന കാര്യം പരിശോധനാർഹമാണ്. വികസനത്തിൻെറ അടിസ്ഥാന പ്രമാണമായ ഉൽപാദന ക്ഷമതയും സാമ്പത്തിക പുരോഗതിയും പടിപടിയായ് വർദ്ധിപ്പിച്ച് ജനജീവിതം ദുരിതങ്ങളകറ്റി സമ്പൂർണ്ണമാക്കുന്നതിൽ ഊന്നിനിന്നുകൊണ്ട് വായ്പ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ഏറ്റവും പ്രധാനമായി നിൽക്കുന്ന മനുഷ്യ വിഭവത്തിൻെറ പഠനത്തിനും വിശകലനത്തിനും ശേഷം ഓരോ തരത്തിലുമുള്ള താൽപ്പര്യം കണക്കിലെടുത്തു കായികവും സാങ്കേതികവുമായ സന്നദ്ധ സേവനങ്ങളെ പ്രയോജനപ്പെടുത്തി ഓരോ ഗ്രൂപ്പിലും കർമ്മസമിതിയെ തെരഞ്ഞെടുക്കാൻ കഴിയണം. ഈ കർമ്മസമിതി പഞ്ചായത്തു സമിതിയോടൊപ്പം പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വികസനത്തിനും വിഭവ സമാഹരണത്തിനും മുൻകൈ എടുക്കുക എന്നത് അഭികാമ്യമായിരിക്കും.

പരിഹാരങ്ങൾ

പാഴായി പോകുന്ന അദ്ധ്വാനശേഷിയും മനുഷ്യ വിഭവ ശേഷിയും ഉൽപ്പാദന മേഖലയിലേക്കും സാമ്പത്തിക പുരോഗതിയിലേക്കും ക്രിയാത്മകമായി കൊണ്ടുവരുന്നതിനുള്ള ഇടപെടലുകളും ദുർവിനിയോഗം, അഴിമതി എന്നിവ തടയുന്നതിനുള്ള മേൽനോട്ട സംവിധാനവും ഉൽപ്പാദന മേഖലയുടെ വളർച്ചയ്ക്കും സാമ്പത്തിക പുരോഗതിക്കും ഗുണപ്രദമാകും. സാമ്പത്തിക സ്ഥാപനങ്ങൾ മുഖേന, വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് പൊതുധനസ്ഥിതി മെച്ചപ്പെടുത്താനും കഴിയും.

മിച്ച ഭൂമി, റവന്യൂ പുറമ്പോക്കു എന്നിവ പഞ്ചായത്തിനു കൈമാറാറംചെയ്യുന്നതിനുള്ള ഉത്തരവുണ്ടാകുക. പഞ്ചായത്തു പരിധിയിലെ വസ്തുവില്പനവില നിശ്ചയിക്കപ്പെടുന്നതിനു പഞ്ചായത്തു സർട്ടിഫിക്കറിൻെറ അടിസ്ഥാനത്തിൽ ആധാരം രജിസ്റ്റർ ചെയ്യുക. എല്ലാ മതസ്ഥരുടേയും വിവാഹം രജിസ്റ്റർ ചെയ്യുന്നതിനു പഞ്ചായത്തിനു ഫീസ് ചുമത്തുന്നതിനുള്ള അധികാരം നൽകുക.

പഞ്ചായത്തിൻെറ തെക്കും പടിഞ്ഞാറും ആയി സ്ഥിതിചെയ്യുന്ന കായലുകളും അതിനോടുചേർന്നുള്ള പ്രകൃതിസിദ്ധമായ മനോഹര പ്രദേശങ്ങളും ടൂറിസ്റ്റ് വികസന സാദ്ധ്യതയുള്ളതായി കാണുന്നു. കൊച്ചിയും കൊടുങ്ങല്ലൂർ കോട്ടപ്പുറവുമായി ബന്ധപ്പെടാനുള്ള ജലപാതകളും നിലവിലുണ്ട്. മനോഹരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളായി ഈ പ്രദേശങ്ങളെ മാറ്റാവുന്നതാണ്.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൽസ്യസമ്പത്ത് സംരക്ഷിക്കുന്നതിനു കക്കൂസുകൾപ്പെടെയുള്ള എല്ലാവിധ ജലമലിനീകരണവും തടയേണ്ടതുണ്ട്. അടുത്ത കാലങ്ങളായി മൽസ്യരോഗങ്ങൾ ഒരു ശാപം ആയി മൽസ്യത്തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും അനുഭവപ്പെടുന്നത് ഇതുകൊണ്ടാണെന്നു കരുതുന്നു.

തരിശായി കിടക്കുന്ന ഭൂമികൾ കൃഷിയോഗ്യമാക്കുക, ജലാശയങ്ങളും പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളും മൽസ്യം വളർത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, പച്ചക്കറികൃഷി വികസിപ്പിക്കുന്നതിന് ഓരോ വീട്ടുകാരേയും പ്രേരിപ്പിക്കുകയും സാങ്കേതിക-സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. വിവിധതരം പുഷ്പകൃഷിക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക, തെങ്ങിൻതോട്ടങ്ങളിൽ ഇടക്കാലവിളവുകൾ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തുക, പട്ടുനൂൽപുഴു വളർത്തലിനു വേണ്ടതു ചെയ്യുക തുടങ്ങി കാർഷികരംഗത്ത് ഇന്നുള്ള മുരടിപ്പ് അവസാനിപ്പിച്ച് കൃഷി ഒരു വ്യവസായമാക്കി തീർക്കുന്നതിനുള്ള ആധുനിക ശാസ്ത്ര സാങ്കേതിക സഹായവും മനുഷ്യശേഷി ഗുണാത്മകമാക്കി മാറ്റുന്നതിനുള്ള ഉത്തേജനവും ഇന്നത്തെ നില മാറ്റുന്നതിന് ആവശ്യമാണ്.

ജോലിസ്ഥലം എവിടെയായാലും അതാതു പഞ്ചായത്തു നിവാസികളുടെ തൊഴിൽകരം അതാതു പഞ്ചായത്തുകളിൽതന്നെ കിട്ടുന്നതിനുള്ള നടപടിയുണ്ടാകുക. ദേശവൽകൃത ബാങ്കുകളുടെ നിക്ഷേപം അതാതു പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കു സജ്ജമാക്കുക. പച്ചക്കറി-മൽസ്യ മാർക്കറ്റുകൾ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. പഞ്ചായത്തതൃത്തിയിൽ ഒരു കമ്മ്യൂണിറ്റി ഹാളെങ്കിലും നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാം, ബഹുനില കെട്ടിടങ്ങളും ആഡംബര കെട്ടിടങ്ങളും നിർമ്മിക്കുന്നവരിൽ നിന്നും പ്രത്യേക നികുതി ഈടാക്കുക. ഗ്രാമക്കോടതികൾ സ്ഥാപിച്ച് ജനങ്ങൾക്ക് ഉണ്ടാകുന്ന കഷ്ടപ്പാട് കുറക്കുകയും നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ഈടാക്കുന്ന പിഴ പഞ്ചായത്തിന്റെ വരുമാനമാക്കി മാറ്റുകയും ചെയ്യുക. ജനസംഖ്യയിൽ 70-75% ജനങ്ങളും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത് എന്നതുകൊണ്ട് പദ്ധതി വിഹിതത്തിന്റെ 50%ൽ കുറയാത്ത തുക പഞ്ചായത്തുകൾക്ക് നൽകുക. പൊതുആവശ്യങ്ങളുടെ നല്ലൊരു ഭാഗം തുക ഇതുമൂലം കുറക്കുവാൻ കഴിയും. അങ്ങിനെ ജനകീയാസൂത്രണം യാഥാർത്ഥ്യമാക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്.

സംസ്കാരം

ഏതൊരു പ്രദേശത്തിനും നൂറ്റാണ്ടുകളിലൂടെ ആർജ്ജിച്ച ഒരു സാംസ്കാരിക തനിമയുണ്ട്. മനുഷ്യരുടെ ജീവിതരീതിയും, കലയും, വിനോദരീതികളും, അവർ ജീവസന്ധാരണത്തിനവലംബിക്കുന്ന തൊഴിലുകളും എല്ലാമെല്ലാം ചേർന്ന് സമൂഹഗാത്രത്തിൽ പ്രതിപ്രവർത്തിക്കുന്നതിന്റെ ഫലമായി നമ്മുടെ ഓരോ പ്രദേശത്തിന്റെയും സംസ്ക്കാരവും അതിന്റെ ചരിത്രവും രൂപമെടുക്കുന്നു. നമ്മുടെ പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ നെടുംതൂണായി പ്രവർത്തിച്ചിട്ടുള്ളത് വായനശാലകളും കലാകായികസംഘങ്ങളും, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും, ക്ഷേത്ര പ്രവേശനത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളും, ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ ഉയർന്ന പോരാട്ടങ്ങളും, കലാപ്രവർത്തനങ്ങളും, സാഹിത്യമണ്ഡലത്തിലെ പ്രവർത്തനങ്ങളും. കായിക രംഗത്തെ പ്രവർത്തനങ്ങളുമൊക്കെയാണ്. നൂറ്റാണ്ടുകളിലൂടെ വളർന്നു വികസിച്ച നിറപ്പകിട്ടാർന്ന സാംസ്ക്കാരിക പശ്ചാത്തലം നമ്മുടെ പഞ്ചായത്തിനും സ്വന്തമായുണ്ട്.

നമ്മുടെ പ്രധാന ക്ഷേത്രങ്ങൾ

ചാത്തനാട് ശാസ്താ ക്ഷേത്രം, ഏഴിക്കര ശാസ്താ ക്ഷേത്രം, നീണ്ടൂത്തറ ശാസ്താ ക്ഷേത്രം, കുടിയക്കുളങ്ങര ഭഗവതി ക്ഷേത്രം കെടാമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം. കെടാമംഗലം ശ്രീതലക്കാട്ടു ഭഗവതി ക്ഷേത്രം, നന്ത്യാട്ടുകുന്നം ശാസ്താ ക്ഷേത്രം, ആലിങ്കൽ ഭഗവതി ക്ഷേത്രം.

പ്രധാന പള്ളികൾ

ഉദ്ദേശം 200 വർഷം പഴക്കമുള്ള ചാത്തനാട് വിൻസെന്റ് ഫെറർ പള്ളി, പള്ളിയാക്കൽ യാക്കോബായ പള്ളി, നെട്ടായിക്കോടം സെൻറ്മേരീസ് പള്ളി, കെടാമംഗലം ജോൺ മേരി വിയാനി പള്ളി 200 വർഷം പഴക്കമുള്ള കെടാമംഗലം ജുമാ മസ്ജിദ്, ഏഴിക്കര സിസ്ക്കാര പള്ളി എന്നിവയാണ്.

നമ്മുടെ പഞ്ചായത്തിലെ അമ്പലങ്ങളിലും പള്ളികളിലും മസ്ജിദുകളിലും നടക്കുന്ന ഉൽസവങ്ങൾ, പെരുന്നാളാഘോഷങ്ങൾ, ബലി പെരുന്നാളുകൾ ഒക്കെ ജനജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. അവയുടെ ഉൺമ നമ്മുടെ സാംസ്ക്കാരിക ചരിത്രത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നുണ്ട്. പഞ്ചായത്ത് പ്രദേശം മത സഹിഷ്ണുതയ്ക്ക് പുകൾപെട്ടിടമാണ്. മതത്തിന്റെ പേരിലുള്ള സ്പർദ്ധയോ, മത വിദ്വേഷജന്യമായ കലഹങ്ങളോ പഞ്ചായത്തിലില്ല എന്നത് വളരെ അഭിമാനകരമായ വസ്തുതയാണ്.

പഞ്ചായത്തിലെ വായനശാലകൾ

1 ഗ്രാമോദ്ധാരണ വായനശാല, പള്ളിയാക്കൽ

സാമാന്യം നന്നായി പ്രവർത്തിച്ചിരുന്ന ഒരു വായനശാലയായിരുന്നു. ഇപ്പോൾ പ്രവർത്തനമില്ല.

2 യങ് മെൻസ് ലൈബ്രറി ഏഴിക്കര

1948ൽ സ്ഥാപിച്ച ഈ വായനശാല ഒരു ദീപസ്തംഭം പോലെ പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഉത്തമ മാതൃകയായി നിലകൊള്ളുന്നു. സ്വന്തമായ കെട്ടിടമുണ്ട്.

3 മഹാത്മാ വായനശാല, അത്താണി

പഞ്ചായത്തിലെ വളരെ പ്രാചീനമായ ഒരു വായനശാലയാണിത്. വിജ്ഞാന വിതരണത്തിന് മഹത്തായ സംഭാവനകൾ നൽകുന്ന സാസ്ക്കാരിക നിലയം.

4 കലാവേദി വായനശാല, നന്ത്യാട്ടുകുന്നം

വായനശാലയുടെ ധർമ്മങ്ങൾ നന്നായി ഉപയോഗിക്കാനുതകും വണ്ണം സജ്ജമായി

ട്ടില്ല ഈ വായനശാല. ആവശ്യമായ ത്രയും പുസ്തകങ്ങളോ, വർത്തമാനപ്പത്രങ്ങളോ ഇവിടെ ഇല്ല. ഈ വായനശാല പ്രാരംഭ ദശയിലാണ്.

നല്ല വായനശാലകളും നമ്മുടെ പഞ്ചായത്തിലുണ്ടായേണ്ടതു് ആവശ്യമാണ്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും അനിവാര്യമായും നിർവ്വഹിക്കണം.

സാഹിത്യരംഗം

സാഹിത്യ രംഗത്തു് നേട്ടങ്ങളും കൈവരിച്ച ചില പ്രസിദ്ധർ ഏഴിക്കരയിലുണ്ടു്. കെടാമംഗലം പപ്പുക്കുട്ടി, പി. കേശവദേവ്, എന്നീ സാഹിത്യകാരന്മാരുടെ ജന്മ ഗേഹമാണു് ഈ പഞ്ചായത്തു്. ഏഴിക്കര അംബുജാക്ഷൻ എന്ന മറുനാടൻ മലയാളിയായ സാഹിത്യകാരൻ ഏഴിക്കരയുടെ അഭിമാനമാണു്. അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതമായ 10 കൃതികളിൽ 'ഈ വിളക്കു് അണയാതിരിക്കട്ടെ' എന്ന നാടകത്തിനു് ലോക സമാധാന കൗൺസിലിന്റെ പുരസ്ക്കാരം ലഭിച്ചിട്ടുണ്ടു്. കൂടാതെ അദ്ദേഹത്തിന്റെതന്നെ മറെറാരു നാടകമായ 'സനുധി'ക്കു് കേരള സർക്കാരിന്റെ പുരസ്ക്കാരവും ലഭിച്ചിട്ടുണ്ടു്. 40 വർഷമായി ബോംബെയിൽ കഴിയുന്ന അദ്ദേഹം ഭാഷാ സാഹിത്യത്തിനു വിലപ്പെട്ട സംഭാവനകളും നൽകിക്കൊണ്ടിരിക്കുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതിക്കൊണ്ടിരിക്കുന്ന ഒരു കവിയാണു് ജോസഫു് ജോർജു് ചാത്തനാടു്. ഇവരെ കൂടാതെ നാടകങ്ങളും, ഏകാങ്കങ്ങളും, കവിതകളും മററിതര സാഹിത്യ ശാഖകളിലെ രചനകളും നിർവ്വഹിച്ചിട്ടുള്ള ചില സാഹിത്യകാരൻമാരും ഏഴിക്കരയിലുണ്ടു്.

കലാരംഗം

ശാസ്ത്രീയ സംഗീത മേഖലയിൽ നേട്ടം പരിച്ചിട്ടുള്ള ചില സുപ്രസിദ്ധ സംഗീത ജ്ഞരും നമുക്കുണ്ടു്. ശാസ്ത്രീയ സംഗീതം അധികരിച്ചു് പഠനാർഹമായ ഒരു ഗ്രന്ഥം രചിച്ചിട്ടുള്ള വൈപ്പിൻപേരി കൃഷ്ണൻ, പട്ടാമ്പി കൃഷ്ണൻ ഭാഗവതർ എന്ന പേരിൽ പ്രസിദ്ധനാണു്. ഏഴിക്കര പരമുദാസു് ഭാഗവതർ കേരളം മുഴുവൻ അറിയപ്പെടുന്ന സംഗീതജ്ഞനാണു്. ലോക പ്രശസ്ത നർത്തകൻ ശ്രീ. ആനന്ദ ശിവറാം, ഭാരതീയ നൃത്ത കലയ്ക്കു് വിശേഷിച്ചു് ദക്ഷിണേന്ത്യൻ നൃത്ത കലയ്ക്കു് ലോകത്തെമ്പാടും അംഗീകാരം നേടിത്തന്ന മഹാനാണു്. അദ്ദേഹത്തിന്റെ പിതാവു് ശ്രീ. ഗോപാല പണിക്കർ പ്രസിദ്ധനായ കഥകളി കലാകാരനായിരുന്നു. മനപ്പിള്ളി കുഞ്ഞുണ്ണിമേനോൻ മനപ്പിള്ളി പരമുമേനോൻ തുടങ്ങിയവർ പഞ്ചായത്തിൽ നിന്നുള്ള കഥകളി രംഗത്തെ കലാകാരൻമാരാണു്. മണിയിൽ കുടുംബത്തിലെ പ്രശസ്ത തിരുവാതിരക്കളി വിദുഷികളും, കലാപ്രവർത്തനം നടത്തിയവരാണു്. ശേഖരനാശാൻ, കോരനാശാൻ തുടങ്ങിയവർ പഞ്ചായത്തിലെ നാദസ്വര വിദ്വാൻമാരായിരുന്നു. കെടാമംഗലം വിജയൻ നാടകരംഗത്തു് പെരുതല്ലാത്ത സംഭാവന നൽകിയിട്ടുള്ള ഒരു നാടക രചയിതാവും അഭിനേതാവുമാണു്. അന്തരിച്ച ശ്രീമതി കെടാമംഗലം ജാനകി, ശ്രീമതി കമലാക്ഷി, ശ്രീമതി ശാരദ കുഞ്ഞുമോൻ എന്നിവരും നാടകരംഗത്തു് സംഭാവനകളും നൽകിയിട്ടുള്ള വരാണു്.

വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ പ്രശസ്ത വ്യക്തികളും പഞ്ചായത്തിൽ ഉണ്ടായിരുന്നു. സംസ്ഥാന അദ്ധ്യാപക അവാർഡു് നേടിയ ശ്രീ ഇ. കെ. പരമേശ്വരൻ പിള്ളയും, മണിയിൽ ശ്രീ എം. കെ. പത്മനാഭപിള്ളയും ഇവരിൽ ഗണനീയരായിരുന്നു. ഇവിടെ എടുത്തു പറഞ്ഞ വിശിഷ്ട വ്യക്തികളെ കൂടാതെ ജീവിതത്തിന്റെ നാനാമേഖലകളിൽപ്രഭചൊരിഞ്ഞു് നമ്മുടെ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിന്റെ നേരവകാശികളായ ഒട്ടേറെ മഹൽ വ്യക്തികളുടെ പേരുകളും പരാമർശിക്കപ്പെടാതെ പോയിട്ടുണ്ടാകാം.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്നതും മൺമറഞ്ഞുപോയതുമായ ഒട്ടേറെ കലാസാംസ്ക്കാരിക സംഘടനകളും അവയുടെ പ്രവർത്തനം വഴി നമ്മുടെ സാംസ്ക്കാരിക രംഗത്തെ സമ്പന്നമാക്കിയിട്ടുണ്ടു്. അവയിൽ ചിലവ താഴെ ചേർക്കുന്നു: 1-ാം വാർഡിൽ ഫ്ളയിംഗ് ആരോസ്, സമസ്യ, ന്യൂ കേരള എന്നീ ക്ലബ്ബുകളും. ഈ വാർഡിൽ നല്ലൊരു വോളീബാളും ടീമുണ്ടു്. സംസ്ഥാന ജില്ലാതലങ്ങളിൽ മൽസരിച്ച

ചില കായിക താരങ്ങളെ ഈ പ്രദേശം സംഭാവന ചെയ്തിട്ടുണ്ട്. വാർഡ് 2ൽ സണ്ണി, പ്രിയദർശിനി, മൈത്രി എന്നീ കലാ സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നു. ബ്ലൂ സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്ട്സ്, സർഗവേദി, മൈത്രി ആർട്ട്സ് ആൻറ് സ്പോർട്ട്സ്, പ്രണവം തുടങ്ങിയവ 3-ാംവാർഡിൽ പ്രവർത്തിക്കുന്ന കലാ കായിക സാംസ്കാരിക സംരംഭങ്ങളാണ്. കേളി കൊടാമംഗലം, കലാശാല കൊടാമംഗലം, തമ്പുരു കൊടാമംഗലം, കോസ്മോസ് വോളി സ്റ്റാർ കൊടാമംഗലം, വോയ്സ് ഓഫ് ചാക്കാത്തറ എന്നീ കലാസാംസ്കാരിക സംഘടനകളും 7-ാം വാർഡിലുണ്ട്. കലാവേദി, നാടക അരങ്ങ് എന്നീ സാംസ്കാരിക സംഘടനകളും 9-ാം വാർഡിൽ പ്രവർത്തിക്കുന്നു.

ഇരുപതു വർഷംമുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന 'കലാക്ഷേത്രം' ഏഴിക്കരയിലെ ഒരു നല്ല കലാസമിതിയായിരുന്നു. കലാധാർ എന്ന ഒരു കൈയെഴുത്തു മാസികയും അവർ പ്രസിദ്ധീകരിച്ചിരുന്നു.

അത്യപൂർവ്വമായ ഒരു കലാസിദ്ധി കൈവശമാക്കിയിട്ടുള്ള ഒരു കലാകാരൻ നമ്മുടെ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയ സംഗീതസദസ്സുകളിൽ പശ്ചാത്തലം ഒരുക്കുന്ന സംഗീതോപകരണമായ മോർശംഖ് വായിക്കുന്ന കൊല്ലംപറമ്പിൽ ശ്രീ. നാരായണൻ കഴിഞ്ഞ 40-ൽപരം വർഷമായി കലോപാസന നടത്തിക്കൊണ്ടിരിക്കുന്നു. ഗുരുവായൂർ ചെമ്പൈ സംഗീതോൽസവത്തിൽ പങ്കെടുത്തിട്ടുണ്ട്. പല പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. സംഗീത നാടക അക്കാദമിയുടെ പെൻഷൻ ലഭിക്കാൻ അർഹനായ ഒരു കലാകാരനാണ് ഇദ്ദേഹം.

ഗ്രാമസഭകളിൽനിന്ന് ഉയർന്നു വന്ന സംസ്കാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

വാർഡ് 1

1 നിലവിലുള്ള പൂർണ്ണമാകാത്ത വായനശാലയുടെ നിർമ്മാണം, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർത്തിയാക്കുക.

2 സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായ ഫ്ളയിംഗ് ആരോസ്, സമസ്യ, ന്യൂ കേരള എന്നിവയിൽ നല്ലൊരു വോളിബോൾ ടീം ഇവിടെയുണ്ട്. (ഇതിലെ ചില കളിക്കാർ ജില്ലാ-സംസ്ഥാനതലങ്ങളിൽ മൽസരിച്ചിട്ടുണ്ട്.) സ്പോർട്ട്സ് രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഒരു വനിതാ താരമാണ് സീനാമ്മ. പ്രോൽസാഹനം നൽകുന്നതിനാവശ്യമായ പരിപാടികളും വേണം.

3 ടീ വി പരിപാടികളിൽ വിദ്യാഭ്യാസം, സാംസ്കാരികം എന്നിവക്ക് കൂടുതൽ സമയം അനുവദിക്കുക.

4 കലാ സാംസ്കാരിക പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

5 ഓപ്പൺ എയർ സ്റ്റേഡിയം നവീകരിക്കുക.

6 കായിക പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുക.

വാർഡ് 2

സണ്ണി, പ്രിയദർശിനി, മൈത്രി എന്നീ കലാ സാംസ്കാരിക സംഘടനകളും പ്രവർത്തിക്കുന്നു.

1 ഗ്രാമോദ്ധാരണ വായനശാല—നവീകരണവും പുനരുദ്ധാരണവും.

2 ടി വി സെറ്റ് സ്ഥാപിക്കുക.

3 കലാ കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുക.

4 ഓപ്പൺ എയർ സ്റ്റേഡിയം നവീകരിക്കുക.

5 ഇലക്ട്രോണിക് മാധ്യമങ്ങളിൽ വരുന്ന അശ്ലീലം കലർന്ന പരസ്യങ്ങളും ഒഴിവാക്കുവാൻ ഏർപ്പാടു ചെയ്യുക.

6 പരിപാടികളിലെ വൈവിധ്യവൽക്കരണത്തിലൂടെ വിദ്യാഭ്യാസത്തിന് ഗുണമാക്കുക.

7 നാടൻപൈതൃകം നിലനിർത്തുന്നതിന് ആവശ്യമായ ഏർപ്പാടുണ്ടാക്കുക.

വാർഡ് 3

ബ്ലൂ സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്ട്സ്, സർഗവേദി, മൈത്രി ആർട്ട്സ് ആൻറ് സ്പോർട്ട്സ്, പ്രണവം, കലാകായിക സാംസ്കാരിക സംഘങ്ങളാണ്.

1 വായനശാല ഇല്ല. ഉണ്ടാകണം.

2 കമ്മ്യൂണിറ്റി ഹാൾ വേണം.

3 കലാ കായിക സാംസ്കാരിക സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കണം

4 നിലവിലുള്ള ഗ്രൗണ്ട് നവീകരിക്കുക

5 സാംസ്കാരികരംഗത്തെ ജീർണ്ണത ഇല്ലായ്മചെയ്യാൻ സാംസ്കാരിക നായകൻമാരെ ഉൾപ്പെടുത്തിയുള്ള പരിപാടികൾ സംഘടിപ്പിക്കുക

വാർഡ് 4

1 ഏക ലൈബ്രറി—യങ്മെൻസ് ലൈബ്രറി—പുതുക്കി പണിയണം

2 അവശ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കണം

3 സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക

4 ജനവിദ്യാകേന്ദ്രത്തിൽ ടി വി സ്ഥാപിക്കണം

വാർഡ് 5

1 വായനശാല തുടങ്ങണം

2 അംഗീകൃത സാംസ്കാരിക സംഘങ്ങൾക്ക് ഗ്രാൻറ് അനുവദിച്ച് പഞ്ചായത്ത് തലത്തിൽ പ്രവർത്തനം സജ്ജമാക്കുക

വാർഡ് 6

1 സാംസ്കാരിക അവബോധം വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക

2 നാടൻ കലാരൂപങ്ങൾ (ഉടുക്കുകൊട്ട് ഉൾപ്പെടെ) തനിമ നിലനിറുത്തി സംരക്ഷിക്കുക

3 പ്ലേ റീഡിംഗ് സംഘം ഉണ്ടാക്കുക—മൈത്രി വായനശാല

വാർഡ് 7

1. രജിസ്ട്രേഷൻ ഉള്ള സാംസ്ക്കാരിക സംഘടനകൾക്ക് ഗ്രാൻറ് അനുവദിക്കുക.

2. 7–ാം വാഡിൽ ഓപ്പൺ എയർ സ്റ്റേജ് നിർമ്മിക്കുക.

3. ടി. വി. സ്ഥാപിക്കുക.

4. കലാകാരൻമാരെ സജീവമാക്കുന്നതിന് ധനസഹായം നൽകുക.

5. നാടൻകലകൾ സംരക്ഷിക്കുവാൻ പോന്ന നടപടികൾ സ്വീകരിക്കുക.

6. നാടൻകലകൾ ടി. വി., റേഡിയോകൾ വഴി പ്രക്ഷേപണം ചെയ്യുക.

രജിസ്ട്രേഡ് ക്ലബ്ബുകൾ

1. 'കേളി' കെടാമംഗലം, കെടാമംഗലം എൻ. പറവൂർ എറണാകുളം ജില്ല രജി. നമ്പർ 385/93.

2. കലാശാല കെടാമംഗലം എൻ. പറവൂർ എറണാകുളം.

3. തമ്പുരു കെടാമംഗലം എൻ. പറവൂർ എറണാകുളം.

4. കോസ്മോസ് വോളിസ്റ്റാർ, കെടാമംഗലം എൻ. പറവൂർ എറണാകുളം.

5. വോയ്സ് ഓഫ് ചാക്കോത്താ കെടാമംഗലം എൻ. പറവൂർ.

വാർഡ് 8

1. വായനശാല സംരക്ഷിക്കുകയും പുരോഗതിക്കായി ധനസഹായം ചെയ്യുകയും ചെയ്യുക.

2 ക്ലബ്ബുകളെ സഹായിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുക.

3 പൊതു കളിസ്ഥലം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുക.

4 ടി. വി. സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

വാർഡ് 9

1 കലാവേദി വായനശാലയ്ക്ക് വേണ്ട സഹായം ചെയ്യണം.

2 യൂത്ത് ക്ലബ്ബ് സജീവമാക്കണം.

3 ടി. വി. പരിപാടികളിൽ സാംസ്ക്കാരിക മൂല്യം സംരക്ഷിക്കണം.

4 സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.

പ്രധാന പ്രശ്നങ്ങൾ

1 വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന വായനശാലകളും പുനരുദ്ധാരണവും വികസനവും തേടുന്നു.

2 ഗ്രന്ഥശാലകളോ, വായനശാലകളോ ഇല്ലാത്ത വാർഡുകളാണധികവും.

3 കലാസാംസ്ക്കാരിക സംഘടനകൾക്ക് ഗ്രാൻറ് കിട്ടാത്തത് പ്രവർത്തനത്തെ ബാധിക്കുന്നു.

4 ടി വി പരിപാടികളിൽ വിദ്യാഭ്യാസ പ്രക്ഷേപണങ്ങൾക്ക് കൂടുതൽ സമയം അനുവദിക്കണം

5 ഓപ്പൺ എയർ സ്റ്റേഡിയം നവീകരിക്കുക

6 ഇലക്ട്രോണിക് മാധ്യമങ്ങളിൽ വരുന്ന അശ്ലീലപരസ്യങ്ങൾ ഒഴിവാക്കുവാൻ ഫിൽറ്റർപ്പാട് ഉണ്ടാക്കണം

7 നാടൻ കലാരംഗവുമായി ബന്ധപ്പെട്ട പൈതൃകം സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക

സാധ്യതകൾ

1 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുതുതായി വായനശാലകൾ സ്ഥാപിക്കാനുള്ള സാധ്യതകൾ ഏറെയുണ്ട്

2 കലാസംഘങ്ങൾക്ക് ഗ്രാൻറ് കിട്ടുവാൻ സാധ്യതയുണ്ട്. അതിനാവശ്യമായ ബോധവൽക്കരണം നടത്തണം

3 ടി വി പരിപാടികളിൽ വിദ്യാഭ്യാസ പ്രക്ഷേപണ സമയം വർദ്ധിപ്പിക്കുന്നതിനും അശ്ലീല പരസ്യങ്ങളുടെ നിരോധനത്തിനും അധികൃത സ്ഥാനങ്ങളിൽ നിവേദനം നൽകി പരിഹാരം കാണാവുന്നതാണ്

4 ഓപ്പൺ എയർ സ്റ്റേഡിയം നവീകരിക്കാനുള്ള സാധ്യതയുണ്ട്

5 നാടൻ കലാരൂപവുമായി ബന്ധപ്പെട്ട പൈതൃകം നിലനിറുത്തുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ സാധ്യതയുണ്ട്.

വിദ്യാഭ്യാസം

കേവലം അക്ഷരജ്ഞാനത്തിന്റെ തലത്തിൽ നിന്നുയർന്ന് വികസന പ്രക്രിയയുടെ പ്രഥമവും പ്രധാനവുമായ പങ്കു വഹിക്കുന്ന ഒരു പ്രക്രിയയായി വിദ്യാഭ്യാസം മാറണം. സമൂഹത്തിന്റെ ആവശ്യങ്ങളും നിറവേറുന്നതിനുതകും വിധം, വ്യക്തിനിഷ്ഠതയിൽ നിന്നുമുയർന്നു സമൂഹബദ്ധമാകണം വിദ്യാഭ്യാസം. വൈവിധ്യവൽകൃതമായ ബോധന രീതിയും അതിനനുസൃതമായ മൂല്യനിർണ്ണയ രീതിയും അവലംബിക്കുകവഴി ഇന്നു ഈ രംഗത്ത് നിലനിൽക്കുന്ന ഗുണമേൻമ കുറവ് പരിഹരിക്കുവാൻ കഴിയുമെന്നാണ് വിദഗ്ദ്ധ അഭിപ്രായം. പുതിയ അവബോധവും, പുതിയ സമീപനവും, സ്വാംശീകരണ സങ്കേതങ്ങളും സ്വീകരിച്ചുകൊണ്ട് സമൂഹ നൻമക്കായി പ്രവർത്തിക്കുന്നു വിദ്യാഭ്യാസമെന്നുവരുമ്പോൾ ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന പ്രക്രിയയിൽ ഇടപെടുന്ന ഒന്നാകും വിദ്യാഭ്യാസം.

പഞ്ചായത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒട്ടനവധി മഹാരഥൻമാർ ഉണ്ട്. അവരുടെയെല്ലാം പേരുകൾ നിരത്തുകയെന്ന ഉദ്യമത്തിന് മുതിരുന്നില്ല. എന്നാൽ അദ്ധ്യാപകനെന്ന നിലയിലും തുടർന്ന് A E O എന്ന നിലയിലുമൊക്കെ പ്രവർത്തിച്ച് അദ്ധ്യാപക പുരസ്കാരത്തിനർഹനായ ശ്രീ. ഇടയാട്ടിൽ ഇ. കെ. പരമേശ്വരൻ പിള്ളയുടെ പേര് ഈ സന്ദർഭത്തിൽ സ്മരിക്കുന്നത് ഉചിതമാകുമെന്ന് വിശ്വസിക്കുന്നു.

പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ ആശാൻ പള്ളിക്കൂടങ്ങളായിരുന്നു. നിലത്തെഴുത്താശാൻമാർ എന്ന് വിഖ്യാതരായ അദ്ധ്യാപകരാണ് കുട്ടികളെ പഠിപ്പിച്ചിരുന്നത്. അനൗപചാരിക വിദ്യാഭ്യാസ രീതിയിൽ ഇടപെട്ടുകൊണ്ട് ഔപചാരിക വിദ്യാഭ്യാസ ക്രമംകൂടി പഞ്ചായത്തിൽ നിലവിൽ വന്നിട്ട് ഒരു നൂറ്റാണ്ട് പിന്നിടുന്നു. പഞ്ചായത്തിലെ ഏറ്റവും പ്രാചീനമായ വിദ്യാലയം ചിറേപ്പറമ്പ് (കടക്കര കവലയിൽ) സ്ക്കൂളാണ്. 4 L P സ്ക്കൂളും 1 ഹൈസ്ക്കൂളും ഉൾപ്പെടെ 5 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്.

ഒരു നൂറ്റാണ്ടിലേറെപ്പഴക്കമുള്ള പഞ്ചായത്തിലെ ഏറ്റവും പ്രാചീനമായ വിദ്യാലയങ്ങളിലൊന്നാണീ സ്ഥാപനം. തറമേൽ ഗോവിന്ദപ്പണിക്കർ സംഭാവന ചെയ്ത 29 സെൻറ് സ്ഥലത്താണീ സ്ഥാപനം ആദ്യം ആരംഭിച്ചത്.

ഇന്ന് പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ എന്ന നിലയിൽ പ്രവർത്തിക്കുന്നു. 1-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികളെ പഠിപ്പിക്കുന്ന ഒരു വിദ്യാലയമാണിത്. 1980-ലാണ് ഈ വിദ്യാലയം ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. ഇവിടെ ഈ വർഷം 489 പെൺകുട്ടികളും 539 ആൺകുട്ടികളുമുൾപ്പെടെ മൊത്തം 1028 വിദ്യാർത്ഥികൾ പഠിക്കുന്നു. S S L C പരീക്ഷയിൽ 89-ൽ 41 ശതമാനം. 90-ൽ 48 ശതമാനം, 91-ൽ 49 ശതമാനം 92-ൽ 51 ശതാമനം 93-ൽ 58 ശതമാനം. 94-ൽ 40 ശതമാനം 95-ൽ 50 ശതമാനം 96-ൽ 48 ശതമാനം എന്ന ക്രമത്തിൽ വിദ്യാർത്ഥികൾ ജയിച്ചിട്ടുണ്ട്. ഇവർ എൽ. പി. ക്ലാസുകളിലും (D ഡിവിഷൻ) 10 യു. പി. ക്ലാസുകളിലും 10 ഹൈസ്ക്കൂൾ ക്ലാസുകളിലുമായി മൊത്തം 28 ഡിവിഷനുകളിലായി പഠനം നടത്തുന്നു. S S L C വിജയശതമാനം ഈ വിദ്യാലയം, ശരാശരിയേക്കാൾ അൽപ്പം ഉയർന്ന വിജയ ശതമാനം കരസ്ഥമാക്കുന്ന വിദ്യാലയമാണെന്ന് കാണിക്കുന്നു. വിദ്യാലയത്തിൽ 1-ാം ക്ലാസിലെത്തുന്ന കുട്ടികൾതന്നെ രണ്ടു തരത്തിൽ പൊതുവെ പെടുന്നു. (1) പ്രീ പ്രൈമറി വിദ്യാഭ്യാസം നേടി, അക്ഷര ജ്ഞാനവും, കണക്കിന്റെ പ്രാഥമിക ആശയങ്ങളുമായി എത്തുന്ന വിദ്യാർത്ഥികൾ. (2) 1-ൽ സൂചിപ്പിക്കപ്പെട്ടപോലെ, പ്രാഥമിക അടിത്തറയില്ലാത്ത കുട്ടികൾ. പ്രസ്തുത ന്യൂനതമൂലം 2-ാമത്തെ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പാഠഭാഗങ്ങൾ ഗ്രഹിക്കുന്നതിൽ ഒന്നാം വിഭാഗത്തിലെ

കുട്ടികളെ അപേക്ഷിച്ച് പിന്നിൽ പോകുന്നു. നമ്മുടെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ പ്രസ്തുത വ്യത്യാസം ഇല്ലായ്മ ചെയ്യുന്നതിനാവശ്യമായ കാര്യമായ പരിപാടികളില്ലാത്തതിനാൽ, പ്രസ്തുത, വ്യത്യാസം കുട്ടികളിൽ സ്ക്കൂൾ പഠന കാലമത്രയും നിലനിൽക്കുന്നുവെന്നത് കുട്ടികളുടെ വിദ്യഭ്യാസ നിലവാരം രണ്ട് തട്ടുകളായി നില്നിൽക്കുന്നതിന് ഇടയാക്കുന്നു. ഇതും മൂല്യനിർണ്ണയ രീതി പഴഞ്ചൻ മട്ടിൽ തന്നെ നിലനിൽക്കുന്നതും, ഈ രംഗത്ത് ഗുണമേൻമ കുറവുണ്ടാക്കാനിടയാകുന്നു. പ്രത്യേക ശ്രദ്ധയും, ന്യൂനതകൾ പരിഹരിക്കുന്നതിനും നിലവാരവ്യത്യാസം ഇല്ലായ്മചെയ്യുന്നതിനും അർപ്പണബോധത്തോടെ ബോധന ശ്രമങ്ങളും നടത്തികൊണ്ടല്ലാതെ പ്രസ്തുത കുറവ് പരിഹരിക്കാൻ കഴിയില്ല. 1968-ലെ കേന്ദ്രവിദ്യാഭ്യാസ നയമാകട്ടെ, വിദ്യാഭ്യാസത്തെ സാമൂഹ്യാധിഷ്ഠിതയിൽനിന്നും വ്യക്തിനിഷ്ഠതയിലേക്ക് ദിശമാറുന്ന ഒന്നായിരുന്നു. 1986-ലെ വിദ്യാഭ്യാസനയമാകട്ടെ ഈ പ്രവണതയെ അരക്കിട്ടുറപ്പിക്കുകയും, വിദ്യാഭ്യാസം വരേണ്യവൽക്കരിക്കപ്പെടുകയും ചെയ്തു. ഈ നയത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് അൺ എയിഡഡ് സ്ക്കൂളുകളും, അൺ എയിഡഡ് കോളേജുകളും, സ്വാശ്രയ കോളേജുകളും എന്നിവ കേരളത്തിൽപോലും ഉണ്ടാകാനിടയായത്.

ഗവ: ലോവർ പ്രൈമറി സ്ക്കൂൾ, നന്ത്യാട്ടുകുന്നം

പഞ്ചായത്തിന്റെ പൗരാണിക സ്ക്കൂളുകളിലൊന്നാണ് ഈ വിദ്യാലയം. 1 മുതൽ 7 വരെ പഠിപ്പിക്കുന്ന ഒരു മലയാളം സ്ക്കൂളായിട്ടാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചതെന്ന് പറഞ്ഞുകേൾക്കുന്നു. എന്നാൽ ഔദ്യോഗിക കണക്കനുസരിച്ച് ഇതൊരു എൽ. പി. സ്ക്കൂളായി പ്രവർത്തിക്കാൻ തുടങ്ങിയത് 19—10—1090 (മലയാളമാണ്ട്) അഥവാ 1914-ലാണ്. നന്ത്യാട്ടുകുന്നത്ത് പനമ്പിള്ളി തറവാട്ടുകാർ സംഭാവന നൽകിയ സ്ഥലത്താണ് ഈ വിദ്യാലയം സ്ഥാപിച്ചിരിക്കുന്നത്. ഒന്നു മുതൽ 4 വരെ ക്ലാസുകളിലായി 8 ഡിവിഷനുകളും 237 കുട്ടികളുമാണ് ഈ വർഷം ഈ വിദ്യാലയത്തിലുള്ളത്.

		SC	ST
ആൺകുട്ടികൾ	123	14	—
പെൺകുട്ടികൾ	114	8	2
ആകെ	237	22	2

എട്ട് ഡിവിഷനുകൾക്കായി 8 അദ്ധ്യാപകർ മാത്രമാണീ വിദ്യാലയത്തിലുള്ളത്. ഏതെങ്കിലും കാരണവശാൽ ഒരദ്ധ്യാപകൻ ഹാജരാകാതെ വന്നാൽ 2 ഡിവിഷനുകൾ ഒന്നിച്ച് ഒരു ഡിവിഷനാക്കി ക്ലാസ് നടത്തേണ്ടിവരുന്നു. തൻമൂലം എല്ലാ കുട്ടികളേയും ശ്രദ്ധിച്ചുകൊണ്ട് ബോധനം നടത്താൻ അദ്ധ്യാപകന് കഴിയാതെ വരുന്നു. ഇത് പല ഘട്ടങ്ങളിലും വിദ്യാർത്ഥികൾ പാഠഭാഗങ്ങൾ നന്നായി ഗ്രഹിക്കുന്നതിന് പ്രയാസമുണ്ടാക്കുന്നു. ഈ പ്രശ്നം പൊതുവെ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും ബാധിക്കുന്ന ഒന്നാണ്.

ഗവ: L. P. സ്ക്കൂൾ, കെടാമംഗലം

ജാതി മതഭേദമില്ലാതെ സവർണ്ണർക്കും അവർണ്ണർക്കും ഒരുപോലെ പഠിപ്പിക്കുവാൻ സൗകര്യം കിട്ടിയിരുന്ന ഒരു വിദ്യാലയമാണിത് എന്നത് ശ്രദ്ധേയമാണ്. കെടാമംഗലത്ത് തെവയ്പ് പാലത്തിന് വടക്കുഭാഗത്താണ് ഈ വിദ്യാലയം. ഏകദേശം 75 വർഷങ്ങൾക്കുമുമ്പ് 1917ലാണ് ഈ വിദ്യാലയം സ്ഥാപിച്ചതെന്നാണ് ലഭ്യമായ വിവരം. ഈ വിദ്യാലയത്തിൽ 12 ഡിവിഷനുകളിലായി 388 വിദ്യാർത്ഥികൾ പഠിക്കുന്നു.

	എല്ലാ വിഭാഗവും	SC	ST
ആൺകുട്ടികൾ	193	33	—
പെൺകുട്ടികൾ	195	24	—
ആകെ	388	57	

1 മുതൽ 4 ക്ലാസുകളിലായി 12 ഡിവിഷനുകളിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനായി 4 എംപ്ലോയ്മെൻറ് ഹാൻഡ്സ് ഉൾപ്പടെ 10 അദ്ധ്യാപകരെ നിലവിലുള്ളൂ. 12 ഡിവിഷനുകൾ ഒരേസമയം കൈകാര്യം ചെയ്യാനുള്ള അദ്ധ്യാപകരിൽ

2 പേർ കുറവുണ്ട്. 12 അദ്ധ്യാപകർ ഉണ്ടെങ്കിൽതന്നെ അവധി വരുമ്പോൾ ക്ലാസുകൾ എടുക്കാൻ റിസെർവ് ഹാൻഡ്സ് വേണ്ടതാണ്. അദ്ധ്യാപകരുടെ എണ്ണക്കുറവ് ബോധനം ശാസ്ത്രീയമായി നടത്തുന്നതിനും തദ്വാര കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനും അനുകൂലമായ ഘടകമല്ല. H. M. ന്റെ അഭിപ്രായത്തിൽ കുട്ടികൾ പൊതുവെ ശരാശരി നിലവാരമുള്ളവരാണ്. ബോധനനിലവാരം ഉയർത്തുന്നതിനാവശ്യമായ അദ്ധ്യാപകരുടെ എണ്ണക്കുറവ് നികത്തുന്നതിനൊപ്പം ആവശ്യമായ ഉപകരണങ്ങൾ കൂടി വേണ്ടതാണ്.

ഗവ: എൽ. പി. സ്കൂൾ, ഏഴിക്കര

ഏകദേശം 60 വർഷങ്ങൾക്കുമേൽ സ്ഥാപിതമായ സർക്കാർ വിദ്യാലയം. ഇവിടെ 1 മുതൽ 4 വരെ ക്ലാസുകൾ കൈകാര്യം ചെയ്യപ്പെടുന്നു. ഈ വർഷം 4 ക്ലാസുകളിലും ഓരോ ഡിവിഷൻവീതം ആകെ 4 ഡിവിഷനുകളാണ് ഈ വിദ്യാലയത്തിലുള്ളത്. 4 ഡിവിഷനുകളിലുംകൂടി അദ്ധ്യാപകരായി 2 പേർ മാത്രമാണിപ്പോൾ നിലവിലുള്ളത്. അദ്ധ്യാപകരുടെ കുറവ് പൊതുവെ സർക്കാർ വിദ്യാലയങ്ങളെ ബാധിക്കുന്ന രോഗമാണ്. ഈ വിദ്യാലയത്തിലെ കുട്ടികളുടെ കണക്കാണ് താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നത്.

		SC	ST
ആൺകുട്ടികൾ	56	18	—
പെൺകുട്ടികൾ	63	13	—
ആകെ	119	31	—

സെയിന്റ് വിൻസെന്റ്
L. P. സ്കൂൾ, പള്ളിയാക്കൽ

1902-ൽ പള്ളിവക സ്ഥലത്ത് പള്ളിയുടെ മാനേജ്മെന്റിൽ തുടങ്ങിയ സ്ഥാപനം. ഇന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക എയിഡഡ് സ്കൂൾ. 1 മുതൽ 4 വരെ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. നാലു ക്ലാസുകളിലായി ഓരോ ഡിവിഷൻവീതം 4 ഡിവിഷനുകളും വെറും 4 അദ്ധ്യാപകരും മാത്രമെ ഇപ്പോൾ ഈ സ്ഥാപനത്തിലുള്ളു.

ഈ വിദ്യാലയങ്ങൾകൂടാതെ ചാത്തനാട് കൊമ്പത്ത് ഒരു സർക്കാർ വിദ്യാലയം ആരംഭിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ അത് നിന്നുപോകുകയും ചെയ്തു. നന്ത്യാട്ടുകുന്നത്ത് ശ്രീ. പൗലോസ് മുക്കണ്ണിൽ കൊണ്ടുവന്ന സ്വകാര്യമേഖലയിലെ I T C യും നിന്നുപോകുകയുണ്ടായി.

ഗ്രാമസഭകളിൽ നിന്നുമുയർന്നുവന്ന പ്രശ്നങ്ങൾ ക്രോഡീകരിച്ച് താഴെ കൊടുക്കും പ്രകാരമാണ്.

വാർഡ് 1

1 നിലവിലുള്ള എൽ. പി. എസ്. യു. പി. എസ്. ആക്കണം.

2 ഫർണിച്ചർ, യൂറിൻ ഷെഡ് എന്നിവ വേണം.

3 പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ ട്യൂഷൻ വേണം.

4 ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ സഹായിക്കണം.

5 ടെക്നിക്കൽ സ്കൂൾ ഉണ്ടാക്കുവാൻ നടപടി വേണം.

6 പഞ്ചായത്തിലെ നിലവിലുള്ള ഹൈസ്കൂൾ + 2 ആക്കണം.

7 പറവൂരിൽ കോളേജ് വേണം.

8 അംഗൻവാടിയിൽ വൈദ്യുതി, വെള്ളം, മൂത്രപ്പുര, കളി സാധനങ്ങൾ എന്നിവയുണ്ടാകണം.

9 വായനശാല പുനരുദ്ധരിക്കണം.

10 സാക്ഷരതാ പ്രവർത്തനത്തിന് സഹായവും നിർദ്ദേശവും നൽകണം.

വാർഡ് 2

1 നഴ്സറി സ്കൂളും അംഗൻവാടിയും വേണം.

2 ഒരു വായനശാല വാർഡിൽ വേണം.

3 ഹൈസ്കൂളിൽ ലാബ് സൗകര്യവും ക്ലാസ് മുറികളും വർദ്ധിപ്പിക്കണം.

വാർഡ് 3

1 വായനശാല വേണം.
2 ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം.
3 ഹൈസ്ക്കൂളിലെ കളിസ്ഥലം ഉപയോഗയോഗ്യമാക്കണം.
4 സാക്ഷരതാ പ്രവർത്തനം തൊഴിൽ മേഖലയുമായി ബന്ധിപ്പിച്ചു വരണം.
5 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തണം.
6 കായിക വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കണം.
7 ഉയർന്ന മാർക്കു വാങ്ങിയ കുട്ടികളെ പ്രോൽസാഹിപ്പിക്കണം.

വാർഡ് 4

1 സ്കൂളിന്റെ അറ്റകുറ്റപ്പണികളും നടത്തണം.
2 അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുക.
3 പ്രധാനാധ്യാപകർ സമീപ പ്രദേശത്തുള്ളവരായിരിക്കണം.
4 L. P. S. ൽ പ്രീ പ്രൈമറി സ്കൂൾ കൂടി തുടങ്ങണം.
5 അംഗൻവാടി കുട്ടികളുടെ ക്ഷേമം മെച്ചപ്പെടുത്തണം.

വാർഡ് 5

1 ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം
2 5-ാം വാർഡിൽ ഒരംഗൻവാടി കൂടി വേണം.

വാർഡ് 6

1 അംഗൻവാടി ടീച്ചറെ സ്ഥിരമായി നിയമിക്കണം.
2 അംഗൻവാടിക്ക് ചുറ്റും മതിലും, പുകയില്ലാത്ത അടുപ്പും കുട്ടികൾക്ക് യൂണിഫോമും കളിക്കോപ്പുമുണ്ടാക്കണം.
3 റേഡിയോ, ടിവി, ഭൂപടങ്ങൾ എന്നിവ നൽകണം.

വാർഡ് 7

1 വിദ്യാഭ്യാസം 5-ാം വയസിലെ ആരംഭിക്കാവൂ.
2 പാഠപുസ്തകങ്ങളുടെ വലുപ്പം കുറക്കണം.
3 പുസ്തകങ്ങൾ യഥാസമയം കിട്ടണം.
4 സ്ക്കൂളുകളിൽ ആഡിറ്റോറിയം വേണം.
5 എൽ.പി. സ്ക്കൂൾ യു.പി. ആക്കുക.
6 കളിസ്ഥലം വേണം.
7 കഞ്ഞിപ്പുരയിൽ പുകയില്ലാത്ത അടുപ്പ് വേണം.
8 ആം പ്രമോഷൻ നിർത്തി അർഹതയുടെ അടിസ്ഥാനത്തിൽ ജയിപ്പിക്കുക.
9 സ്പേഷനറി ഫണ്ട് ഉയർത്തുക
10 106-ാംനമ്പർ അംഗൻവാടി പുതുക്കിപ്പണിയുക
11 അംഗൻവാടിയിൽ പൈപ്പ്, കക്കൂസ് എന്നിവ സ്ഥാപിക്കുക.
12 അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുക

വാർഡ് 8

1 അംഗൻവാടിയും, നേഴ്സറിയും സ്ഥാപിക്കുക
2 എട്ടിയോടം പാലം പുതുക്കിപണിയുക
3 വായനശാല സ്ഥാപിക്കണം

വാർഡ് 9

1 സ്ക്കൂൾ പരിസരത്തെ വെള്ളക്കെട്ടു മാറ്റുക
2 റീടൈനിങ്ങ് വാളിനു അനുവദിച്ച 48,000 രൂപ പ്രയോജനപ്പെടുത്തുക
3 ഗ്രന്ഥശാലയും, വായനശാലയും ഉണ്ടാകണം.
4 പീരിയോഡിക്കൽ മെഡിക്കൽ ചെക്കപ്പു നടത്തണം

പ്രധാന പ്രശ്നങ്ങൾ

1 വിദ്യാലയങ്ങളിൽ ആവശ്യത്തിനു അദ്ധ്യാപകരില്ല.
2 ആവശ്യത്തിനുള്ള പഠനോപകരണങ്ങളില്ല, കെട്ടിടങ്ങളില്ല
3 പഠനം അയത്നലളിതമല്ല
4 പഠനം തൊഴിലുകളുമായി ബന്ധിപ്പിക്കുന്നില്ല

5 സ്ക്കൂൾ തലത്തിൽ വിദ്യാർത്ഥികളിൽ നിരക്ഷരത നിലനിൽക്കുന്നു

6 സ്ക്കൂൾ പരിസരങ്ങളിൽ വെള്ളക്കെട്ടു പോലുള്ള പരിതസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

7 ഗ്രന്ഥശാലകളും വായനശാലകളും കുറവാണ്

8 പ്രീ പ്രൈമറി തലങ്ങളിൽ, കുട്ടികൾക്ക് ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ (കണ്ടറിവ്, കേട്ടറിവ്) സ്വായത്തമാക്കേണ്ട അറിവിന് പകരം കേന്ദ്രീകൃത ബോധനം നിലനിൽക്കുന്നു

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1 വികസന പ്രക്രിയയുടെ ഏറ്റവും പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസമെന്നതിനാൽ അധ്യാപക വിദ്യാർത്ഥി അനുപാതം വർദ്ധിപ്പിച്ച് അധ്യാപകരുടെ എണ്ണം കൂട്ടി കുറച്ചു കുട്ടികളെ ശ്രദ്ധിക്കുന്നതിന് സഹായകമാകും വിധം ആക്കണം.

2 പഠനവിഷയങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പഠനം ജീവിതവുമായി ബന്ധപ്പെടുത്തണം

3 മൂല്യനിർണ്ണയരീതിയിൽ സമൂലമായ മാറ്റം വരുത്തണം

4 പഠനോപകരണങ്ങൾ ആവശ്യത്തിനു ലഭ്യമാക്കുകയും പഠനം യന്ത്രനരഹിതവുമാകണം.

5 തൊഴിലധിഷ്ഠിതമാവണം വിദ്യാഭ്യാസം.

6 ഹൈസ്ക്കൂൾ വിദ്യാഭ്യാസം 12-ാം സ്റ്റാൻഡേർഡ്വരെ ആക്കിയാൽ കോളേജുകൾ ഡിഗ്രി തുടങ്ങി മുകളിലേക്കും, പ്രൊഫഷണൽ ബിരുദങ്ങൾ, ടെക്നിക്കൽ വിദ്യാഭ്യാസം ഇവ നൽകുന്ന കേന്ദ്രങ്ങളായി മാറണം

7 കേന്ദ്രീകൃതമായ നമ്മുടെ വിദ്യാഭ്യാസത്തെ വികേന്ദ്രീകരിക്കുക (പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴി)

സാക്ഷരതാ പ്രവർത്തനം

ഏറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിച്ച പഞ്ചായത്താണിത്. തുടർന്ന് ഏഴിക്കര എൽ. പി. ജി. സ്ക്കൂളിൽ ജനവിദ്യാകേന്ദ്രം ആരംഭിച്ചു. പിന്നീട് സാക്ഷരതയുടെ രണ്ടാം ഘട്ടത്തിലും തുടർ പരിപാടികളിലും പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ജനവിദ്യാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ വാർഡിലും അക്ഷര സംഘങ്ങൾ രൂപീകരിച്ചിരുന്നു. എന്നാൽ ചില അക്ഷരസംഘങ്ങൾ പ്രവർത്തിക്കുന്നില്ല. നവസാക്ഷരർക്കും തൊഴിൽ ഉണ്ടാക്കുന്നതിന് അക്ഷരസംഘങ്ങൾ മുഖേന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ജനവിദ്യാകേന്ദ്രത്തിന്റെ സഹകരണത്തോടുകൂടി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുയുണ്ടായി. വായനക്കും തുടർ വിദ്യാഭ്യാസ പരിപാടികൾക്കും ജനവിദ്യാകേന്ദ്രം നേതൃത്വം കൊടുത്തുകൊണ്ടിരുന്നു. ഇതിനു മാർഗനിർദ്ദേശം നൽകിക്കൊണ്ട് ഡിവിഷനൽ സാക്ഷരതാ കോ-ഓർഡിനേറ്റർ പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ ഡിവിഷനൽ സാക്ഷരതാ കോ-ഓർഡിനേറ്റർ ശ്രീ. പി. കെ. പുരുഷൻ ആണ്. ഈ പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പ്രധാന കണ്ണിയാണ് ജനവിദ്യാകേന്ദ്രം.

ഏഴിക്കര ഗവ: ഹൈസ്ക്കൂൾ

SSLC വിജയ ശതമാനം

വർഷം	ശതമാനം
1989	41
1990	48
1991	49
1992	51
1993	58
1994	40
1995	50
1996	48

ചരിത്ര പശ്ചാത്തലം (തുടർച്ച)

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ആരംഭിച്ച ഖാദി പ്രചാരണത്തിനു പരിശ്രമിച്ചവരാണ് എം. എസ്. നാരായണൻ, കെ. ആർ, ബാലകൃഷ്ണൻ, കെ. പി. ഗോപാലൻ, പി. വി. എബ്രഹാം, പി. വി. പൗലോസ്, മുൻ പഞ്ചായത്തു പ്രസിഡൻറ് കെ. കെ. മാധവൻപിള്ള എന്നിവർ. 1956-ൽ ഖാദി-ഗ്രാമ വ്യവസായങ്ങൾക്കു വേണ്ടി നന്ത്യാട്ടുകുന്നത്തു ആരംഭിച്ച ഗാന്ധി മന്ദിരത്തിന്റെ സ്ഥാപനത്തിന് എം. എസ്. നാരായണൻ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. കെ. ആർ. ബാലകൃഷ്ണന് സ്വാതന്ത്ര്യ സമര സേനാനി എന്ന നിലയിൽ പെൻഷൻ ലഭിച്ചിരുന്നു.

പ്രസിദ്ധരായ പല ആയുർവ്വേദ വൈദ്യന്മാരും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. തലയാഴം വീട്ടിൽ നാണപ്പൻ വൈദ്യന്റെ നേത്രരോഗ ചികിൽസാലയം പ്രസിദ്ധമായിരുന്നു. മറ്റൊരു പേരു കേട്ട കണ്ണുവൈദ്യനാണ് കുറുമുട്ടത്തു രാഘവൻവൈദ്യർ. വിഷചികിൽസയിൽ പ്രമുഖനായിരുന്നുഇളമന താമസിച്ചിരുന്ന ഉണ്ണീരി കണ്ണു വൈദ്യൻ. കുഞ്ഞുകുഞ്ഞു വൈദ്യരും നല്ല വിഷ ചികിൽസകനായിരുന്നു. അറിയപ്പെടുന്ന ആയുർവ്വേദ വൈദ്യനായിരുന്നു കെടാമംഗലത്ത് മാമൻകുട്ടി ആശാൻ. അവരാച്ചൻ വൈദ്യർ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. കടക്കര കൊച്ചുണ്ണി വൈദ്യർ, ഏഴിക്കര വേലപ്പൻ വൈദ്യൻ, പി. ജി. ഗംഗാധരൻ വൈദ്യൻ, തുടങ്ങിയവരും പഞ്ചായത്തിൽ സേവനം നടത്തിയിട്ടുള്ളവരാണ്.

കേരളത്തിന്റെ സ്വതന്ത്രാന്തരീക്ഷത്തിൽ വികസിച്ചുവന്ന കഥകളി, ഓട്ടംതുള്ളൽ, മോഹിനിയാട്ടം തുടങ്ങിയ കലാരൂപങ്ങളും ഇവിടെയും തൻമയത്വമായി അവതരിപ്പിച്ചിരുന്ന ആചാര്യൻമാരായ ഉണ്ണിപ്പിള്ള ആശാനും, ഗുരുഗോപാലപ്പണിക്കരും കഥകളിക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചവരാണ്. കഥകളി സംഗീതത്തിൽ അതികായനായിരുന്നു ഗോപാലപിള്ള ആശാൻ. അന്നത്തെ കഥകളി കളരിയിൽ കച്ചകെട്ടിയിരുന്ന ശിവരാമൻ എന്ന ബാലനാണ് കേരള കലാമണ്ഡലത്തിലൂടെ വളർന്ന് ലോകപ്രശസ്ത നർത്തകനായിത്തീർന്ന് ആനന്ദശിവരാം. വിദഗ്ദ ഓട്ടംതുള്ളൽ കലാകാരനായിരുന്നു വാക്കയിൽ ഗോപാലപിള്ള. മുസ്ലീം വിവാഹത്തിനു ഒപ്പനകളിയും ഇവിടെ ഉണ്ടായിരുന്നു.

പഴയ കാലത്ത് നാടകാഭിനയവും ഇവിടെ പതിവായി ഉണ്ടായിരുന്നു. സദാരാമ നാടകവും കാറൽമാൻ തുടങ്ങിയ ചവിട്ടുനാടകങ്ങളും അരങ്ങേറിയിട്ടുണ്ട്. സംസ്കൃത പണ്ഡിതനായിരുന്ന ശൗരിയാശാൻ ഒരു നടനായിരുന്നു. പിൽക്കാലത്തു പ്രസിദ്ധരായിത്തീർന്ന സിനിമാനടൻ മാത്തപ്പനാശാനും പ്രസിദ്ധ സംഗീതജ്ഞനായിരുന്ന പരമുദാസ് ഭാഗവതരും, ശേഖരനാശാനും അന്നത്തെ ബാലപ്പാട്ടുകാരായിരുന്നു. പിന്നീട് സാമൂഹ്യ സംഗീത നാടകാവതരണവും ഉണ്ടായിട്ടുണ്ട്. അഭിനയപാടവം തെളിയിച്ച ധാരാളം നടൻമാർ ഇവിടെ ഉണ്ടായിരുന്നു. കാലാസമിതികളുടെ രൂപീകരണത്തോടെ നാടകരംഗം കൂടുതൽ സജീവമായിത്തീർന്നു. കടക്കര കൈരളി പ്രഭാത് ആർട്ട്സ് ക്ളബ്ബ് നിലവാരമുള്ള കലാപ്രവർത്തനമാണ് കാഴ്ച വച്ചിട്ടുള്ളത്. യുവകലാകാരൻമാരെ വളർത്തുന്നതിനു ശ്രമകരമായ പങ്കു വഹിച്ചിട്ടുണ്ട്. അഭിനയ ചാതുരി തെളിയിച്ച കടക്കര പ്രകാശനും എൻ. കെ. സുതനും ഈ സമിതിയിലെ അംഗങ്ങളായിരുന്നു. ഈ കലാ സമിതി ഇന്നു പ്രവർത്തിക്കുന്നില്ല. ഏഴിക്കര കലാക്ഷേത്ര നല്ലൊരു സമിതിയായിരുന്നു. കലാധാര എന്ന കൈയെഴുത്തു മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഈ കലാസമിതിയും അകാലത്തിൽ പൊലിഞ്ഞു. നാടകാഭിനയത്തിൽ താൽപര്യം ഇന്നത്തെ തലമുറയ്ക്ക് കുറഞ്ഞു വരുന്നു. ടി. വി. യും സിനിമയുമാണ് പ്രധാന കാരണം.

കഥാപ്രസംഗം ജനകീയ കലാരൂപമാക്കി മാറ്റുന്നതിന് അക്ഷീണ പരിശ്രമം നടത്തിയ അനുഗ്രഹീത കലാകാരനാണ് കെടാമംഗലം സദാനന്ദൻ, അതിൽ അദ്ദേഹം വിജയം വരിച്ചു. പല പുരസ്ക്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. നാടക നടനായിട്ടാണ് രംഗപ്രവേശം, സമാഗമം, സന്ദേശം തുടങ്ങിയവ സുപ്രസിദ്ധ നാടകങ്ങളാണ്. നാടകമെഴുത്തും ഗാനരചനയും നടത്തിയിരുന്ന അദ്ദേഹം സിനിമയിലും അഭിനയിച്ചിട്ടുണ്ട്.

പഴയകാലത്ത് ആയോധനമുറകളും അഭ്യസിപ്പിച്ചിരുന്ന കേന്ദ്രങ്ങളായിരുന്നു. പുഴവൂർ കളരി, കോറുവോടത്തു കളരി, തറമയിൽ കളരി എന്നിവ ഇന്നും ഈ സ്ഥലങ്ങളെ കളരി ചേർത്ത് വിളിച്ചുവരുന്നു.

കാളികുളങ്ങരക്ഷേത്രത്തിൽ ശ്രീനാരായണ ഗുരുദേവൻ വിശ്രമിച്ചിട്ടുണ്ട്. സാമൂഹ്യ പരിഷ്കർത്താവായ അയ്യൻകാളിയും നമ്മുടെ പഞ്ചായത്തിൽ എത്തിയിരുന്നു.

ചരിത്രത്തിന്റെ നുറുങ്ങുകളും ലഭിച്ചിടത്തോളം കൂട്ടിച്ചേർക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. വിട്ടുപോയവ ഇനിയും കണ്ടേക്കാം.